# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ




നവംബർ 2021

# നിത്യതയുടെ
# അഞ്ചാം വാർഷികം





SERVE IN LOVE

## അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി

ജനനം : 20-02-1930
പൗരോഹിത്യം : 01-06-1956
മെത്രാഭിഷേകം : 26-02-1987
മരണം : 22-11-2016



# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLV No. 11 നവംബർ 2021

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No. 11 നവംബർ 2021


| | | |
|---|---|---|
| സർക്കുലർ | - | 3 |
| സീറോ മലബാർ സഭയുടെ കുർബാന തക്സയിൽ വരുത്തിയ മാറ്റങ്ങൾ : വിശദീകരണക്കുറിപ്പ് | - | 8 |
| സർക്കുലർ | - | 30 |
| സർക്കുലർ | - | 36 |
| സർക്കുലർ | - | 38 |
| മനസമ്മതം, വിവാഹപരസ്യം ചെയ്യൽ ഇവ സംബന്ധിച്ചുള്ള സർക്കുലർ | - | 40 |
| കച്ചേരിക്കാര്യം | - | 43 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 45 |
| അജപാലനോത്തേജനവിഭാഗം | - | 46 |
| വിശ്വാസജീവിതപരിശീലനരംഗം | - | 48 |
| ചെറുപുഷ്പ മിഷൻലീഗ് | - | 55 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 61 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 63 |
| കുടുംബപ്രേഷിതത്വം | - | 65 |
| പിതൃവേദി | - | 67 |
| മാതൃവേദി | - | 68 |
| കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം | - | 74 |
| മേരി മാതാ മൈനർ സെമിനാരി | - | 76 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 77 |
| സന്യസ്തർ | - | 80 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 86 |
| കത്തോലിക്കാകോൺഗ്രസ് | - | 90 |
| കെ.സി.എസ്.എൽ. | - | 95 |
| ഡി.സി.എം.എസ്. | - | 97 |
| ഫ്രാൻസിസ്കൻ അല്മായസഭ | - | 98 |
| വിൻസെൻഷ്യൻ വേദി | - | 100 |
| വിമല പബ്ലിക്കേഷൻസ് | - | 102 |
| Special Care Homes & Charitable institution | - | 104 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 106 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 108 |
| രൂപതാവാർത്തകൾ | - | 112 |
| Bishop's Engagements | - | 116 |

No: CL/No.04/2021

# സർക്കുലർ

ഈശോയിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്ത രേ, സഹോദരീസഹോദരന്മാരേ,

നവീകരിച്ച കുർബാനക്രമവും ഏകീകൃത കുർബാനയർപ്പ ണരീതിയും ആരാധനാവത്സരം ആരംഭിക്കുന്ന 2021 നവംബർ 28-ന് നിലവിൽ വരികയാണല്ലോ. നമ്മുടെ രൂപതയിൽ നാം പിന്തുടർന്നുപോരുന്ന രീതിയിൽ വലിയ വ്യത്യാസം ഇതുമൂലം ഉണ്ടാകുന്നില്ല എന്നു പറയാം. 1599-ലെ ഉദയംപേരൂർ സൂനഹ ദോസ് നമ്മുടെ പൗരസ്ത്യസുറിയാനി കുർബാനയർപ്പണത്തിൽ കാതലായ മാറ്റങ്ങൾ വരുത്തിയശേഷം പലപ്രാവശ്യം അത് നവീ കരണത്തിനും ഭേദഗതികൾക്കും വിധേയമായിട്ടുണ്ട്. സീറോ-മ ലബാർ സഭയിൽ എല്ലായിടത്തും ഏകീകൃതമായ കുർബാനയർപ്പ ണരീതി നടപ്പിലാക്കുന്നതിനു പിന്നിൽ പരിശുദ്ധ സിംഹാസന ത്തിന്റെ നിരന്തര ശ്രദ്ധയും നമ്മുടെ സഭയിലെ അഭിവന്ദ്യ പിതാ ക്കന്മാരുടേയും ദൈവജനം മുഴുവന്റെയും ദീർഘകാലത്തെ ആഗ്ര ഹവും പ്രാർത്ഥനയും പരിശ്രമവുമുണ്ട്.

മംഗലവാർത്ത ഒന്നാം ഞായർ മുതൽ പരിഷ്ക്കരിച്ച തക്സാ ഉപയോഗിച്ചാണ് എല്ലായിടത്തും പരിശുദ്ധ കുർബാന അർപ്പിക്കേണ്ടത്. കുർബാനയുടെ ആരംഭം മുതൽ മദ്ബഹാ പ്രവേശനപ്രാർത്ഥനവരെയുള്ള ആദ്യഭാഗം ജനാഭിമുഖമായും കൂദാശക്രമം അഥവാ അനാഫൊറ എന്നറിയപ്പെടുന്ന കൃതജ്ഞ താസ്തോത്രപ്രാർത്ഥനയുടെ ആരംഭം മുതൽ വിശുദ്ധ കുർബാന സ്വീകരണം വരെ ബലിപീഠത്തിന് അഭിമുഖമായും ശേഷമുള്ള ഭാഗം ജനാഭിമുഖമായും നിന്നുകൊണ്ടാണ് കാർമ്മികൻ കുർബാന അർപ്പിക്കുന്നത്.

പൗരസ്ത്യ സഭകളിൽ പൊതുവെ വി. കുർബാന മുഴു

വൻ സമയവും മദ്ബഹ അഭിമുഖമായാണ് അർപ്പിക്കുന്നത് എന്ന കാര്യം നമുക്കെല്ലാം അറിയാം. നമ്മുടെ സഭയിൽ 1968 വരെ അങ്ങനെയാണ് എല്ലായിടത്തും ചെയ്തിരുന്നതും. എന്നാൽ ജനാഭിമുഖമായി കുർബാന അർപ്പിക്കുന്ന രീതി നമ്മുടെ സഭയിൽ ചില ഇടങ്ങളിൽ നിലവിൽ ഉള്ളതിനാൽ കുർബാന അർപ്പണത്തിന് ഒരു ഐക്യരൂപം ഉണ്ടാകുന്നതിനാണ് സീറോ മലബാർ സഭാ സിനഡ് 1999-ൽ ഇങ്ങനെയൊരു തീരുമാനം എടുത്തത്.

മൗലികമായ ഐക്യമുള്ള രണ്ടു ഭാഗങ്ങൾ ചേർന്നതാണല്ലോ നമ്മുടെ കുർബാനയാഘോഷം. ഒന്നാമത്തേത് തിരുവചനവായനയും വചനപ്രഘോഷണവും കാറോസൂസായും ഉൾപ്പെടുന്ന വചനശുശ്രൂഷ. രണ്ടാമത്തേത് കൂദാശക്രമം അഥവാ അനാഫൊറ, ദിവ്യകാരുണ്യസ്വീകരണം എന്നിവ ഉൾപ്പെടുന്ന സ്തോത്രയാഗശുശ്രൂഷ.

ആദ്യഭാഗത്തിന്റെ അനുഷ്ഠാനം ബേമ്മയിലാണ്. രണ്ടാം ഭാഗമാകട്ടെ വിശുദ്ധ മദ്ബഹായിൽ ബലിപീഠത്തിലും. റാസക്രമത്തിന്റെ ഒന്നാം ഭാഗത്ത് കാർമ്മികനും ശുശ്രൂഷികളും മദ്ബഹായിലേയ്ക്കും വിവിധ കർമ്മസ്ഥാനങ്ങളിലേയ്ക്കും കയറുകയും ഇറങ്ങുകയും ചെയ്യുന്നുണ്ട്. എന്നാൽ, വിശ്വാസപ്രമാണം ചൊല്ലിക്കൊണ്ട് കാർമ്മികൻ മദ്ബഹായിലേയ്ക്ക് പ്രവേശിച്ച്, സഹകാർമ്മികരോടും സമൂഹം മുഴുവനോടും തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ച്, കൂദാശാകർമ്മം തുടങ്ങിയാൽ അത് പൂർത്തിയാക്കി വിശുദ്ധ കുർബാന വിശ്വാസികൾക്ക് കൊടുക്കുന്നതുവരെ അദ്ദേഹം അവിടെനിന്ന് മാറുന്നില്ല.

ഒന്നാംഭാഗത്ത് ഗീതങ്ങളാണ് കൂടുതൽ. രണ്ടാം ഭാഗത്താകട്ടെ ആലപിക്കേണ്ടവ ചുരുക്കവും. ആദ്യഭാഗത്ത് സഹകാർമ്മികർ സ്ലോസകൾ മാറിമാറി ചൊല്ലുന്നു. രണ്ടാം ഭാഗത്താകട്ടെ

മുഖ്യകാർമ്മികനാണ് പുരോഹിതപ്രാർത്ഥനകൾ എല്ലാം ചൊല്ലുന്നത്. ബലിയർപ്പകനായ മിശിഹായെ പ്രതിനിധീകരിച്ച്, മിശിഹായുടെ നാമത്തിൽ കൂദാശാകർമ്മം അനുഷ്ഠിക്കുന്നത് അദ്ദേഹമാണ്. മറ്റുള്ളവർ സഹകാർമ്മികരും ശുശ്രൂഷികളും മാത്രം.

ആദ്യഭാഗത്ത് വേദപുസ്തകത്തിനാണ് പ്രാധാന്യം. ആദരവോടെ അത് ഉപയോഗിക്കുന്നതാണ് ആദ്യഭാഗത്തെ മുഖ്യകർമ്മം. ബഹുമാനപൂർവ്വം അത് ചുംബിക്കുന്നു; ജ്വലിക്കുന്ന തിരികളുടെ മദ്ധ്യേ ആഘോഷപൂർവ്വം അത് ധൂപത്തിന്റെ അകമ്പടിയോടെ പ്രദക്ഷിണമായി സംവഹിക്കപ്പെടുന്നു; അതിൽനിന്ന് വായിക്കുന്നു; അതിനെ ആസ്പദമാക്കി സന്ദേശം നൽകുന്നു. എന്നാൽ രണ്ടാം ഭാഗത്ത് അപ്പവും വീഞ്ഞുമാണ് കർമ്മസാധനങ്ങൾ. കാർമ്മികൻ അത് ഒരുക്കുന്നു; ആഘോഷമായി ബലിപീഠത്തിൽ പ്രതിഷ്ഠിക്കുന്നു. അത് കൂദാശ ചെയ്യുന്നു; മുറിക്കുന്നു; അതിൽനിന്ന് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നു.

സംബന്ധിക്കുന്നവരുടെ അദ്ധ്യയനം ലക്ഷ്യമാക്കുന്നതിനാൽ ആദ്യഭാഗത്തെ അദ്ധ്യയനകുർബാനയെന്നും നമ്മുടെ കർത്താവിന്റെ പെസഹാ അത്താഴക്രമത്തിൽ നിർവ്വഹിക്കപ്പെടുന്നതിനാൽ രണ്ടാം ഭാഗത്തെ അത്താഴക്കുർബാനയെന്നും വിളിക്കാറുണ്ട്. സഭാപ്രവേശനം ആഗ്രഹിക്കുന്ന അക്രൈസ്തവരേയും ആദ്യഭാഗത്ത് പങ്കെടുപ്പിച്ചിരുന്നതിനാൽ അതിന് സ്നാനാർത്ഥികളുടെ കുർബാനയെന്നും അത്താഴക്രമം വിശ്വാസികൾ മാത്രം ഒന്നിച്ച് രഹസ്യത്തിൽ അനുഷ്ഠിച്ചിരുന്നതിനാൽ രണ്ടാം ഭാഗം വിശ്വാസികളുടെ കുർബാനയെന്നും വിളിക്കപ്പെട്ടിരുന്നു.

പ്രകൃതികൊണ്ടും കർമ്മക്രമംകൊണ്ടും വ്യത്യസ്തമാണെങ്കിലും വചനശുശ്രൂഷയും പരിശുദ്ധകുർബാനശുശ്രൂഷയും ആരാ

ധനയുടെ ഒറ്റപ്രവൃത്തിതന്നെയായി പരസ്പരം ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു (SC 56). അതുകൊണ്ടു തന്നെ വചനശുശ്രൂഷാഭാഗം തീർന്നാലും ബേമ്മായിൽ കത്തിനില്ക്കുന്ന തിരികൾ കുർബാനയുടെ അവസാനം വരെ അവിടെ നില നിർത്തുന്നത് അഭികാമ്യമാണ്.

ഈശോയുടെ മനുഷ്യാവതാരവും പരസ്യജീവിതവും അനുസ്മരിക്കുന്ന വചനശുശ്രൂഷാവേളയിൽ കാർമ്മികൻ ജനങ്ങൾക്കൊപ്പം ഇറങ്ങിവന്ന് ജനാഭിമുഖമായി നില്ക്കുന്നു. രണ്ടാം ഭാഗത്ത് സ്വർഗ്ഗീയതീർത്ഥാടനം നടത്തുന്ന ദൈവജനത്തിനൊപ്പം ഒരേ ദിശയിൽ ബലിപീഠത്തിന് അഭിമുഖമായി നിന്നുകൊണ്ട് അദ്ദേഹം മിശിഹായുടെ ബലിയർപ്പിക്കുന്നു.

കുർബാനക്രമത്തെ സംബന്ധിച്ച നിർദ്ദേശങ്ങളുടെ കാര്യത്തിൽ നാം ഇപ്പോൾ ചെയ്യുന്ന രീതി തുടരുന്നതാണ്. “അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി” മൂന്നുപ്രാവശ്യം ചൊല്ലിക്കൊണ്ടാണല്ലോ നാം വിശുദ്ധ കുർബാന ആരംഭിക്കുന്നത്. കർത്തൃപ്രാർത്ഥന അതിന്റെ ആരംഭത്തിലും അവസാനത്തിലും കാനോനായോടുകൂടി ചൊല്ലുന്നു. സാധാരണ കുർബാനയിലും നാം വിശ്വാസപ്രമാണം ഉപേക്ഷിക്കാറില്ല. വിശുദ്ധ കുർബാനയുടെ സമയത്ത് സമൂഹം നില്ക്കുകയും ഇരിക്കുകയും മുട്ടുകുത്തുകയും ചെയ്യുന്നത് നിലവിലുള്ളപ്രകാരം തുടരുന്നതാണ്.

കുർബാന തക്സായിൽ വരുത്തിയിട്ടുള്ള ചില ചെറിയ മാറ്റങ്ങൾ അർത്ഥസമ്പൂർണ്ണതയ്ക്കും മൂലരൂപത്തോടുള്ള വിശ്വസ്തതയ്ക്കും, കൃത്യതയ്ക്കും ദൈവശാസ്ത്രപരവും ഭാഷാപരവുമായ മേന്മയ്ക്കും ഉപകരിച്ചിട്ടുണ്ട് എന്നത് സന്തോഷകരമാണ്. നവീകരിച്ച കുർബാനക്രമം നിലവിൽവരുന്ന പശ്ചാത്തലത്തിൽ, അതിലെ മാറ്റങ്ങളെക്കുറിച്ചും വിശുദ്ധ കുർബാനയുടെ ദൈവശാസ്ത്രം, അതിന്റെ അർപ്പണരീതി, സജീവഭാഗഭാഗിത്വം എന്നിവയെക്കുറിച്ചും കൂടുതൽ മനസ്സിലാക്കുന്നതിന് അടുത്ത

ഒരുവർഷം നാം പ്രത്യേകം പരിശ്രമിക്കുകയാണ്. രൂപതയിലെ മതബോധന-യുവജന ക്ഷേമ- കുടുംബപ്രേഷിതത്വ വിഭാഗങ്ങളുടെ സഹകരണത്തോടെ രൂപതാ ലിറ്റർജിക്കൽ ഡിപ്പാർട്ട്മെന്റ് ആരാധനക്രമപരിശീലനപദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് വിശദമായി യഥാസമയം അറിയിക്കുന്നതാണ്.

നമ്മുടെ ആരാധനക്രമത്തിൽ വിശുദ്ധ കുർബാനയ്ക്ക് ഒരു ഗണം വേദപുസ്തകവായനകൾ മാത്രമാണ് ഉണ്ടായിരുന്നത്. ഈ മംഗളവാർത്തക്കാലം മുതൽ ഉപയോഗിക്കുവാൻ നിലവിലുള്ളതിന് പുറമേ വായനകളുടെ രണ്ടാം ഗണവും തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാംഗണത്തിന് പ്രഘോഷണഗ്രന്ഥങ്ങൾ തയ്യാറായിട്ടില്ലാത്തതുകൊണ്ട് വായനകൾ വി. ഗ്രന്ഥത്തിൽനിന്നു കണ്ടെത്തി വായിക്കേണ്ടതാണ്. രണ്ടാംഗണവായനകളിലൂടെ കൂടുതൽ വി. ഗ്രന്ഥഭാഗങ്ങൾ നമ്മുടെ ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി സഭ നൽകുകയാണ്.

നവംബർ 28-ാം തീയതി ഞായറാഴ്ച ഞാൻ കത്തീഡ്രൽ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് പുതിയ ക്രമത്തിന് ഔദ്യോഗികമായി തുടക്കം കുറിക്കുന്നതാണ്. നവീകരിക്കപ്പെട്ട കുർബാനക്രമവും പുതിയ ഗണം വേദപുസ്തകവായനകളും നമ്മുടെ ആരാധനക്രമജീവിതത്തെ കൂടുതൽ ധന്യമാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതാമെത്രാൻ

കാഞ്ഞിരപ്പള്ളി
31-10-2021

NB : ഈ സർക്കുലർ 2021 നവംബർ 14-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

# സീറോ മലബാർ സഭയുടെ കുർബാന തക്സയിൽ വരുത്തിയ മാറ്റങ്ങൾ : വിശദീകരണക്കുറിപ്പ്

നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ വിശ്വാസ പൈതൃകത്തിലും പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലുമുള്ള താണ് സീറോമലബാർസഭയുടെ കുർബാന. നിലവിലുണ്ടായിരുന്ന നമ്മുടെ കുർബാനക്രമത്തിൽ 1599-ലെ ഉദയംപേരൂർ സൂനഹദോസ് സാരമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. അതിനുശേഷവും കാലാകാലങ്ങളിൽ ആവശ്യകമായ മാറ്റങ്ങൾ കുർബാനതക്സയിൽ വരുത്തിയിട്ടുണ്ട്. 1962-ൽ പുനരുദ്ധരിച്ചു മലയാളത്തിൽ പ്രസിദ്ധീകരിച്ച കുർബാനക്രമം 1968-ൽ ഏതാനും ഭേദഗതികളോടെ നവീകരിക്കുകയും പരീക്ഷണാർഥം ഉപയോഗിക്കാൻ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിൽ നിന്ന് അനുവാദം ലഭിക്കുകയും ചെയ്തു. നമ്മുടെ തക്സയിൽ വേണ്ട മാറ്റങ്ങൾ വരുത്തി കുർബാനക്രമം പ്രസിദ്ധീകരിക്കാൻ 1980-ൽ പൗരസ്ത്യതിരുസംഘം ആവശ്യപ്പെട്ടു. അതിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തിയ തക്സയ്ക്ക് 1985 ഡിസംബർ 19-ാം തീയതി പൗരസ്ത്യ തിരുസംഘത്തിന്റെ അംഗീകാരംലഭിക്കുകയും 1986 ഫെബ്രുവരി 8-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്ത് അൽഫോൻസാമ്മയെയും ചാവറയച്ചനെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുന്ന കർമങ്ങളോടനുബന്ധിച്ചു റാസകുർബാനയർപ്പിച്ച് ഔദ്യോഗികമായി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ആഘോഷപൂർവകമായ ക്രമത്തിനും സാധാരണക്രമത്തിനും 1989 ഏപ്രിൽ 3-ാം തീയതി പൗരസ്ത്യതിരുസംഘത്തിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി. അഞ്ചു വർഷത്തിനുള്ളിൽ ഈ കുർബാന തക്സയിൽ മാറ്റങ്ങൾ വരുത്തരുതെന്ന് നിർദേശവുമുണ്ടായിരുന്നു.

വിശുദ്ധ കുർബാന ഏകീകൃതരൂപത്തിൽ അർപ്പിക്കാനുള്ള

1999-ലെ സീറോ മലബാർ സിനഡിന്റെ തീരുമാനം ഇപ്രകാരമായിരുന്നു: "വിശുദ്ധകുർബാനയുടെ ആരംഭം മുതൽ അനാഫൊറവരെയുള്ള ഭാഗം ജനാഭിമുഖമായും, അനാഫൊറ മുതൽ വിശുദ്ധകുർബാനസ്വീകരണം ഉൾപ്പെടെയുള്ളഭാഗം അൾത്താരാഭിമുഖമായും, വിശുദ്ധകുർബാന സ്വീകരണത്തിനു ശേഷമുള്ളഭാഗം ജനാഭിമുഖമായും നടത്തേണ്ടതാണ്" (VII Synod, 1420 November, 1999). ഈ തീരുമാനത്തിന് 1999 ഡിസംബർ 17-ാം തീയതി ചില നിർദേശങ്ങളോടുകൂടെ പൗരസ്ത്യ തിരുസംഘത്തിന്റെ അംഗീകാരം ലഭിക്കുകയും ഇത് 2000 ജൂലൈ 3-ാംതീയതി നടപ്പിലാക്കുകയും ചെയ്തു. എല്ലാ രൂപതകളിലും ഈ തീരുമാനം നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് 2009 ആഗസ്റ്റിലെ സിനഡ് ഓർമിപ്പിച്ചു.

ഈശോയുടെ മനുഷ്യാവതാരവും പരസ്യജീവിതവും വചനശുശ്രൂഷാവേളയിൽ അനുസ്മരിക്കുന്നു. അവതരിച്ച വചനമായ മിശിഹാ തന്റെ ശുശ്രൂഷ നിർവഹിച്ചത് ജനങ്ങൾക്കിടയിലാണ് (യോഹ1:14). അതിനാൽ, വചനശുശ്രൂഷാവേളയിൽ കാർമികൻ ജനാഭിമുഖമായി നില്ക്കുന്നത് ദൈവശാസ്ത്രപരമായി അർഥമുള്ളതാണ്.

കൂദാശഭാഗത്തിന്റെ (അനാഫൊറയുടെ) ആരംഭംമുതൽ പരിശുദ്ധകുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗത്തു കാർമികൻ ബലിപീഠത്തിനഭിമുഖമായി നില്ക്കുന്നു. 'അങ്ങേയ്ക്കും ഞങ്ങൾക്കും ലോകംമുഴുവനും വേണ്ടി അങ്ങു സമർപ്പിക്കുന്ന ഈ ബലി...' എന്നും 'അങ്ങയുടെ പൗരോഹിത്യത്തെ മിശിഹാ സ്വർഗരാജ്യത്തിൽ മഹത്ത്വപ്പെടുത്തട്ടെ...' എന്നും പ്രാർഥിക്കുന്നു. ഈ ഭൂമിയിലെ തീർഥാടക സമൂഹത്തെ മിശിഹായൊടൊപ്പം ഒരു സഭാസമൂഹമായി സ്വർഗരാജ്യത്തിലേക്ക് കാർമികൻ നയിക്കുന്നുവെന്ന് ബലിപീഠത്തിനഭിമുഖമായ ബലിയർപ്പണം സൂചിപ്പിക്കുന്നു; ദൈവരാധനയിലൂടെയും

പ്രാർഥനയിലൂടെയും മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനം പ്രതീക്ഷിച്ച് കിഴക്കോട്ടു തിരിഞ്ഞു (മത്താ 24:27, വെളി 22:16) പ്രാർഥിക്കുന്നതിനെയും ഇത് അർഥമാക്കുന്നു. കിഴക്കോട്ട് തിരിയുകയെന്നാൽ കർത്താവിങ്കലേക്ക് തിരിയുക എന്നാണർഥ മാക്കുന്നത്. അതിനാൽ, കാർമികൻ ജനങ്ങൾക്കു വേണ്ടി കുർബാനയർപ്പിക്കുന്നു എന്നു മാത്രമല്ല, കാർമികനും ജനങ്ങളും ഒന്നുചേർന്നു മിശിഹായോടൊപ്പം ഒരു സഭാസമൂഹമായി ദൈവത്തിനു കുർബാനയർപ്പിക്കുന്നു എന്ന അർഥവും ബലിപീഠത്തിനഭിമുഖമായി നില്ക്കുന്നതു ദ്യോതിപ്പിക്കുന്നു.

വിശുദ്ധകുർബാന സ്വീകരണത്തിനു ശേഷമുള്ള ഭാഗം ജനാഭിമുഖമായിനടത്തുന്നു. അർപ്പണഭാഗം കഴിഞ്ഞതു കൊണ്ടാണ് ഈ സമാപനഭാഗം ജനാഭിമുഖമായി നടത്തുന്നത്. ഈശോ സ്വർഗാരോഹണ സമയത്ത് ശിഷ്യന്മാരെ അനുഗ്രഹിച്ചതിനെയും (ലൂക്കാ 24:51) സ്വർഗത്തിൽ പിതാവിന്റെ പക്കൽ ഉപവിഷ്ഠനായി ഇപ്പോഴും സഭയെ അനുഗ്രഹിക്കുന്നതിനെയും സമാപനാശീർവാദം (ഹൂത്താമ്മ) അനുസ്മരിപ്പിക്കുന്നു.

2013 ആഗസ്റ്റ് മാസത്തിലെ സിനഡ് വിശുദ്ധ കുർബാന യുടെ നവീകരണവുമായി മുന്നോട്ടുപോകാൻ ലിറ്റർജി കമ്മീഷനോടു നിർദേശിച്ചു. 2014 ജനുവരിയിലെ സിനഡ് എല്ലാ മെത്രാന്മാരോടും നവീകരണം സംബന്ധിച്ച നിർദേശങ്ങൾ ലിറ്റർജികമ്മീഷനെ അറിയിക്കാൻ ആവശ്യപ്പെട്ടു. രൂപതകളിൽ നിന്നും ലഭിച്ച എല്ലാ നിർദേശങ്ങളും പഠിച്ച്, അവയിൽ പൊതുവായി നിർദേശിക്കപ്പെട്ടിട്ടുള്ളവ കണ്ടെത്തി അവ സിനഡിൽ അവതരിപ്പിക്കാൻ ലിറ്റർജി കമ്മീഷൻ ചെയർമാൻ മാർ തോമസ് ഇലവനാൽ, ലിറ്റർജി കമ്മീഷൻ അംഗങ്ങളായ മാർ പോളി കണ്ണൂക്കാടൻ, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, കൂടാതെ, ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ

ജോർജ് പുന്നക്കോട്ടിൽ, മാർ തോമസ് ചക്യത്ത് എന്നിവരടങ്ങിയ മെത്രാന്മാരുടെ ഒരു സ്പെഷ്യൽ കമ്മറ്റിയെ സിനഡ് തിരഞ്ഞെടുത്തു.

പൊതുവായി കണ്ടെത്തിയ നിർദേശങ്ങൾ ക്രോഡീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തക്സയിൽ ഭേദഗതി വരുത്തേണ്ട ഭാഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ലിറ്റർജി കമ്മീഷൻ ഒരു ഡ്രാഫ്റ്റ് തയ്യാറാക്കുകയും 2015 ആഗസ്റ്റിലെ സിനഡിൽ അത് അവതരിപ്പിക്കുകയും ചെയ്തു.

കുർബാന തക്സയുടെ നവീകരണത്തെ സംബന്ധിച്ച് എല്ലാ രൂപതകളിലെയും വൈദികരുടെ പ്രതിനിധികളും സന്ന്യസ്ത, അല്മായ പ്രതിനിധികളും ദൈവശാസ്ത്ര, ആരാധനക്രമ പണ്ഡിതരും ഉൾക്കൊള്ളുന്ന സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി ചർച്ചചെയ്ത് അഭിപ്രായങ്ങൾ സമർപ്പിക്കുകയുണ്ടായി. 2017 ജനുവരിയിലെ സിനഡ് ആവശ്യപ്പെട്ടതനുസരിച്ച് സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി വീണ്ടും ചർച്ച ചെയ്ത് അഭിപ്രായങ്ങൾ സമാഹരിച്ചു. ഇതിന്റെയെല്ലാം വെളിച്ചത്തിൽ ഒരു ഡ്രാഫ്റ്റ് 2017 ആഗസ്റ്റിലെ സിനഡിൽ അവതരിപ്പിച്ചു. സിനഡിൽ നിന്നു ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ മെത്രാന്മാരുടെ സ്പെഷ്യൽ കമ്മറ്റി, ഡ്രാഫ്റ്റിൽ വേണ്ട മാറ്റങ്ങൾ വരുത്തി. ഇങ്ങനെ നവീകരിച്ച ഡ്രാഫ്റ്റ് 2019 ജനുവരിയിലെ സിനഡിൽ അവതരിപ്പിച്ചു പഠനവിധേയമാക്കി. സിനഡിൽനിന്നു ലഭിച്ച നിർദേശങ്ങൾകൂടി ഉൾപ്പെടുത്തി സ്പെഷ്യൽകമ്മറ്റി ഡ്രാഫ്റ്റിൽ ആവശ്യമായഭേദഗതികൾ വരുത്തി. വീണ്ടും എന്തെങ്കിലും നിർദേശങ്ങളുണ്ടെങ്കിൽ, അവ നല്കാനായി ഈ ഡ്രാഫ്റ്റ് എല്ലാമെത്രാന്മാർക്കും അയച്ചുകൊടുത്തു. ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ മെത്രാന്മാരുടെ സ്പെഷ്യൽ കമ്മറ്റി ആവശ്യമായ തിരുത്തലുകൾ ഡ്രാഫ്റ്റിൽ വരുത്തുകയുണ്ടായി.

ഇതുവരെയുള്ള പഠനങ്ങളുടെയും നിർദേശങ്ങളുടെയും വെളിച്ചത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയ ഡ്രാഫ്റ്റ് 2020 ജനുവരിയിലെ സിനഡിൽ അവതരിപ്പിച്ചു. സിനഡ് ചില ഭേദഗതികളോടെ ഡ്രാഫ്റ്റ് അംഗീകരിക്കുകയും പരിശുദ്ധ സിംഹാസനത്തിൽ നിന്നുള്ള അംഗീകാരത്തിനായി കുർബാന തക്സ അയയ്ക്കാൻ നിർദേശിക്കുകയും ചെയ്തു. വീണ്ടും മെത്രാന്മാരുടെ സ്പെഷ്യൽ കമ്മറ്റി മേജർ ആർച്ചു ബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ കൂടി കുർബാന തക്സ അന്തിമമായി പരിശോധിച്ചു. അതിനുശേഷം, 2020 ജൂലൈ 10-ാം തീയതി പരിശുദ്ധസിംഹാസനത്തിന്റെ അംഗീകാരത്തിനായി കുർബാനതക്സ മേജർ ആർച്ചുബിഷപ്പ് അയച്ചുകൊടുത്തു. ഇതിനു മറുപടിയായി, പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കോൺഗ്രിഗേഷൻ കുർബാനതക്സ അംഗീകരിച്ചു കല്പന പുറപ്പെടുവിച്ചു (Prot. N. 248/2004, June9, 2021). ഏകീകൃതരൂപത്തിൽ കുർബാന അർപ്പിക്കാനുള്ള 1999 -ലെ സിനഡു തീരുമാനവും നവീകരിച്ച കുർബാനക്രമവും താമസംവിനാ നടപ്പിലാക്കണമെന്ന് സീറോ മലബാർ സഭാസമൂഹത്തോട് ആഹ്വാനം ചെയ്തുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ 2021 ജൂലൈ 3-ാം തീയതി മേജർ ആർച്ചു ബിഷപ്പിനു കത്തയച്ചു. നവീകരിച്ച കുർബാനക്രമവും വിശുദ്ധ കുർബാനയുടെ ഏകീകൃതരൂപത്തിലുള്ള അർപ്പണവും 2021 നവംബർ 28 (മംഗളവാർത്തക്കാലം ആരംഭം) മുതൽ നടപ്പിലാക്കാൻ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ നടന്ന XXIX-ാം സിനഡിന്റെ രണ്ടാം സെഷനിൽ തീരുമാനിച്ചു. നവീകരിച്ച കുർബാനക്രമം നടപ്പിലാവുന്നതോടുകൂടി സഭയിൽ കൂടുതൽ ഐക്യവും നന്മയും ഉണ്ടാകും.

**പൊതുനിർദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ**

1. സീറോമലബാർ സഭയിൽ വിശുദ്ധ കുർബാനയർപ്പണക്രമം

ഇപ്രകാരമാണ്: കാർമികൻ കുർബാനയുടെ ആരംഭം മുതൽമദ്ബഹാ പ്രവേശനപ്രാർഥനവരെയുള്ള ഭാഗം ജനാഭിമുഖമായും, കൂദാശക്രമ (അനാഫൊറ) ഭാഗത്തിന്റെ ആരംഭം മുതൽവിശുദ്ധ കുർബാന സ്വീകരണം ഉൾപ്പെടെയുള്ള ഭാഗം ആരാധനാസമൂഹം നില്ക്കുന്ന അതേ ദിശയിൽത്തന്നെ ബലിപീഠത്തിന് അഭിമുഖമായും, വിശുദ്ധ കുർബാന സ്വീകരണത്തിനു ശേഷമുള്ള ഭാഗം ജനാഭിമുഖമായും അർപ്പിക്കുന്നു (പൊതുനിർദേശങ്ങൾ, നമ്പർ 7).

2. ഇതുവരെയുള്ള തക്സയിൽ മാർ അദ്ദായിയുടെയും മാർ മാറിയുടെയും അനാഫൊറ മാത്രമേ ചേർത്തിരുന്നുള്ളു. നവീകരിച്ച തക്സയിൽ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങളും കൂട്ടിച്ചേർത്തിരിക്കുന്നു.

3. അനാഫൊറയ്ക്ക് "കൃതജ്ഞതാ സ്തോത്ര പ്രാർഥന" എന്ന പേരിനു പകരം "കൂദാശക്രമം" എന്ന പേര് നല്കിയിരിക്കുന്നു. മാർ അദ്ദായിയുടെയും മാർ മാറിയുടെയും അനാഫൊറ "ഒന്നാമത്തെ കൂദാശക്രമം" എന്നും മാർ തെയദോറിന്റേത് ''രണ്ടാമത്തെ കൂദാശക്രമം'' എന്നും മാർ നെസ്തോറിയസിന്റേത് ''മൂന്നാമത്തെ കൂദാശക്രമം'' എന്നും ചേർത്തിരിക്കുന്നു.

4. തക്സയിൽ ''വലത്ത്'', ''ഇടത്ത്'' എന്ന പ്രയോഗം പുനർനിർണയിച്ചിരിക്കുന്നു. ബലിപീഠത്തിലേക്ക് നോക്കി നില്ക്കുന്ന ആരാധനാസമൂഹത്തിന്റെ "വലത്ത്", "ഇടത്ത്" എന്ന അർഥത്തിലാണ് ഈ കുർബാനപ്പുസ്തകത്തിലെ (തക്സയിലെ) ക്രമവിധികളിൽ ''വലത്ത്'', ''ഇടത്ത്'' എന്ന പ്രയോഗങ്ങൾ മനസ്സിലാക്കേണ്ടത് (പൊതുനിർദേശങ്ങൾ, നമ്പർ 8).

5. സർവാധിപനാം..., സുവിശേഷപ്രദക്ഷിണം, സ്ഥാപന

വിവരണം, റൂഹാക്ഷണം, തിരുവോസ്തി ഉയർത്തൽ എന്നീ സന്ദർഭങ്ങളിൽ മണിയടിക്കാവുതാണ്. വിഭജനശുശ്രൂഷയ്ക്കു മുമ്പായി കാർമികൻ തിരുവോസ്തി ഉയർത്തുന്നവേളയിൽ ധൂപിക്കുകയും ചെയ്യാവുന്നതാണ് (പൊതുനിർദേശങ്ങൾ, നമ്പർ 19).

6. നിർദിഷ്ട പ്രാർഥനകൾ ചൊല്ലി അപ്പവും വീഞ്ഞും ബേസ്ഗസ്സയിൽഒരുക്കാനും ഒരുക്കിയവ ബലിപീഠത്തിലേക്ക് സംവഹിക്കാനും മ്ശംശാനപ്പട്ടമെങ്കിലും ഉള്ളവർക്കേ അനുവാദമുള്ളൂ. എന്നാൽ, പ്രാർഥനകൾ ചൊല്ലി അപ്പവും വീഞ്ഞും പ്രതിഷ്ഠിക്കുന്നത് ആർച്ചുഡീക്കനോ സഹകാർമികനോ കാർമികനോ ആയിരിക്കണം (പൊതുനിർദേശങ്ങൾ, നമ്പർ 20).

7. കാർമികൻ സമൂഹത്തെ കുരിശടയാളത്തിൽ ആശീർവദിക്കുമ്പോൾ സമൂഹം തങ്ങളുടെമേൽ കുരിശടയാളം വരയ്ക്കുന്നു (പൊതുനിർദേശങ്ങൾ, നമ്പർ 22).

8. ഒന്നാംപ്രണാമജപം (ഗ്ഹാന്ത) കാർമികൻ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പിപ്പിടിച്ചുചൊല്ലുന്നു. മറ്റു ഗ്ഹാന്തകൾ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പിപ്പിടിച്ചുകൊണ്ടോ ഇരുകരങ്ങളും മുകളിലേക്കു തുറന്നുപിടിച്ചുകൊണ്ടോ ചൊല്ലാവുന്നതാണ് (പൊതുനിർദേശങ്ങൾ, നമ്പർ 25).

9. ദിവ്യകാരുണ്യ സ്വീകരണത്തിനു മുമ്പുള്ള "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ..." കാർമികനും സമൂഹത്തിനും കൈകൾ ഉയർത്തി ചൊല്ലാവുന്നതാണ് (പൊതുനിർദേശങ്ങൾ, നമ്പർ 26).

ആഘോഷപൂർവകമായ കുർബാനയ്ക്കും സാധാരണ കുർബാനയ്ക്കുമുള്ള പ്രത്യേക നിർദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ

10. സാധാരണകുർബാനയിൽ കാർമികൻ പ്രാർഥനാഭ്യർത്ഥന ഒരുപ്രാവശ്യം നടത്തിയാലും മതി (പ്രത്യേകനിർദേശങ്ങൾ, നമ്പർ 15).

11. വലത്തുകൈനീട്ടി കമഴ്ത്തിപ്പിടിച്ചുകൊണ്ടു സമാപനപ്രാർഥന (ഹൂത്താമ്മ) ചൊല്ലാവുതാണ്. എന്നാൽ, ജനങ്ങളുടെമേൽ കുരിശടയാളം വരച്ചുകൊണ്ടാണ് സമാപനാശീർവാദം നല്കേണ്ടത് (പ്രത്യേകനിർദേശങ്ങൾ, നമ്പർ 18).

കുർബാനയുടെ പ്രാർഥനകളിൽ വരുത്തിയ പ്രധാന ഭേദഗതികൾ

12. കുർബാനയുടെ പൊതുക്രമഭാഗത്തും പ്രോപ്രിയ ഭാഗത്തും വരുന്ന പ്രാർഥനകളിലും ഗീതങ്ങളിലും കർമക്രമ വിശദീകരണങ്ങളിലും ഭാഷാപരമായ തിരുത്തലുകളും മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. കാർമികനു പ്രാർത്ഥനകൾ ഭക്തിപൂർവകവും അർഥപൂർണവുമായി ചൊല്ലാൻ സഹായിക്കുന്നതിനുവേണ്ടി കുർബാന തക്സയിലെ പൊതുക്രമത്തിലുള്ള എല്ലാ പ്രാർഥനകളും ഒരേ പേജിൽ വരത്തക്കവിധവും, പ്രാർഥനകളുടെ അർഥം വ്യക്തമാകുന്ന രീതിയിലും വരികൾ നിജപ്പെടുത്തിയിരിക്കുന്നു. അതുപോലെതന്നെ, കാർമികൻ കൈവിരിച്ചു പിടിച്ചുകൊണ്ടുചൊല്ലുന്ന പ്രാർഥനകളെല്ലാം ഒരേപേജിൽത്തന്നെ വരത്തക്കവിധത്തിലും ക്രമപ്പെടുത്തിയിരിക്കുന്നു.

13. 'അത്യുന്നതമാം ...' എന്ന ഗീതത്തിന്റെ പ്രത്യുത്തരം 'ഭൂമിയിലെങ്ങും' എന്നത് 'ഭൂമിയിലും' എന്നാക്കി (ഗദ്യരൂപത്തിലുള്ളതു പോലെയാക്കി). എന്നേക്കുമുള്ള ശാന്തിയും സമാധാനവുമാണ് ഇവിടെ ആശംസിക്കുന്നത്. സുറിയാനി ഭാഷയിലും കാലത്തെ സൂചിപ്പിക്കുന്ന പദംതന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്.

14. 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ...' എന്ന പ്രാർഥനയിലെ ഭേദഗതികൾ.

- കാനോനയോടു കൂടി ആരംഭിക്കുന്ന 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർഥനാ രൂപം മാത്രം തക്സയിൽ ചേർത്തിരിക്കുന്നു.
- 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി' എന്നു തുടങ്ങിയുള്ള ഭാഗം ഐച്ഛികമാക്കിയിരിക്കുന്നു.
- 'ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ' എന്നത് 'ഞങ്ങളുടെകടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ' എന്നാക്കിയിരിക്കുന്നു.
- 'ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ' എന്നത് 'ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ' എന്നു മാറ്റിയിട്ടുണ്ട്. 'ഉൾപ്പെടുത്തരുതേ' എന്നുപറയുമ്പോൾ ദൈവമാണ് നമ്മെ 'പ്രലോഭന'ത്തിൽ ഉൾപ്പെടുത്തുന്നത് എന്നു സംശയം ഉണ്ടാകാം. മറിച്ച്, പ്രലോഭനങ്ങൾ ഉണ്ടായാലും അവയിൽ 'വീഴാൻ ഇടയാകരുതേ' എന്നാണ് പ്രാർഥനയിലെ ഈ ഭേദഗതി കൊണ്ടു വിവക്ഷിക്കുന്നത്.

15. തിരുനാളുകൾ പ്രാധാന്യമനുസരിച്ച് മൂന്നു ഗണങ്ങളായി തിരിച്ചിരിക്കുന്നു: കർത്താവിന്റെ (മാറാനായ) തിരുനാളുകൾ, പ്രധാനപ്പെട്ട തിരുനാളുകൾ, സാധാരണതിരുനാളുകൾ.

- കർത്താവിന്റെ തിരുനാളുകളും രക്ഷാചരിത്രത്തിലെ പ്രധാനസംഭവങ്ങൾ അനുസ്മരിക്കുന്ന തിരുനാളുകളും ഒന്നാം ഗണത്തിൽ പെടുത്തിയിരിക്കുന്നു.
- പ്രധാനപ്പെട്ട തിരുനാളുകളെ പരിശുദ്ധകന്യകാമറിയത്തിന്റെ തിരുനാളുകൾ എന്നും ഓർമത്തിരുനാളുകളെന്നും രണ്ടായിതിരിച്ചിരിക്കുന്നു.

- സാധാരണതിരുനാളുകളെ 'പൗരസ്ത്യപാരമ്പര്യമനുസരിച്ചുള്ളവ', 'സാർവത്രികമായവ' എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു.

16. കർത്താവിന്റെ തിരുനാളുകളിലും പ്രധാനതിരുനാളുകളിലും കാർമികൻ ചൊല്ലുന്ന 'ഞങ്ങളുടെ കർത്താവായ ദൈവമേ' എന്നു തുടങ്ങുന്ന പ്രാരംഭപ്രാർഥനയിൽ 'വിശ്വാസം ഏറ്റുപറയുകയും ചെയ്യുന്നവരെ' എന്നുള്ളത് 'ഏറ്റുപറയുകയും ചെയ്യുന്ന ഞങ്ങളെ' എന്നാക്കി മാറ്റി. അതുപോലെതന്നെ, 'ഈ പരിഹാര രഹസ്യങ്ങൾ അവർ വിശുദ്ധിയോടെ പരികർമം ചെയ്യട്ടെ' എന്നത് 'ഈ പരിഹാര രഹസ്യങ്ങൾ ഞങ്ങൾ വിശുദ്ധിയോടെ പരികർമം ചെയ്യട്ടെ' എന്നും 'അവർ അങ്ങേക്കു പുരോഹിതശുശ്രൂഷ ചെയ്യട്ടെ' എന്നത് 'ഞങ്ങൾ അങ്ങേക്കു പുരോഹിതശുശ്രൂഷചെയ്യട്ടെ' എന്നും മാറ്റിയിട്ടുണ്ട്. അപ്രകാരം ഈ പ്രാർഥനയെ കൂടുതൽ വ്യക്തിപരമാക്കിയിരിക്കുന്നു.

17. കുർബാനതക്സയിൽ ഉപയോഗിച്ചിരിക്കുന്ന സങ്കീർത്തനങ്ങൾ പ്ശീത്ത (ബൈബിളിന്റെ സുറിയാനി പരിഭാഷ)യിൽ നിന്നുള്ള സങ്കീർത്തനങ്ങളുടെ സീറോ മലബാർ സിനഡ് അംഗീകരിച്ച മലയാളവിവർത്തനമാണ്. 15-ാം സങ്കീർത്തനത്തിന്റെ രണ്ടു ഗീതരൂപങ്ങൾ കൊടുത്തിട്ടുണ്ട് (1. 'ആരുവസിക്കും നാഥാ, നിൻ...' 2. 'നിൻഗേഹത്തിൽ വാഴുന്നതിനോ...').

18. ഞായറാഴ്ചകൾക്കും സാധാരണതിരുനാളുകൾക്കും വേണ്ടിയുള്ള ഓനീസാ ദ്കങ്കേയ്ക്ക് മുമ്പുള്ള പ്രാർഥനയിൽ 'അങ്ങു സ്നേഹപൂർവ്വം സ്ഥാപിച്ച പവിത്രീകരിക്കുന്ന മദ്ബഹയുടെ മുമ്പിൽ' എന്നത് 'അങ്ങു സ്നേഹപൂർവം സ്ഥാപിച്ചതും പവിത്രീകരിക്കുന്നതുമായ മദ്ബഹയുടെ മുമ്പിൽ' എന്നുമാറ്റിയിരിക്കുന്നു.

19. 'സർവാധിപനാം ...' എന്ന ഗീതത്തിന്റെ സമയത്ത് മദ്ബഹ ധൂപിച്ച ശേഷം ദൈവാലയത്തിന്റെ പ്രധാനകവാടം വരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമായിരിക്കുമെന്ന നിർദേശം കർമവിധിയിൽ കൂട്ടിച്ചേർത്തിരിക്കുന്നു. ദൈവാലയം മുഴുവനെയും സമൂഹത്തെയും ധൂപിക്കുന്നതിനെയാണ് ഇത് അർഥമാക്കുന്നത്.

20. 'സർവാധിപനാം കർത്താവേ, നിന്നെ വണങ്ങി നമിക്കുന്നു' എന്നത് 'സർവാധിപനാം കർത്താവേ, നിൻ സ്തുതി ഞങ്ങൾ പാടുന്നു' എന്ന് പദ്യരൂപത്തിൽ തിരുത്തിയിട്ടുണ്ട്. കാരണം, "വണക്കം" എന്ന പദം വിശുദ്ധർക്കും 'സ്തുതി', 'ആരാധന' എന്നീ പദങ്ങൾ ദൈവത്തിനുമാണ് ഉപയോഗിക്കുന്നത്. കൂടാതെ, ഈ മാറ്റം 'സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു' എന്ന ഗദ്യരൂപത്തോടു കൂടുതൽ വിശ്വസ്തവുമാണ്.

21. 'പരിപാവനനാം ...' എന്ന ഗീതത്തിൽ 'നിൻ കൃപ ഞങ്ങൾക്കേകണമേ' എന്നത് 'കാരുണ്യം നീ ചൊരിയണമേ' എന്നാക്കിയിരിക്കുന്നു. 'പരിശുദ്ധനായ ദൈവമേ...' എന്ന ഗദ്യരൂപത്തിൽ 'ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നത് 'ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നാക്കി. കാരണം, 'റഹ്മേ' എന്ന സുറിയാനിപദം സൂചിപ്പിക്കുന്നത് കർത്താവിന്റെ 'കരുണ'യെയാണ്. 'കൃപ'യെ സൂചിപ്പിക്കുന്ന 'തൈബൂസ' എന്ന പദം ത്രിശുദ്ധകീർത്തനഭാഗത്ത് സുറിയാനി തക്സയിൽ ഉപയോഗിച്ചിട്ടില്ല. അന്ധനായ ബർതിമേയൂസിന്റെ അപേക്ഷയിൽ 'ദാവീദിന്റെപുത്രാ, എന്നിൽ കരുണയുണ്ടാകണമേ' എന്നാണ് സുറിയാനി ബൈബിളിൽ കാണുന്നത് (മർക്കോ 10 : 48).

22. വിശുദ്ധഗ്രന്ഥവായനകൾക്കു മുമ്പ് ശുശ്രൂഷി കാർമികന്റെ ആശീർവാദം യാചിക്കുമ്പോൾ 'ഗുരോ, ആശീർവദിക്കണമേ'

എന്നത് 'കർത്താവേ, ആശീർവദിക്കണമേ' എന്നാക്കിയിരിക്കുന്നു. കാരണം, ഇതാണ് മൂലരൂപത്തോടു കൂടുതൽ വിശ്വസ്തത പുലർത്തുന്നത്. കാർമികൻ കർത്താവിനെ പ്രതിനിധാനം ചെയ്യുന്നു എന്നും കർത്താവിന്റെ ആശീർവാദമാണ് ഇവിടെ യാചിക്കുന്നതെന്നും ഈ ഭേദഗതി കൂടുതൽ വ്യക്തമാക്കുന്നു.

'ദൈവം നിന്നെ അനുഗ്രഹിക്കട്ടെ' എന്ന കാർമികന്റെ ആശീർവാദത്തിലെ 'നിന്നെ' എന്ന പദം ഒഴിവാക്കി 'ദൈവം അനുഗ്രഹിക്കട്ടെ' എന്നാക്കിയിരിക്കുന്നു.

23. 'പ്രകീർത്തനം ആലപിക്കാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ' എന്ന ശുശ്രൂഷിയുടെ ആഹ്വാനം ഐച്ഛികമാക്കിയതിനാൽ ബ്രാക്കറ്റിലാണ് കൊടുത്തിരിക്കുന്നത്. ഇരുന്നശേഷം പ്രകീർത്തനത്തിനായി വീണ്ടും എഴുന്നേല്ക്കുകയും ഉടൻ തന്നെ ലേഖനവായനയുടെ സമയത്തു ഇരിക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനാണ് ഈ ആഹ്വാനം ഐച്ഛികമാക്കിയിരിക്കുന്നത്. 'അംബരമനവരതം ...' എന്ന പ്രകീർത്തനം കാർമികനും ശുശ്രൂഷിയും സമൂഹവും പാടുന്നത്, അഞ്ചു ഖണ്ഡങ്ങൾക്കു പകരം നാലായി കുറച്ചിരിക്കുന്നു.

24. 'സർവജ്ഞനായ ഭരണകർത്താവും ...' എന്ന പ്രാർഥന ഐച്ഛികമാക്കി ബ്രാക്കറ്റിലാണ് ചേർത്തിരിക്കുന്നത്. കാരണം, ഈ പ്രാർഥനയുടെ, 'അങ്ങയുടെ സ്വഭാവത്തിനൊത്തവിധം... എന്നേക്കും' എന്ന ഭാഗം തൊട്ടുമുമ്പുള്ള 'വിശുദ്ധരിൽ സംപ്രീതനായി' എന്ന പ്രാർഥനയുടെ ആവർത്തനമാണ്. 'അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം...' എന്ന പ്രാർഥനയാണ് വിശുദ്ധഗ്രന്ഥ വായനകളോട് കൂടുതൽ ചേർന്നുപോകുന്നത്.

25. റാസയിൽ ഹല്ലേലുയ്യാ ഗീതത്തിന്റെ (സൂമാറ) സ്ഥാനം ലേഖനവായനയ്ക്കു ശേഷം ഉടനെയായിരുന്നു. എന്നാൽ, റാസയുടെ പുതിയ ക്രമത്തിൽ, ഹല്ലേലുയ്യാ ഗീതം പാടുന്നത് സുവിശേഷ വായനയ്ക്കു മുമ്പുള്ള തുർഗാമയെത്തുടർന്നാക്കിയിരിക്കുന്നു. തന്മൂലം, റാസയിൽ സുവിശേഷപ്രദക്ഷിണം ആഘോഷപൂർവകമായി ബേമ്മയിലേക്കു നടത്താൻ സാധിക്കും.

26. കാറോസൂസകളുടെ പൊതുവായ പ്രത്യുത്തരം, 'കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നതിനുപകരം 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നാക്കിയിരിക്കുന്നു. കാരണം, 'റഹ്മേ' എന്ന സുറിയാനി പദം സൂചിപ്പിക്കുന്നത് കർത്താവിന്റെ കരുണയെയാണ്.

27. പിറവിക്കാലത്തെ കാറോസൂസയിൽ 'ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു' എന്നും പള്ളിക്കൂദാശക്കാലത്തെ കാറോസൂസയിൽ 'നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ' എന്നും മരിച്ചവർക്കുവേണ്ടിയുള്ള കാറോസൂസയിൽ 'കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു' എന്നുമുള്ള പ്രത്യുത്തരം നിലനിറുത്തിയിട്ടുണ്ട്. പൊതുക്രമത്തിലെ കാറോസൂസയുടെ രണ്ടാംഭാഗത്തെ പ്രത്യുത്തരവും അതുപോലെ നിലനിറുത്തിയിരിക്കുന്നു.

28. ഓനീസാ ദ്റാസേയുടെ രണ്ടാം ഭാഗത്തെ രണ്ടാം പാദത്തിലെ, "വിജയംവരിച്ച നീതിമാന്മാരുടേയും മകുടം ചൂടിയ രക്തസാക്ഷികളുടെയും സ്മരണയോടുകൂടെ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ഓർമ്മ വിശുദ്ധബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ" എന്നതു, "നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ഓർമ്മയോടുകൂടെ വിജയം വരിച്ച നീതിമാന്മാരുടെയും മകുടം ചൂടിയ രക്തസാക്ഷികളുടെയും സ്മരണ

വിശുദ്ധബലിപീഠത്തിങ്കലുണ്ടാകട്ടെ" എന്നാക്കിയിരിക്കുന്നു. ഈ മാറ്റത്തിലൂടെ തോമാശ്ലീഹായുടെ ഓർമയ്ക്ക് കൂടുതൽ പ്രാധാന്യം കൈവരുന്നതോടൊപ്പം സുറിയാനി മൂലത്തോടു കൂടുതൽ വിശ്വസ്തത പുലർത്താനും സാധിക്കുന്നു.

29. വിശ്വാസപ്രമാണം കഴിഞ്ഞ് ശുശ്രൂഷി ചൊല്ലുന്ന കാറോസൂസ പ്രാർഥനയിൽ "പാത്രിയാർക്കീസുമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാർ" - എന്നത്, - "പാത്രിയാർക്കീസുമാരും മേജർ ആർച്ചു ബിഷപ്പുമാരും മെത്രാപ്പോലീത്തമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാർ" എന്നു തിരുത്തിയിരിക്കുന്നു. മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയുള്ള നമ്മുടെ സഭയിൽ ഈ മാറ്റം കൂടുതൽ പ്രസക്തമാണ്.

30. നമ്മുടെ കുർബാനയിൽമൂന്നു കൂദാശക്രമങ്ങളാണ് (അനാഫൊറ) ഉള്ളത്: ഒന്നാമത്തെ കൂദാശക്രമം (മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമം) ഓശാന ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ പള്ളിക്കൂദാശക്കാലം അവസാനംവരെ ഉപയോഗിക്കുന്നു; രണ്ടാമത്തെ കൂദാശക്രമം (മാർ തെയദോറിന്റെ കൂദാശക്രമം) മംഗളവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിലും മൂന്നാമത്തെ കൂദാശക്രമം (മാർ നെസ്തോറിയസിന്റെ കൂദാശക്രമം) ദനഹാ, വിശുദ്ധ യോഹന്നാൻമാംദാനയുടെ വെള്ളി, ഗ്രീക്ക് മല്പാന്മാരുടെ ഓർമ, മൂന്നുനോമ്പിലെ ബുധൻ, പെസഹാവ്യാഴം എന്നീ അഞ്ച് ദിവസങ്ങളിലും ഉപയോഗിക്കുന്നു. എന്നാൽ, നിർദിഷ്ട ദിവസങ്ങളിൽമാത്രമല്ലമറ്റു ദിവസങ്ങളിലും ഈ മൂന്നു കൂദാശക്രമങ്ങൾ ഉപയോഗിക്കാവുന്നതാണ്.

31. സമാധാനം നല്കുന്നതിനു മുമ്പുള്ള ശുശ്രൂഷിയുടെ ആഹ്വാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. 'നിങ്ങൾ സമാധാനം

ആശംസിക്കുവിൻ' എന്ന ആഹ്വാനം 'നിങ്ങൾ സമാധാനം നല്കുവിൻ' എന്നാക്കിയിരിക്കുന്നു. 'മിശിഹായാണ് നമ്മുടെ സമാധാനം' (എഫേ 2:14) എന്ന് ഏറ്റുപറഞ്ഞുകൊണ്ടു ബലിപീഠത്തിൽ നിന്നു സ്വീകരിച്ച സമാധാനം കാർമികൻ ശുശ്രൂഷിക്കു നല്കുന്നു; 'ആശംസിക്കുക' അല്ല ചെയ്യുന്നത്. ശുശ്രൂഷികളുടെ കരങ്ങളിൽ നിന്ന് സമൂഹത്തിലുള്ളവർ സമാധാനം സ്വീകരിക്കുകയും ഒരാൾ മറ്റൊരാൾക്കു പങ്കുവയ്ക്കുകയും ചെയ്യുന്നു. അങ്ങനെ, കർത്താവിൽ നിന്നു സ്വീകരിച്ച സമാധാനത്തിൽ എല്ലാവരും പങ്കുചേരുന്നു.

32. മൂന്നാം പ്രണാമജപത്തിന്റെ ആരംഭത്തിൽ "കർത്താവായ ദൈവമേ, സ്വർഗീയഗണങ്ങളോടുകൂടെ'' എന്നത് "കർത്താവായ ദൈവമേ, ഈ സ്വർഗീയഗണങ്ങളോടുകൂടെ" എന്നാക്കിയിരിക്കുന്നു. കാരണം, ''പരിശുദ്ധൻ'' എന്ന ഗീതത്തിൽ, സ്വർഗത്തിൽ ദൈവത്തെ മാലാഖമാർ ഒന്നുചേർന്ന് ഉദ്ഘോഷിക്കുതിനെ അനുസ്മരിക്കുന്നു. ഇതേ സ്വർഗീയഗണങ്ങളോടുകൂടെയാണ് ആരാധനസമൂഹമായ ഭൂവാസികൾ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുതെന്ന് "ഈ" എന്ന പദം കൂട്ടിച്ചേർത്തതിലൂടെ അർഥമാക്കുന്നു. മാർ അദ്ദായിയുടേയും മാർ മാറിയുടെയും, മാർ തിയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങളുടെ സുറിയാനി മൂലരൂപത്തിലും ഇങ്ങനെതന്നെയാണ് കാണുന്നത്.

33. നിലവിൽ ഉപയോഗത്തിലിരിക്കുന്ന മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമത്തിലെ മൂന്നാം പ്രണാമ ജപത്തിലുള്ള "അങ്ങയിൽ മറഞ്ഞിരിക്കുന്ന ആത്മജാതനും..." എന്നു തുടങ്ങി ... ''നിയമത്തിനു വിധേയനാവുകയും" എന്നുവരെയുള്ള ഭാഗം മാർ നെസ്തോറിയസിന്റെ

കൂദാശക്രമത്തിൽനിന്നു കൂട്ടിച്ചേർത്തതാണ്. തന്മൂലം, നവീകരിച്ച തക്സയിൽ ഈ ഭാഗം ഒഴിവാക്കിയിരിക്കുന്നു. ഒന്നാമത്തെ കൂദാശക്രമത്തിലെ മൂന്നാം പ്രണാമജപത്തിൽ കർത്താവിന്റെ രക്ഷാകര സംഭവങ്ങൾ ഓരോന്നും എടുത്തു പറയാതെ രക്ഷാകരരഹസ്യങ്ങളുടെ ഫലമായി നമുക്കു ലഭിച്ച അനുഗ്രഹങ്ങളെപ്രതി നന്ദിപറയുകയും പെസഹാരഹസ്യത്തെ മുഴുവനായി അനുസ്മരിക്കുകയും അനുഷ്ഠിക്കുകയുമാണു ചെയ്യുന്നത്. ഇപ്രകാരം, ഒന്നാമത്തെ കൂദാശക്രമത്തിലെ മൂന്നാം പ്രണാമജപത്തിന്റെ തനതാത്മകതയും സവിശേഷതകളും കൂടുതൽ വ്യക്തമാകുന്നു.

34. മൂന്നാം പ്രണാമജപത്തിന്റെ ആദ്യഭാഗത്തുവരുത്തിയ മറ്റുഭേദഗതികൾ:

- ‘അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളോടു കല്പിച്ചതുപോലെ, എളിയവരും ബലഹീനരും ആകുലരുമായ ഈ ദാസർ അവിടുത്തെ നാമത്തിൽ ഒരുമിച്ചു കൂടി ഞങ്ങളുടെ രക്ഷയുടെ സ്മാരകമായ ഈ രഹസ്യം തിരുസന്നിധിയിൽ അർപ്പിക്കുന്നു’ എന്നാക്കിയിരിക്കുന്നു.
- ‘നീ ഞങ്ങളോടു കല്പിച്ചതുപോലെ’ എന്നുള്ളത് ‘അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളോടു കല്പിച്ചതുപോലെ’ എന്നാക്കിയിരിക്കുന്നു. കാരണം, ഈ പ്രാർഥനയും തുടർന്നുള്ള ഭാഗവും പിതാവായ ദൈവത്തെയാണ് അഭിസംബോധന ചെയ്യുന്നത്.
- ‘എളിയവരും ബലഹീനരും ആകുലരുമായ ഈ ദാസർ അവിടുത്തെ നാമത്തിൽ ഒരുമിച്ചുകൂടി ഞങ്ങളുടെ രക്ഷയുടെ സ്മാരകമായ ഈ രഹസ്യം തിരുസന്നിധിയിൽ അർപ്പിക്കുന്നു’ എന്നതിലെ ‘എളിയവരും ബലഹീനരും

ആകുലരുമായ ഈ ദാസർ ഒരുമിച്ചു കൂടി' എന്ന ഭാഗം 1989 -ലെ തക്സയിലെ മൂന്നാം പ്രണാമജപത്തിന്റെ രണ്ടാം ഭാഗത്തുനിന്നും എടുത്തതാണ്.

35. 'പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു' എന്ന സ്ഥാപനവിവരണത്തിലെ ഭാഗം സുറിയാനി മൂലത്തോടു കൂടുതൽ വിശ്വസ്തമാകാനായി 'പുതിയ ഉടമ്പടിയുടെ എന്റെ രക്തമാകുന്നു' എന്നാക്കിയിരിക്കുന്നു.

36. **മധ്യസ്ഥ പ്രാർഥനയിൽ വിവരിക്കുന്ന ഭേദഗതികൾ:**

മദ്ധ്യസ്ഥപ്രാർഥനയുടെ ആരംഭത്തിൽ മാർപാപ്പായ്ക്കുള്ള വിശേഷണം 'പ്രധാനാചാര്യനും സാർവത്രികസഭയുടെ തലവനും ഭരണാധികാരിയുമായ റോമായിലെ' എന്നതു മാറ്റി 'സാർവത്രിക സഭയുടെ പിതാവും തലവനുമായ' എന്നാക്കിയിരിക്കുന്നു.

- മധ്യസ്ഥപ്രാർഥനയിൽ "വേണ്ടിയും" എന്ന പദപ്രയോഗം അത്യാവശ്യമായ ഇടങ്ങളിൽ മാത്രമാക്കി കുറച്ചിരിക്കുന്നു.
- മധ്യസ്ഥപ്രാർഥനയിൽ "പുരോഹിതന്മാർ" എന്നതിനു ശേഷം "മ്ശംശാനമാർ" എന്നതുകൂടി ചേർത്തിരിക്കുന്നു. കാരണം, മെത്രാന്മാർ, പുരോഹിതന്മാർ എന്നിവരോടൊപ്പം മ്ശംശാനമാരും ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കുചേരുന്നവരാണ്.
- സമൂഹബലിയിൽ മധ്യസ്ഥപ്രാർഥനയുടെ അവസാനഭാഗത്ത് '... ഈ ജനത്തിനും അയോഗ്യനായ എനിക്കുംവേണ്ടി ...' എന്നതിനുപകരം '... ഈ ജനത്തിനും അയോഗ്യരായ ഞങ്ങൾക്കും വേണ്ടി ...' എന്നു മാറ്റി ചൊല്ലാവുന്നതാണ് (സമൂഹബലിക്കുള്ള പ്രത്യേക നിർദേശങ്ങൾ, നമ്പർ 7).
- സമൂഹബലിയിൽ കാർമികന്റെ സഹായാഭ്യർഥനയിൽ 'എന്റെ

സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ' എന്നതിനുപകരം 'എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾ വഴി പൂർത്തിയാകാൻ നിങ്ങൾ പ്രാർത്ഥിക്കുവിൻ' എന്നുമാറ്റി ചൊല്ലാവുന്നതാണ്. (സമൂഹബലിക്കുള്ള പ്രത്യേകനിർദേശങ്ങൾ, നമ്പർ6). സമൂഹബലിയിൽ "എനിക്കുവേണ്ടി" എന്ന് പ്രത്യേകം പറയുന്നില്ല. കാരണം, പ്രാർഥന ചോദിക്കുന്നതും സമൂഹം പ്രാർഥിക്കുന്നതും കാർമികനുവേണ്ടി മാത്രമല്ല, സഹകാർമികർക്കുംകൂടി വേണ്ടിയാണ്. എന്നാൽ, മിശിഹായുടെ പ്രതിനിധിയായ കാർമികന്റെ കരങ്ങളിലൂടെയാണ് ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കപ്പെടുന്നത് എന്നതുകൊണ്ട് "ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകാൻ" എന്നാണ് സമൂഹബലിയിലും ചൊല്ലുന്നത്.

37. നാലാംപ്രണാമജപത്തിന്റെ ഏതാനും ഭാഗങ്ങൾ ഐശ്ചികമായി കൊടുത്തിരിക്കുന്നു:

- 'ഈ ഓർമയാചരണത്തിൽ ദൈവമാതാവായ കന്യകാമറിയത്തിന്റെയും അങ്ങയുടെ തിരുസന്നിധിയിൽ സംപ്രീതി കണ്ടെത്തിയ നീതിമാന്മാരും വിശുദ്ധരുമായ പിതാക്കന്മാരുടെയും പാവനസ്മരണ, അങ്ങയുടെ അവർണനീയവും സമൃദ്ധവുമായ കൃപയാൽ സംജാതമാക്കണമേ' എന്ന ഭാഗം ഐച്ഛികമാക്കിയിരിക്കുന്നു. കാരണം, ദൈവമാതാവായ കന്യകാമറിയത്തെയും നീതിമാന്മാരെയും മകുടം ചൂടിയ രക്തസാക്ഷികളെയും ഓനീസാ ദ്റാസേയുടെ വ്യതിയാന വിധേയമല്ലാത്ത രണ്ടാംഭാഗത്ത് അനുസ്മരിച്ചിരുന്നു.
- 'പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ, വേദപാരംഗതന്മാർ, മെത്രാന്മാർ, പുരോഹിതന്മാർ, മ്ശംശാ

നമാർ എന്നിവർക്കും' എന്ന ഭാഗവും ഐച്ഛികമാക്കിയിരിക്കുന്നു. കാരണം, പ്രവാചകന്മാരെയും ശ്ലീഹന്മാരെയും രക്തസാക്ഷികളെയും വന്ദകരെയും മെത്രാന്മാരെയും പുരോഹിതരെയും മ്ശംശാനമാരെയും അനുസ്മരിച്ചുകൊണ്ടുള്ള പ്രാർഥനകൾ കുർബാനയിൽ വിവിധഭാഗങ്ങളിലുണ്ട്.

- 'എളിയവരും ബലഹീനരും ക്ലേശിതരുമായ ഈ ദാസരും അങ്ങു നല്കിയ മാതൃക പരമ്പരാഗതമായി സ്വീകരിച്ച് അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി ഇപ്പോൾ തിരുസന്നിധിയിൽ നില്ക്കുന്നു' എന്നതും ഐച്ഛികമാണ്. കാരണം, ഈ ആശയം ഉൾക്കൊള്ളുന്ന പ്രാർഥന, നവീകരിച്ച തക്സയിൽ, മൂന്നാം പ്രണാമജപത്തിന്റെ ആദ്യഭാഗത്തു കാണാം: ''എളിയവരും ബലഹീനരും ആകുലരുമായ ഈ ദാസർ അവിടുത്തെ നാമത്തിൽ ഒരുമിച്ചുകൂടി ഞങ്ങളുടെ രക്ഷയുടെ സ്മാരകമായ ഈ രഹസ്യം തിരുസന്നിധിയിൽ അർപ്പിക്കുന്നു.'
- നാലാം പ്രണാമജപത്തിലെ 'ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാ വന്ന് ജീവദായകമായ സുവിശേഷം വഴി... എല്ലാമനുഷ്യരും അറിയട്ടെ' എന്നുവരെയുള്ള പ്രാർത്ഥനാഭാഗം 'ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാ വന്ന് ജീവദായകമായ സുവിശേഷംവഴി പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ, വേദപാരംഗതന്മാർ, മെത്രാന്മാർ, പുരോഹിതന്മാർ, മ്ശംശാനമാർ എന്നിവർക്കും വിശുദ്ധ മാമോദീസായുടെ സജീവവും ജീവദായകവുമായ അടയാളത്താൽ മുദ്രിതരും + പരിശുദ്ധ കത്തോലിക്കാസഭയുടെ സന്താനങ്ങളുമായ എല്ലാവർക്കും വേണ്ടിയുള്ള നൈർമല്യവും വിശുദ്ധിയും

ഞങ്ങളെ പഠിപ്പിച്ചെന്നും എല്ലാമനുഷ്യരും അറിയട്ടെ' എന്നാക്കിയിട്ടുണ്ട്.

38. ''നിങ്ങൾ നിശ്ശബ്ദരായി ആദരപൂർവം പ്രാർഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ." എന്ന ശുശ്രൂഷിയുടെ ആഹ്വാനം "കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ" എന്ന പുരോഹിതന്റെ പ്രാർഥനയ്ക്കു മുമ്പാക്കിയിരിക്കുന്നു. സമൂഹം ഈ ആഹ്വാനം ശ്രവിച്ചു കൂടുതൽ ശ്രദ്ധയോടും ഭക്തിയോടുംകൂടെ പങ്കെടുക്കാനും ഭംഗംവരാതെ റൂഹാക്ഷണ പ്രാർഥന ചൊല്ലാനും വേണ്ടിയാണിത്.

39. അനുരഞ്ജനശുശ്രൂഷയിലെ ധൂപാശീർവാദ പ്രാർഥനയ്ക്കു ശേഷം കാർമികൻ ചൊല്ലുന്ന പ്രാർഥനകളുടെ അവസാനഭാഗത്ത് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ശുശ്രൂഷിയുടെമേലുള്ള പ്രാർഥന" ഈ ശുശ്രൂഷിയെ സുഗന്ധപൂരിതനാക്കണമേ" എന്നത് "ഈ ശുശ്രൂഷിയെ വിശുദ്ധിയുടെ പരിമളത്താൽ പൂരിതനാക്കണമേ'' എന്നാക്കിയിരിക്കുന്നു. അതുപോലെ, ജനങ്ങളുടെമേലുള്ള പ്രാർഥനയും 'ഈ ജനത്തെ വിശുദ്ധിയുടെ പരിമളത്താൽ പൂരിതരാക്കണമേ' എന്നാക്കിയിരിക്കുന്നു. ബലിപീഠത്തിന്മേലുള്ള പ്രാർഥനയിൽ 'തിരുശരീരരക്തങ്ങളെ സുഗന്ധപൂരിതമാക്കണമേ' എന്നത് ഒരേ ശൈലിയിലാക്കാൻ 'പരിമള പൂരിതമാക്കണമേ' എന്നും മാറ്റിയിരിക്കുന്നു.

ഈ പ്രാർഥനകൾക്കു പകരം ആഘോഷപൂർവകമായ കുർബാനയിലും സാധാരണ കുർബാനയിലും ചൊല്ലാവുന്ന പ്രാർഥനയിൽ, 'ഞങ്ങളുടെ കടങ്ങളും പാപങ്ങളും മോചിച്ച്' എന്നു കൂടി ചേർത്തിരിക്കുന്നു.

40. കർത്താവിന്റെ തിരുനാളുകളിലും പ്രധാന തിരുനാളുകളിലും ഞായറാഴ്ചകളിലും ചൊല്ലുന്ന സമൂഹത്തിന്റെ കൃതജ്ഞതാ പ്രാർഥനകളുടെ (തെശ്ബൊഹ്ത്ത) ഗീതരൂപങ്ങൾ

പൊതുക്രമത്തിൽ പുതുതായി ചേർത്തിട്ടുണ്ട്. അതുപോലെ, സാധാരണ ദിവസങ്ങൾക്കുള്ള ഗീതം അനുബന്ധം രണ്ടിൽ നിന്നെടുത്ത് പ്രാർഥനയ്ക്കു മുമ്പായി കൊടുത്തിരിക്കുന്നു.

41. കുർബാനയിലെ ഏതാനും ഗീതങ്ങളും പ്രാർഥനകളും സുറിയാനി ഭാഷയിൽത്തന്നെ തക്സയുടെ അനുബന്ധം മൂന്നിൽ കൊടുത്തിരിക്കുന്നു.

42. കുർബാനയുടെ റാസ തക്സയിൽ നവീകരിച്ച പ്രോപ്രിയ ഭാഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. ''സുപ്ലെമെന്തും മിസ് തേരിയോരും'' എന്ന ഗ്രന്ഥത്തിൽ നിന്നുള്ള പ്രാർത്ഥനകളോടൊപ്പം പുതുതായി രൂപപ്പെടുത്തിയ പ്രാരംഭപ്രാർഥന, കാറോസൂസ, കുർബാന സ്വീകരണത്തിനുശേഷമുള്ള കൃതജ്ഞതാപ്രാർഥനകൾ, ഹൂത്താമ്മ എന്നിവയും പ്രോപ്രിയായിൽ ചേർത്തിരിക്കുന്നു.

43. ''സുപ്ലെമെന്തും മിസ്തേരിയോരും'' എന്ന ഗ്രന്ഥത്തിൽ നല്കപ്പെട്ട മർമീസയിൽനിന്ന് അനുയോജ്യമായ സങ്കീർത്തന ഭാഗങ്ങൾ പ്രോപ്രിയായിൽ തിരഞ്ഞെടുത്തിരിക്കുന്നു. മദ്ബഹഗീതം, പ്രകീർത്തനം (ശൂറായ), ഹല്ലേലൂയ്യാഗീതം (സൂമാറ), ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ), ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ), അനുഗീതം (ഓനീസാ ദ്വാത്തേ) എന്നീ ഗീതങ്ങളെല്ലാം "സുപ്ലെമെന്തും മിസ്തേരിയോരും" എന്ന ഉറവിടഗ്രന്ഥത്തോടു വിശ്വസ്തത പുലർത്തുന്നു.

44. "കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിൽ നിന്നും സംരക്ഷിതരുമാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും" എന്നു ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്ന വിധത്തിലാണ് പ്രോപ്രിയായിലെ ഹൂത്താമ്മ

പ്രാർഥനകളെല്ലാം തന്നെ (സ്വർഗാരോഹണത്തിരു നാളിന്റെ ഒഴികെ) കൊടുത്തിരിക്കുന്നത്. “ഹൂത്താമ്മ” എന്ന വാക്കിനർഥം ‘‘മുദ്രവയ്ക്കൽ’’ എന്നാണ്. കാർമികൻ സമൂഹത്തെ കുരിശാകൃതിയിൽ ആശീർവദിച്ചുകൊണ്ട് സ്ലീവായാൽ മുദ്രിതരാക്കുകയും കർത്താവിന്റെ സംരക്ഷണത്തിനു ഭരമേല്പിക്കുകയും ചെയ്യുന്നു.

45. ആരാധനക്രമകാലങ്ങളനുസരിച്ചുള്ള പ്രോപ്രിയ പ്രാർഥനകൾക്കു ശേഷമാണ് (മംഗളവാർത്തകാലം മുതൽ പള്ളിക്കൂദാശവരെ) കർത്താവിന്റെ തിരുനാളുകൾ, പ്രധാന തിരുനാളുകൾ, വിശുദ്ധരുടെ തിരുനാളുകൾ, നമ്മുടെ സഭയിലെ നാലു വിശുദ്ധരുടെ തിരുനാളുകൾ, മൂന്ന്നോമ്പ്, മരിച്ചവരുടെ ഓർമ മുതലായ ദിവസങ്ങളുടെ പ്രാർഥനകൾ യഥാക്രമം തക്സായിൽ ചേർത്തിരിക്കുന്നത്.

ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ
സെക്രട്ടറി

മാർ തോമസ് ഇലവനാൽ
ചെയർമാൻ

ആരാധനക്രമകമ്മീഷൻ
മൗണ്ട്സെന്റ് തോമസ്, കാക്കനാട്
പരിശുദ്ധകന്യകാമറിയത്തിന്റെ ജനനത്തിരുനാൾ 2021

No: CL/No.07/2021

# സർക്കുലർ

ഈശോയിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്ത രേ, സഹോദരീസഹോദരന്മാരേ,

അപ്രതീക്ഷിതമായി കടന്നുവന്ന ഉരുൾപൊട്ടലും ജലപ്ര ളയവും നമ്മുടെ നാട്ടിലെ ഒരു നല്ല വിഭാഗം ജനങ്ങളെ ഭവനര ഹിതരും ജീവനോപാധികൾ നഷ്ടപ്പെട്ട് നിർദ്ധനരുമാക്കിയ കാര്യം നാമെല്ലാം അറിഞ്ഞതാണല്ലോ. മലമുകളിൽനിന്ന് പാഞ്ഞെത്തിയ ഉരുളുകളും കരകവിഞ്ഞൊഴുകിയ പുഴകളും തോടുകളും അവശേഷിപ്പിച്ചത് എല്ലാം നഷ്ടമായ ഒരുപറ്റം മനു ഷ്യരെയാണ്. ദീർഘകാലത്തെ അദ്ധ്വാനഫലമായ വീടുകളും അതിലെ സകല വസ്തുക്കളും കൃഷി ചെയ്തിരുന്ന ഭൂമിയും നിമിഷനേരംകൊണ്ട് കാണാമറയത്തായി. നിരവധി വീടുകൾക്ക് പുനരുദ്ധരിക്കാനാവാത്തവിധം കേടുപാടുകൾ സംഭവിച്ചു. പലതും വാസയോഗ്യമാക്കുവാൻ വലിയ പ്രയത്നവും സാമ്പ ത്തിക ചിലവും ആവശ്യമായി വരും. സുരക്ഷിത മേഖലയിൽ വീടുവയ്ക്കാൻ ഒരുതുണ്ട് ഭൂമിപോലും ഇല്ലാതായവർ നിരവധി യാണ്. ഇനിയെന്ത് എന്ന ചോദ്യവുമായി അശരണരായ അനേകം കുടുംബങ്ങൾ താല്ക്കാലിക ക്യാമ്പുകളിലും ബന്ധുവീടുകളിലും കഴിയുന്നു.

പെരുമഴയെത്തുടർന്ന് റോഡുകൾ മുറിഞ്ഞും മണ്ണിടിഞ്ഞും പാലങ്ങൾ തകർന്നും ഗതാഗതം അസാദ്ധ്യമായി. പലയിടത്തും വൈദ്യുതി വിതരണം നിലച്ചു. വാർത്താവിനിമയ ശൃംഖല തകർന്നു. അതിനാൽതന്നെ ഉരുൾപൊട്ടലും മണ്ണിടിച്ചിലുംമൂലം ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ച മുക്കുളം, വടക്കേ മല, അഴങ്ങാട്, മേലോരം പ്രദേശങ്ങൾ ദിവസങ്ങളോളം ഒറ്റപ്പെ

ട്ടു. അവിടങ്ങളിലെ ജനങ്ങളുടെ ദുരവസ്ഥ മാദ്ധ്യമശ്രദ്ധയിൽ വരാനും പുറംലോകമറിയാനും ഏറെ വൈകി. മുണ്ടക്കയം, ഏന്തയാർ, പാലൂർക്കാവ്, തെക്കേമല, കപ്പാട്, ആനക്കല്ല്, കാഞ്ഞിരപ്പള്ളി, അഞ്ചിലിപ്പ, പഴയിടം, കൊരട്ടി, എരുമേലി, ചെറുവള്ളി, കുരുമ്പൻമൂഴി എയ്ഞ്ചൽവാലി ഉൾപ്പെടെ നമ്മുടെ രൂപതയിലെ 25 ഓളം ഇടവകപ്രദേശങ്ങളിലെ കുടുംബങ്ങളെ പ്രളയം ഗുരുതരമായി ബാധിച്ചു.

**ദുരിതാശ്വാസപ്രവർത്തനങ്ങൾ**

അടിയന്തിര സ്ഥിതിവിശേഷം അറിഞ്ഞപ്പോൾതന്നെ നമ്മുടെ രൂപതയിലെ വിവിധ സ്ഥാപനങ്ങളും ഇടവകകളും സംഘടനകളും കർമ്മനിരതമായി. കുട്ടിക്കാനം - മുണ്ടക്കയം റോഡിൽ കുടുങ്ങിപ്പോയ നൂറുകണക്കിന് യാത്രക്കാർക്ക് താൽക്കാലിക അഭയം നൽകിക്കൊണ്ട് ആരംഭിച്ച ദുരിതാശ്വാസപ്രവർത്തനങ്ങൾ, പള്ളികളിലും പാരീഷ് ഹാളുകളിലും സ്കൂളുകളിലും ക്യാമ്പുകൾ തുറന്നും ദുരിതബാധിതർക്ക് ഭക്ഷണവും ചികിത്സയും അത്യാവശ്യ സൗകര്യങ്ങളും ഒരുക്കിയും മാനസികമായി തകർന്നുപോയവരെ കൗൺസിലിംഗിലൂടെ ആശ്വസിപ്പിച്ചും റോഡുകൾ താല്ക്കാലികമായെങ്കിലും ഗതാഗതയോഗ്യമാക്കിയും ചെളിയും മണ്ണും കയറിയ വീടുകൾ വൃത്തിയാക്കിയും ഇപ്പോഴും തുടരുന്നു. കഴിഞ്ഞ ആഴ്ച മുഴുവൻ പ്രളയബാധിത പ്രദേശങ്ങളിൽ കടന്നുചെന്ന് സ്ഥിതിഗതികൾ നേരിട്ട് മനസ്സിലാക്കുന്നതിന് ഞാനും ശ്രമിക്കുകയായിരുന്നു.

നമ്മുടെ മരിയൻ, അമൽജ്യോതി കോളേജുകൾ, സാമൂഹ്യസേവന വിഭാഗങ്ങളായ എം.ഡി.എസ്., പി.ഡി.എസ്., യുവജനസംഘടനയായ എസ്.എം.വൈ.എം., കത്തോലിക്കാ കോൺഗ്രസ്, പിതൃവേദി, മാതൃവേദി, ജീസസ് യൂത്ത്,

വിൻസെന്റ് ഡി പോൾ സൊസൈറ്റി, മിഷൻലീഗ്, മുണ്ടക്കയം എം.എം.റ്റി. ആശുപത്രി എന്നിവയുടെയെല്ലാം സമയോചിതമായ ഇടപെടലും പ്രവർത്തനങ്ങളും പ്രത്യേകം അഭിനന്ദനാർഹമാണ്. അതിനെല്ലാം നേതൃത്വം നല്കിയവരെ നന്ദിപൂർവം അനുസ്മരിക്കുകയും ചെയ്യുന്നു. ദുരിതബാധിതർക്ക് വിവിധ തരത്തിൽ സഹായമൊരുക്കുവാൻ ബഹു. വൈദികരും സമർപ്പിതരും തീക്ഷ്ണതയോടെ മുന്നോട്ടുവരുകയുണ്ടായി. നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വിവിധ സന്ന്യാസിനി-സന്ന്യാസ സമൂഹങ്ങളുടെ മേലധികാരികൾ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും പുനരധിവാസപ്രവർത്തനങ്ങൾക്ക് അവരുടെ സഹകരണം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ഭൂനിധി (Land Bank)**

സർക്കാർ സംവിധാനങ്ങളോടും പദ്ധതികളോടും ചേർന്ന് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുവാനാണ് നമ്മൾ ആഗ്രഹിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരിൽ നിന്ന് നൽകുന്ന സാമ്പത്തികസഹായങ്ങൾ അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നല്കുന്ന അപേക്ഷകൾക്ക് രസീത് കൈപ്പറ്റുന്നതിനും ശ്രദ്ധിക്കുമല്ലോ. വീടുവയ്ക്കുവാൻ സുരക്ഷിതമായ സ്ഥലം ലഭ്യമാക്കുകയെന്നത് പ്രധാനമായ ഒരു വെല്ലുവിളിയാണ്. രൂപതയുടെയും ഇടവകകളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ അനുയോജ്യമായത് നീക്കിവച്ചും സുമനസ്സുകളുടെ സ്ഥലങ്ങൾ ദാനമായി സ്വീകരിച്ചും പുനരധിവാസ-ഭവനനിർമ്മാണ പദ്ധതിക്കായി ഒരു ഭൂനിധി (Land Bank) രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു.

**മഴവില്ല് പുനരധിവാസ പദ്ധതി**

ഭവനനിർമ്മാണത്തിനും വീടുകളുടെ അറ്റകുറ്റപണി

കൾക്കും ഗൃഹോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അത് ലഭ്യമാക്കുന്നതിനും നാം ഒന്നുചേർന്ന് പ്രവർത്തിക്കേണ്ട സമയമാണിത്. അങ്ങനെയാണല്ലോ അനർത്ഥങ്ങളിൽനിന്ന് നമ്മെ കാത്തുപാലിച്ച ദൈവത്തിന് നന്ദിയർപ്പിക്കേണ്ടതും ദുരിതക്കയത്തിലുള്ള നമ്മുടെ സഹോദരങ്ങളെ കൈപിടിച്ചുയർത്തേണ്ടതും. ഇക്കാര്യങ്ങൾക്കായി Rainbow 2021 അഥവാ മഴവില്ല് എന്ന പേരിൽ ഒരു ഭവനനിർമ്മാണ-പുനരധിവാസപദ്ധതി നാം ആരംഭിക്കുകയാണ്. വീടുവയ്ക്കാൻ സ്ഥലം, സാധനസാമഗ്രികൾ, സാമ്പത്തികസഹായം എന്നിവ സാധിക്കുന്നവിധം നല്കി റെയിൻബോ പദ്ധതിയുമായി സഹകരിക്കുവാൻ നമ്മുടെ രൂപതയിലെ സംഘടനകളെയും സ്ഥാപനങ്ങളെയും ഇടവകകളെയും വിശ്വാസികൾ ഏവരേയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏകോപനസമിതി**

മഴവില്ല് 2021 പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പുനരധിവാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനുമായി ഏറ്റവും ബഹുമാനപ്പെട്ട വികാരി ജനറാൾ ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ കൺവീനറായും രൂപതാ അജപാലനവിഭാഗം ഡയറക്ടർ റവ. ഫാ. സ്റ്റാൻലി പുള്ളോലിക്കൽ കോ-ഓർഡിനേറ്ററായും ഒരു പത്തംഗസമിതി രൂപീകരിക്കുകയാണ്. രൂപതാ പ്രൊക്കുറേറ്റർ വെരി റവ. ഫാ. ഫിലിപ്പ് തടത്തിൽ, രൂപതാ സോഷ്യൽവർക്ക് ഡയറക്ടറും എം.ഡി.എസ്. സെക്രട്ടറിയുമായ റവ. ഫാ. തോമസ് മറ്റമുണ്ടയിൽ, പി.ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിൽസൺ കുന്നത്തുപുരയിടം, പെരുവന്താനം ഫൊറോനാപ്പള്ളി വികാരി വെരി റവ. ഫാ. തോമസ് നല്ലൂർകാലായിൽപറമ്പിൽ, രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ഷെവലിയാർ വി.സി. സെബാസ്റ്റ്യൻ, രൂപതാ ഫിനാൻസ് കൗൺസിൽ സെക്ര

ട്ടറി അഡ്വ. സോണി തോമസ് പുരയിടം, വികെയർ ഡയറക്ടർ റവ. ഫാ. റോയി മാത്യു വടക്കേൽ, എസ്.എം.വൈ.എം. ഡയറക്ടർ റവ. ഫാ. സുനിൽ കൊച്ചുപുരയ്ക്കൽ എന്നിവരാണ് മറ്റംഗങ്ങൾ. ദുരിതാശ്വാസപ്രവർത്തനങ്ങളെ കൃത്യതയോടെ ഏകോപിപ്പിക്കുന്നതിന് ഇടവകതലത്തിൽ ഒരു കോർഡിനേഷൻ ടീം രൂപീകരിച്ച് രൂപതാ കോർഡിനേഷൻ ടീമുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ഉദാരമായി പങ്കുവയ്ക്കാം**

സ്വന്തമെന്നു കരുതിയതെല്ലാം ഒരുനിമിഷംകൊണ്ട് തകർന്നടിഞ്ഞ അനുഭവത്തിലൂടെയാണ് നമ്മുടെ സഹോദരങ്ങളിൽ പലരും കടന്നുപോകുന്നത്. നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണ് എന്ന ബോധ്യത്തോടെ അത്യാവശ്യക്കാർക്ക് ഒരു ചെറിയ വിഹിതമെങ്കിലും നമുക്കു പങ്കുവയ്ക്കാം (cf. ശ്ലീഹന്മാരുടെ നടപടി 4:32-35). ഇക്കാര്യത്തിൽ കുട്ടികൾ മുതൽ മുതിർന്നവർവരെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ മുതൽ കൂടുതൽ ജീവിതസൗകര്യങ്ങൾ അനുഭവിക്കുന്നവർവരെ എല്ലാവരോടും ക്രൈസ്തവസാഹോദര്യഭാവത്തിൽ കഴിയുന്നവിധം പങ്കുവയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു. എല്ലാം നഷ്ടപ്പെട്ട പ്രിയപ്പെട്ടവർക്കായി നമുക്കൊന്നിച്ച് കൈകോർക്കാം. നിങ്ങളുടെ ചെറുതും വലുതുമായ സംഭാവനകൾ ഇടവകവികാരിമാർ വഴി എത്തിച്ചുനൽകാവുന്നതാണ്. ഇതോടൊപ്പം അടിയന്തിരപ്രാധാന്യം പരിഗണിച്ച് നവംബർ 7-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ഇതിനായി നീക്കിവയ്ക്കേണ്ടതാണ്. സംഭാവനകൾ നേരിട്ട് രൂപതാകേന്ദ്രത്തിൽ എത്തിക്കുവാൻ ആഗ്രഹിക്കുന്നവർ (വ്യക്തികൾ/സംഘടനകൾ) ബഹു. സ്റ്റാൻലി പുള്ളോലിക്കൽ അച്ചനോട് ബന്ധപ്പെടുവാൻ അറിയിക്കുന്നു.

വിഭവസമാഹരണത്തിന്റെ മറ്റു വിശദാംശങ്ങൾ രൂപതാ ബുള്ളറ്റിനിലൂടെയും ദർശകനിലൂടെയും സാമൂഹ്യമാധ്യമങ്ങളിലൂടെയും നിങ്ങളെ അറിയിക്കുന്നതാണ്. ഔദ്യോഗികമായി രൂപതാ, ഇടവക സംവിധാനങ്ങളിലൂടെ മാത്രമായിരിക്കും സംഭാവനകൾ സ്വീകരിക്കുന്നത് എന്നകാര്യം ഓർക്കുകയും ജാഗ്രത പുലർത്തുകയും ചെയ്യുമല്ലോ. ഇതിന്റെ വരവു ചിലവു കണക്കുകൾ ഏറ്റം സുതാര്യമായി കൈകാര്യം ചെയ്യുമെന്ന് ഉറപ്പുവരുത്തുന്നതുമാണ്.

പഴയനിയമത്തിലെ നോഹിന്റെ ചരിത്രത്തിൽ മഴവില്ല് പ്രത്യാശയുടെയും പുനഃസൃഷ്ടിയുടെയും അടയാളമാണ് (ഉല്പ. 9:8-17). എല്ലാം നഷ്ടപ്പെട്ട നിസ്സഹായതയിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളുടെ മനസ്സിൽ അതിജീവനത്തിന്റെയും ശുഭാപ്തിവിശ്വാസത്തിന്റെയും മാരിവില്ല് വിരിയാൻ നമ്മുടെ കൂട്ടായ പ്രവർത്തനങ്ങൾ ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

മാർ ജോസ് പുളിക്കൽ

കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി

22-10-2021

NB : ഈ സർക്കുലർ 2021 ഒക്ടോബർ 31-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

No: CL/No.06/2021

# സർക്കുലർ

ഈശോയിൽ പ്രിയ വൈദികരേ, സന്യസ്തരേ,
സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ദിവസങ്ങളിലെ തീവ്രമഴയും ഉരുൾപൊട്ടലും മൂലമുണ്ടായ പ്രതിസന്ധിയിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾ നടന്നുവരികയാണല്ലോ. ദുരന്തത്തെതുടർന്ന് അടിയന്തിരാവശ്യങ്ങളായ ഭക്ഷണവും താത്കാലികതാമസവും വൈദ്യസഹായവും ക്രമീകരിക്കുവാൻ വൈദികരുടെയും സന്യസ്തരുടെയും വിവിധ സംഘടനകളിലെ സഹോദരങ്ങളുടെയും സഹകരണത്തോടെ ഒരുപരിധിവരെയെങ്കിലും നമുക്ക് സാധിച്ചിട്ടുണ്ട്. അടുത്തനടപടി എന്നനിലയിൽ ദുരിതബാധിതരുടെ പുനരധിവാസം (വീടുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപണികളും), വീട്ടുപകരണങ്ങളും പഠനോപകരണങ്ങളും നഷ്ടപ്പെട്ടത് എത്തിച്ചു നൽകുന്നത്, വൈദ്യസഹായം, കൗൺസിലിങ് എന്നിവയും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ടല്ലോ. ഇതിനോടകംതന്നെ സാമ്പത്തികമായും, മറ്റു സഹായങ്ങൾ നൽകിയും രൂപതയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി സന്നദ്ധരായി മുന്നോട്ടുവന്ന ഇടവകകൾ, സന്യാസ സമൂഹങ്ങൾ, സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവരുടെ സന്മാതൃകയെ പ്രത്യേകം അഭിനന്ദിക്കുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി താഴെപറയുന്ന വൈദികരെ ചുമതല ഏല്പിക്കുകയാണ്. അവരോടു സഹകരിച്ചുകൊണ്ട് ദുരിതമനുഭവിക്കുന്നവർക്ക് കൂടുതൽ സഹായമെത്തിക്കുന്നതിനു നമുക്കൊന്നു ചേർന്നു പരിശ്രമിക്കാം.

1. ഫാ.സ്റ്റാൻലി പുള്ളോലിക്കൽ (ജനറൽ കോർഡിനേഷൻ, ഭവനനിർമ്മാണവും ഭവനങ്ങൾ വാസയോഗ്യമാക്കുന്നതും) : 9496033110
2. ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ (ഗൃഹോപകരണങ്ങളുടെ ശേഖരണം) : 9656730120
3. ഫാ. ഡൊമിനിക് അയലൂപ്പറമ്പിൽ (പഠനോപകരണങ്ങളുടെ ക്രമീകരണം) : 9447237295
4. ഫാ. ഫിലിപ്പ് വട്ടയത്തിൽ (കൗൺസിലിങ്, വൈദ്യസഹായം) : 9605127734

മുകളിൽ പറഞ്ഞവിധത്തിലുള്ള സഹായങ്ങൾ നൽകുവാൻ സന്നദ്ധതയുള്ളവർ അതിനു ചുമതല ഏൽപിക്കപ്പെട്ടിരിക്കുന്ന വൈദികരെ ബന്ധപ്പെട്ട് ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സഹകരിക്കുമല്ലോ. അടിയന്തിര സഹായം ആവശ്യമുള്ള സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർമുഖേന ബന്ധപ്പെട്ട വൈദികരെ അറിയിക്കാവുന്നതാണ്.

രൂപതകുടുംബത്തിലെ എല്ലാവരുടെയും സാധ്യമായ വിധത്തിലുള്ള സഹകരണത്തിലൂടെ നിസ്സഹായരായ നമ്മുടെ സഹോദരങ്ങൾക്ക് ആശ്വാസമാകുവാൻ നമുക്കാവട്ടെ .

മിശിഹായിൽ സ്നേഹപൂർവ്വം

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

കാഞ്ഞിരപ്പള്ളി
23-10-2021

No: CL/No.05/2021

# സർക്കുലർ

ഇശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരൻമാരെ,

പ്രളയംമൂലമുണ്ടായ പ്രതിസന്ധിയിലൂടെ നമ്മുടെനാട് കടന്നുപോകുകയാണല്ലോ. വേദനയുടെയും മനോഭാരത്തിന്റെയും നടുവിലും പ്രത്യാശ നഷ്ടപ്പെടാതെ ദൈവത്തിലാശ്രയിക്കുവാൻ നമുക്കാവട്ടെ.

പ്രളയത്തിന്റെ സാഹചര്യം മനസ്സിലാക്കി വികാരിജനറാളച്ചൻമാരുടെയും അജപാലന സാമൂഹിക സേവന ഡിപ്പാർട്ട്മെന്റുകളുടെയും യോഗം തുടക്കത്തിൽത്തന്നെ ചേർന്ന് ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഏകോപനം വിലയിരുത്തിയിരുന്നു. എല്ലായിടത്തും ഇതിനോടകം എത്തുവാൻ സാധിച്ചില്ലെങ്കിലും ദുരിത മേഖലകൾ ഈ ദിവസങ്ങളിലെല്ലാം സന്ദർശിച്ചുവരികയാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വൈദികരെയും സന്യസ്തരുൾപ്പെടെ എല്ലാ സഹോദരീ സഹോദരൻമാരെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. നമ്മുടെ സാമൂഹിക സേവനവിഭാഗമായ MDS ഉം PDS ഉം വഴിയാണ് ഭക്ഷ്യവസ്തുക്കൾ എത്തിച്ചുനൽകുന്നത്. രൂപത യുവദീപ്തി എസ്.എം.വൈ.എം തുടക്കം മുതൽ ശുചീകരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. ഗതാഗത തടസ്സമുണ്ടായപ്പോൾ മുതൽ നമ്മുടെ പള്ളികളും സ്ഥാപനങ്ങളും സന്യാസഭവനങ്ങളും നാനാജാതിമതസ്ഥർക്ക് അഭയമായിരുന്നല്ലോ. വീടും സ്ഥലവും സുരക്ഷിത വാസസ്ഥാനവും നഷ്ടപ്പെട്ടവർ ഇനിയും നമ്മുടെ പള്ളികളോടനുബന്ധിച്ചു കഴിയുന്നുണ്ട്. ഭവനങ്ങളുൾപ്പെടെ നഷ്ടപ്പെട്ട നിസ്സഹായരായ

നമ്മുടെ സഹോദരങ്ങളെ സഹായിക്കേണ്ടത് നമ്മുടെ കടമയാണല്ലോ. നമുക്കുള്ളതിൽനിന്നും ക്രൈസ്തവികമായി പങ്കുവയ്ക്കാം.

ദുരതമനുഭവിക്കുന്ന സഹോദരങ്ങളെ സാമ്പത്തികമായി സഹായിക്കുവാൻ (ഇടവക, കൂട്ടായ്മ, സംഘടന, വ്യക്തിപരമായ തലത്തിൽ) സാധിക്കുന്നവർ പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ ബഹുമാനപ്പെട്ട സ്റ്റാൻലി പുള്ളോലിയ്ക്കലച്ചനെ (9496033110) ബന്ധപ്പെടേണ്ടതാണ്.

വേദനിക്കുന്നവരോട് ഒപ്പംചേർന്ന് അവരെ ആശ്വസിപ്പിക്കാം.

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

കാഞ്ഞിരപ്പള്ളി
18-10-2021

No: CL/No.08/2021

## മനസമ്മതം, വിവാഹപരസ്യം ചെയ്യൽ ഇവ സംബന്ധിച്ചുള്ള സർക്കുലർ

പ്രിയ വൈദികരെ,

കോവിഡ്-19 പകർച്ചവ്യാധിയും ലോക്ക്ഡൗണും കാരണം മനസ്സമ്മതം, വിവാഹം പരസ്യം ചെയ്യൽ ഇവ സംബന്ധിച്ചുള്ള നിയമനടപടികൾക്ക് ചില ഇളവുകൾ അനുവദിച്ചിരുന്നുവല്ലോ. കോവിഡ് നിയന്ത്രണങ്ങൾ ക്രമേണ പിൻവലിക്കുന്നതിനാൽ 2020 മേയ് മാസം മുതൽ നല്കിയിരുന്ന ഇളവുകൾ ഇനി മുതൽ തുടരുന്നതല്ല. ആയതിനാൽ മുമ്പുണ്ടായിരുന്ന നടപടിക്രമങ്ങൾ പരിഷ്കരിച്ച് ചുവടെ ചേർക്കുന്നു.

1. മനസമ്മതം നടത്തി മൂന്ന് വിളിച്ചുചൊല്ലി വിവാഹം നടത്തുന്നതാണ് ഉത്തമം.

2. ആഘോഷമായ മനസമ്മതം നടത്തുവാൻ സാധിക്കാതെ വരുമ്പോൾ മാതാപിതാക്കന്മാരുടെയും സാക്ഷികളുടെയും സാന്നിദ്ധ്യത്തിൽ വധുവിന്റെ ഇടവകയിൽവെച്ച് ലളിതമായി വിവാഹവാഗ്ദാനം നടത്തുന്നത് നമ്മുടെ നല്ല പാരമ്പര്യം നിലനിറുത്തുന്നതിന് സഹായിക്കുന്നതാണ്.

3. തക്കതായ കാരണങ്ങളാൽ മനസമ്മതം ഒഴിവാക്കണമെങ്കിൽ പ്രതിശ്രുതവരനും വധുവും സംയുക്തമായി ഒപ്പിട്ട അപേക്ഷ വധുവിന്റെ രൂപതാദ്ധ്യക്ഷന് സമർപ്പിച്ച് അനുവാദം വാങ്ങേണ്ടതാണ്. പ്രത്യേക സാഹചര്യമാണെങ്കിൽ

വരന്റെ രൂപതാദ്ധ്യക്ഷനും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഏതെങ്കിലും ഒരു രൂപതാദ്ധ്യക്ഷന്റെ പക്കൽനിന്ന് അനുവാദം വാങ്ങിയാൽ മതി. ഇതിനാവശ്യമായ അപേക്ഷാ ഫോമുകൾ രൂപതാ ഫൈനാൻസ് ഓഫീസിൽ ലഭ്യമാണ്.

4. മനസമ്മതത്തിന് മുമ്പ് വിളിച്ചുചൊല്ലൽ നടത്തുവാൻ സാധാരണരീതിയിൽ അപേക്ഷകൾ പൂരിപ്പിച്ച് ഫൊറോന വികാരിക്ക് നല്കി അനുവാദം വാങ്ങാവുന്നതാണ്.

5. വിളിച്ചുചൊല്ലൽ കുറയ്ക്കുന്നത് സംബന്ധിച്ച് :-

   a. ഒരുവിളിച്ചുചൊല്ലൽ കുറയ്ക്കുന്നതിന് വികാരിക്ക് അധികാരമുണ്ട്. അതിനായി പടിസാധനത്തിൽ നിശ്ചയിച്ചിരിക്കുന്ന 250/-രൂപ വികാരിയച്ചൻ വാങ്ങി രസീത് കൊടുക്കുകയും ആ തുക ഇടവകയുടെ ആണ്ട് തിരട്ട് പാസാക്കുന്ന അവസരത്തിൽ രൂപത ഫൈനാൻസ് ഓഫീസിൽ അടയ്ക്കുകയും വേണം.

   b. രണ്ട് വിളിച്ചുചൊല്ലൽ കുറയ്ക്കുന്നതിന് ഇനിമുതൽ ഫൊറോന വികാരിമാർക്ക് അനുവാദമുണ്ട്. അരമനപത്രത്തിൽ അതിനുള്ള അപേക്ഷയുടെ രണ്ട് കോപ്പികൾ എഴുതി ഫൊറോന വികാരിക്ക് സമർപ്പിക്കണം. അപേക്ഷയിൽതന്നെ "അപേക്ഷ പ്രകാരം രണ്ട് വിളിച്ചുചൊല്ലൽ ഒഴിവാക്കി വിവാഹം നടത്തുവാൻ അനുവദിക്കുന്നു. ഇതിനുള്ള പരിഹാരപിഴയായി 500/-രൂപ സ്വീകരിച്ച് രസീത് നല്കിയിട്ടുണ്ട്" എന്നെഴുതി ഫൊറോന വികാരി പേരെഴുതി ഒപ്പിട്ട് പള്ളിയുടെ സീൽവെച്ച് നല്കേണ്ടതാണ്. ആ തുക ഫൊറോന പള്ളിയുടെ

ആണ്ട് തിരട്ട് പാസാക്കുന്ന അവസരത്തിൽ രൂപത ഫൈനാൻസ് ഓഫീസിൽ അടയ്ക്കേണ്ടതാണ്.

c. മൂന്ന് വിളിച്ചുചൊല്ലൽ ഒഴിവാക്കാൻ അപേക്ഷയുടെ രണ്ട് കോപ്പികൾ രൂപതാകച്ചേരിയിൽ സമർപ്പിക്കണം. അതിനുള്ള പരിഹാരതുക 750/-രൂപയാണ്.

6. സാധാരണരീതിയിൽ വിവാഹഒരുക്ക സെമിനാർ സംഘടിപ്പിക്കുവാൻ സാധിക്കുന്നതുവരെ വിവാഹാർത്ഥികൾ ഓൺലൈനായി വിവാഹഒരുക്കസെമിനാറിൽ പങ്കെടുത്തുവെന്ന് വികാരിയച്ചന്മാർ ഉറപ്പു വരുത്തേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ 2021 നവംബർ 10-ാം തീയതി മുതൽ നിലവിൽ വരുന്നതാണ്. വിവാഹം എന്ന കൂദാശയുടെ അവിഭാജ്യതയും പരിപാവനതയും കാനൻനിയമചട്ടങ്ങളും കാത്തുസൂക്ഷിക്കുവാൻ വേണ്ടിയുള്ള ഈ നിർദ്ദേശങ്ങളോട് എല്ലാവരും ഉത്തരവാദിത്വപൂർവ്വം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹത്തോടെ

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
28.10.2021

# കച്ചേരിക്കാര്യം

### 1. നവീകരിച്ച കുർബാനക്രമം

സീറോ മലബാർ സഭാ സിനഡിന്റെ നിർദ്ദേശാനുസൃതം നമ്മുടെ രൂപതയിലും നവീകരിച്ച കുർബാനക്രമവും ഏകീകൃത കുർബാന അർപ്പണരീതിയും 2021 നവംബർ 28-ാം തീയതി മംഗലവാർത്ത ഒന്നാം ഞായർ മുതൽ നടപ്പിൽ വരുന്നതാണ്. ഇതു സംബന്ധിച്ച് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ എല്ലാ വൈദികരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിനോടനുബന്ധിച്ച് ആവശ്യമായ ആരാധനക്രമപരിശീലനം ദൈവജനത്തിന് നൽകുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് ഉത്തരവാദിത്വമുണ്ട്.

### 2. പുതിയ തക്സായും കൈപ്പുസ്തകവും

നവീകരിച്ച കുർബാനക്രമ തക്സയും ജനങ്ങൾക്ക് ഉപയോഗിക്കുവാനുള്ള കൈപ്പുസ്തകവും 2021 നവംബർ 5-ാം തീയതി മുതൽ രൂപതാ ഫൈനാൻസ് ഓഫീസിൽ നിന്നും കട്ടപ്പന, അണക്കര, കുമളി, റാന്നി ഫൊറോനാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. തക്സ ഒന്നിന് 320/- രൂപാ നിരക്കിലും കൈപ്പുസ്തകം 70/-(ചെറുത്); 80/- (വലുത്) രൂപാ നിരക്കിലും ലഭിക്കുന്നതാണ്. ഇടവകകളിലും സ്ഥാപനങ്ങളിലും ആവശ്യമായ തക്സകളും പുസ്തകങ്ങളും വാങ്ങി ഉപയോഗിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

### 3. മാർ തെയദോറിന്റെ അനാഫൊറ

പൗരസ്ത്യ സുറിയാനി സഭയിൽ മംഗലവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള കാലയളവിൽ വിശുദ്ധ കുർബാനയ്ക്ക് മാർ തെയദോറിന്റെ ക്രമമാണ് ഉപയോഗിച്ചിരുന്നത്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, പരസ്യജീവിതം, പീഡാസഹനം, മരണം എന്നിവ അനുസ്മരിക്കുന്ന മംഗലവാർത്ത

ക്കാലത്തും ദനഹാക്കാലത്തും നോമ്പുകാലത്തും ക്രിസ്തുജ്ഞാനീയപരമായി പ്രാധാന്യമുള്ള ഈ അനാഫൊറ ഉപയോഗിക്കുന്നത് ഉചിതമായിരിക്കും.

**4.മാർ മാത്യു വട്ടക്കുഴിപിതാവിന്റെ ചരമവാർഷികം–നവംബർ 22**

നമ്മുടെ രൂപതയുടെ രണ്ടാമത്തെ മെത്രാനായിരുന്ന മാർ മാത്യു വട്ടക്കുഴിപിതാവിന്റെ അഞ്ചാം ചരമവാർഷിക ദിനമായ 2021 നവംബർ 22 -ാം തീയതി തിങ്കളാഴ്ച 6.40–ന് കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിയിൽ വച്ച് വിശുദ്ധകുർബാന ഉണ്ടായിരിക്കുന്നതാണ്. അഭിവന്ദ്യ വട്ടക്കുഴി പിതാവിനുവേണ്ടി എല്ലാ ഇടവകകളിലും 2021 നവംബർ 22–ാം തീയതി തിങ്കളാഴ്ച വിശുദ്ധ കുർബാനയും ഒപ്പീസും അർപ്പിക്കേണ്ടതാണ്.

**5. ആരാധനക്രമവത്സര കലണ്ടർ**

2022–ലെ സീറോ മലബാർ ആരാധനക്രമപഞ്ചാംഗവും, ബൈബിൾ വായനകളുടെ കലണ്ടർ ഷീറ്റുകളും രൂപതാ ഫിനാൻസ് ഓഫീസിൽ നിന്നും ലഭ്യമാണ്.

**6. പ്രളയബാധിതർക്കുവേണ്ടിയുള്ള സ്തോത്രക്കാഴ്ച**

പ്രളയബാധിതരെ സഹായിക്കുവാനായി 2021 നവംബർ 7–ാം തീയതി വിശുദ്ധ കുർബാനമദ്ധ്യേ ശേഖരിക്കുന്ന സ്തോത്രക്കാഴ്ച നവംബർ 15–ാം തീയതിക്കകം രൂപതാ ഫൈനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

**7. Appointments**

| | |
|---|---|
| Rev. Fr. Palakudy Abraham | – Vicar, Grace Mount |
| Rev. Fr. Kunnathupurayidom Joseph | – Vicar in charge, Pazhayakoratty |
| Rev. Fr. Parackathottiyil Thomas CMF | – Vicar in charge, Chemponoly |
| Rev. Fr. Athimoottil Augustine | – Forane Director, Family Apostolate, Pathanamthitta |
| Rev. Fr. Mundiyanickal Thomas | – Forane Director, Family Apostolate, Ranni |



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. സിജോ മാത്യു പന്നലക്കുന്നേൽ | 6,000/- |
| റവ. ഫാ. കുര്യൻ നരിതൂക്കിൽ | 4,000/- |
| റവ. ഫാ. ഇമ്മാനുവേൽ മങ്കന്താനം | 15,000/- |

**ഫാ. ജോസ് മാത്യു പറപ്പള്ളിൽ**
**(പ്രസിഡന്റ്)**

---

## കച്ചേരിക്കാര്യം

**Relieved**

| | |
|---|---|
| Rev. Fr. Palakudy Martin | – Vicar, Chemponoly, Medical leave |
| Rev. Fr. Kandapalackal Thomas | – Vicar in charge, Grace Mount, Study leave |
| Rev. Fr. Thuruthipallil Thomas | – Vicar in charge, Pazhayakoratty |
| Rev. Fr. Parinthirickal Thomas | – Forane Director, FamilyApostolate, Pathanamthitta |
| Rev. Fr. Parackal Varghese | – Forane Director, Family Apostolate, Ranni |

# അജപാലനോത്തേജന വിഭാഗം

**ജീവൻ ദശാംശവിഹിത വിതരണം**

ജീവൻ ദശാംശവിഹിതവിതരണം ആരംഭിച്ചുകഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളെ സംബന്ധിച്ചുള്ള പുതുക്കിയ നിയമപ്രകാരം ഏതാനും ക്രമീകരണങ്ങൾ ജീവൻ ദശാംശപദ്ധതിയുടെ വിഹിതവിതരണത്തിൽ നടത്തുന്നതിന് നമ്മൾ നിർബന്ധിതരായിരിക്കുകയാണ്.

ഓരോ ഇടവകയ്ക്കുമുള്ള ദശാംശവിഹിതത്തിനനുസൃതമായുള്ള തുകയ്ക്ക് സഹായമർഹിക്കുന്നവരെ അച്ചന്മാർ കണ്ടെത്തി പാസ്റ്ററൽ ആനിമേഷൻ ഓഫീസിലറിയിക്കുമ്പോൾ (വ്യക്തിയുടെ പേരും, വീട്ടുപേരും നൽകേണ്ട തുകയും പള്ളിയുടെ ലെറ്റർഹെഡിലെഴുതി ബഹുമാനപ്പെട്ട വികാരിയച്ചന്റെ ഒപ്പോടുകൂടി Scanned copy യായി Whattsapp/E-mail- ൽ നല്കുമല്ലോ.) അച്ചന്മാർ ആവശ്യപ്പെടുന്ന തുകയ്ക്കുള്ള ചെക്കോ, Bank Transfer വഴിയോ പ്രസ്തുത വ്യക്തികളുടെ പേരിൽ വികാരിയച്ചനെ ഏൽപ്പിക്കുന്നതാണ്.

**ആരാധനവത്സര കലണ്ടർ**

ആരാധനക്രമാധിഷ്ഠിതമായ വിശ്വാസജീവിതത്തിൽ ആഴപ്പെടുന്നതിന് സഹായകമായ ആരാധനവത്സര കലണ്ടർ നവംബർ 25-ാം തീയതിയോടുകൂടി വിതരണത്തിനു തയ്യാറാകും. 40 രൂപയാണ് ഒരു കലണ്ടറിന്റെ വില.

**ജീവകാരുണ്യപ്രവർത്തന റിപ്പോർട്ട്**

ഓരോ ഇടവകയിലെയും വിവിധ ജീവകാരുണ്യപ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഇനിയും നൽകാനുള്ളവർ Scanned copy ആയോ നേരിട്ടോ നൽകുവാൻ ശ്രദ്ധിക്കുമല്ലോ.


## J.B. കോശി കമ്മീഷൻ സിറ്റിംഗ്

കേരള ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിക്കുന്നതിന് കേരള ഗവൺമെന്റ് നിയോഗിച്ച ജെ . ബി കോശി കമ്മീഷൻ ഒക്ടോബർ 27 ആം തീയതി കോട്ടയം *ജണഉ * ഗസ്റ്റ് ഹൗസിൽ* നടത്തിയ സിറ്റിംഗിൽ കാഞ്ഞിരപ്പള്ളി രൂപതയെ പ്രതിനിധീകരിച്ച് ഫാ. തോമസ് കാഞ്ഞിരക്കാട്ട് , അഡ്വ. സി. ലിസിയ ടഅആട, ഡോ. ബിനു പെരുന്തോട്ടം, ശ്രീ. ജോജി വാളിപ്ലാക്കൽ, ശ്രീ.വിൻസെൻറ് ആന്റണി, ശ്രീ. ജിൻസ് നല്ലേപ്പറമ്പിൽ എന്നിവർ പങ്കെടുത്തു. രൂപതയിൽ നടത്തിയ സർവ്വേയുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുകയുംചെയ്തു.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ഡയറക്ടർ**

---

## സ്നേഹസ്മരണയ്ക്ക്



ഫാ. ജോസഫ് വട്ടയ്ക്കാട്ട്
(25.11.1990)

# വിശ്വാസജീവിത പരിശീലനം

**കാറ്റക്കെറ്റിക്കൽ സിമ്പോസിയം**

അഞ്ചാമത് മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ കാറ്റക്കെറ്റിക്കൽ സിമ്പോസിയം നവംബർ 21-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നു. കോവിഡിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ഓൺലൈനിൽ നടത്തപ്പെടുന്ന സിമ്പോസിയം രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്യും. ആരാധനക്രമവിശ്വാസപരിശീലനം (Liturgical Catechesis) എന്ന വിഷയത്തെ അധികരിച്ചു നടത്തപ്പെടുന്ന സിമ്പോസിയത്തിൽ റവ. ഫാ. ജോർജ് വാണിയപ്പുരയ്ക്കൽ, റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ മോഡറേറ്ററാകും. ഡയറക്ടർ ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ സ്വാഗതവും ശ്രീ. ജോർജുകുട്ടി വട്ടക്കുഴി നന്ദിയുമർപ്പിക്കും.

**പുതിയ കുർബാനപുസ്തകം**

നവീകരിച്ച കുർബാനക്രമ പുസ്തകങ്ങൾ സുവാറ ഓഫീസിൽ ലഭ്യമാണ്. മാർ തെയഡോറിന്റെയും നെസ്തോറിയസിന്റെയും അനാഫൊറ, പ്രോപ്രിയ എന്നിവ ചേർത്താണ് പുതിയ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. സഭാതലത്തിൽ എല്ലാ രൂപതകൾക്കുമായി പുസ്തകം അച്ചടിച്ചിരിക്കുന്നതിനാൽ പഴയപുസ്തകത്തിലേതുപോലെ സപ്രാ, ഒപ്പീസ് തുടങ്ങിയവ ചേർത്തിട്ടില്ല. വില Rs. 80/- (വലുത്) Rs.70/- (ചെറുത്).

## കാറ്റക്കെറ്റിക്കൽ ഡയറക്ടറി 2021 – 22

2021–22 വർഷത്തെ കാറ്റക്കെറ്റിക്കൽ ഡയറക്ടറി ഇനിയും കൈപ്പറ്റാനുള്ള ഇടവകകൾ സുവാറ ഓഫീസിൽ നിന്നും എത്രയും വേഗം അവ വാങ്ങുവാനും പ്രധാന ആശയങ്ങൾ കുട്ടികൾക്കു പറഞ്ഞുകൊടുക്കുവാനും ശ്രദ്ധിക്കുമല്ലോ. പരീക്ഷാ സിലബസ്, വിവിധ മത്സര വിഷയങ്ങൾ, വിശ്വാസപരിശീലകരുടെ കടമകൾ, കലണ്ടർ തുടങ്ങിയവ ചേർത്തു തയ്യാറാക്കിയിരിക്കുന്ന ഡയറക്ടറി എല്ലാ അധ്യാപകർക്കും വാങ്ങി നല്കുവാൻ ശ്രദ്ധിക്കുമല്ലോ.

## രൂപതാ ബൈബിൾ കലോത്സവം

2021 – 22 വിശ്വാസപരിശീലന വർഷത്തിലെ രൂപതാ ബൈബിൾ കലോത്സവം മാതൃകാപരമായി നടത്തുവാൻ യത്നിച്ച ഏറ്റം ബഹുമാനപ്പെട്ട ഫൊറോനാ ഡയറക്ടർ അച്ചന്മാർക്കും ഫൊറോനാ സമിതിയംഗങ്ങൾക്കും രൂപതാ ആനിമേറ്റേഴ്സിനും വിധികർത്താക്കൾക്കും നന്ദി. മത്സരഫലങ്ങൾ ചുവടെ ചേർക്കുന്നു.

### കലാമത്സരങ്ങൾ

### സെന്റ് തോമസ് വിഭാഗം

പദ്യോച്ചാരണം

I : അന്ന സെബാസ്റ്റ്യൻ, പുഞ്ചാൽ, പത്തനംതിട്ട
II : എലിസബത്ത് തൂമ്പുങ്കൽ, ആനക്കല്ല്, കാഞ്ഞിരപ്പള്ളി
II : മോനിക്ക സെബാസ്റ്റ്യൻ ആലപ്പാട്ട്, മേലോരം, പെരുവന്താനം
III : തോമസ് ചെറിയാൻ ശാന്തിനിലയം, കണ്ണംപള്ളി, റാന്നി

ലളിതഗാനം – പെൺകുട്ടികൾ

I : എൽസി ജോസഫ് പള്ളിയാടിയിൽ, വെള്ളാരംകുന്ന്, കുമളി
II : ജോസിയ ജോസഫ് ഇല്ലിക്കമുറി, നെറ്റിത്തൊഴു, അണക്കര
III : മിലി B കോക്കാട്ട്, എലിക്കുളം, പൊൻകുന്നം
III : അന്ന സെബാസ്റ്റ്യൻ, പുഞ്ചാൽ, പത്തനംതിട്ട

ലളിതഗാനം - ആൺകുട്ടികൾ

I : മാർവെൽ ജെയിംസ് പേക്കാവിൽ, ചെല്ലാർകോവിൽ, അണക്കര

II : ജോസഫ് മടുക്കക്കുഴി, പൊടിമറ്റം, വെളിച്ചിയാനി

III : ഏബൽ വടക്കേൽ, കുമളി

പ്രസംഗം - പെൺകുട്ടികൾ

I : എലിസബത്ത് തൊട്ടിയിൽ, കട്ടപ്പന

II : ത്രേസ്യാമ്മ പടകൂറ്റിയിൽ, കണയങ്കവയൽ, പെരുവന്താനം

III : ഫിലമിൻ തോമസ് മേക്കലാത്ത്, കുമളി

പ്രസംഗം - ആൺകുട്ടികൾ

I : ജോർജ് ചക്കാലയിൽ, മേരികുളം, കട്ടപ്പന

II : സെബാസ്റ്റ്യൻ സ്കറിയ കൊല്ലംപറമ്പിൽ, കോരുത്തോട്

III : കുര്യൻ ബെന്നി പതിപ്പള്ളിൽ, ആനക്കല്ല്, കാഞ്ഞിരപ്പള്ളി

III : സിറിയക്ക് പയ്യംപള്ളി, പൊടിമറ്റം, വെളിച്ചിയാനി

സമൂഹഗാനം

I : മേരിമാതാ സൺഡേസ്കൂൾ, പത്തനംതിട്ട

II : സെന്റ് ജോർജ് സൺഡേസ്കൂൾ, കട്ടപ്പന

III : സെന്റ് മേരീസ് സൺഡേസ്കൂൾ, പൊടിമറ്റം

**അൽഫോൻസാ വിഭാഗം**

പദ്യോച്ചാരണം

I : ജോസഫ് മുണ്ടൻകുന്ന്, ആനിക്കാട്, പൊൻകുന്നം

II : സ്റ്റീവ ആൻ ജോസ്സി, തെക്കുംപുറത്ത്, പത്തനംതിട്ട

III : ആൻ മരിയ മണ്ണാറാത്ത്, രാജഗിരി, ഉപ്പുതറ

III : മെൽവിൻ ബിജു കല്ലുവെട്ടത്ത്, മേലോരം, പെരുവന്താനം

ലളിതഗാനം - പെൺകുട്ടികൾ

I : തെരേസ് ദേവസ്യ വിരുത്തിയിൽ, ആനക്കല്ല്, കാഞ്ഞിരപ്പള്ളി
II : എലിസബത്ത് വള്ളിക്കുന്നേൽ, വെള്ളാരംകുന്ന്, കുമളി
III : അൽഫോൻസാ ചാക്കോ മണ്ണാറാത്ത്, രാജഗിരി, ഉപ്പുതറ
III : ആൻ മരിയ ആന്റണി ഉറുമ്പിൽ, പഴയകൊരട്ടി, എരുമേലി

ലളിതഗാനം - ആൺകുട്ടികൾ

I : ജെസ്‌വിൻ ജോസ് വെട്ടിക്കൽ, മുളംകുന്ന്, മുണ്ടക്കയം
II : നിർമ്മൽ പുതിയാപറമ്പിൽ, എരുത്വാപ്പുഴ, എരുമേലി
III : അതുൽ തോമസ് വെള്ളിമല, അണക്കര
III : വർഗ്ഗീസ് തോമസ് വലിയകുളത്തിൽ, പാലമ്പ്ര, വെളിച്ചിയാനി

പ്രസംഗം - പെൺകുട്ടികൾ

I : സ്റ്റീവ ആൻ ജോസ്സി തെക്കുംപുറത്ത്, പത്തനംതിട്ട
II : സെലിൻ ടോം പുലിക്കുന്നേൽ, പൊടിമറ്റം, വെളിച്ചിയാനി
III : മരിയ വർഗ്ഗീസ് പടിഞ്ഞാറേകാലായിൽ, റാന്നി

പ്രസംഗം - ആൺകുട്ടികൾ

I : ജോസഫ് മേച്ചേരിത്തകിടിയേൽ, കണമല, എരുമേലി
II : ജോർജ് ജോസഫ് പള്ളിപ്പറമ്പിൽ, മേരികുളം, കട്ടപ്പന
II : ടോണി ജോസഫ് വിരുത്തിയേൽ, പഴയിടം, കാഞ്ഞിരപ്പള്ളി
III : ആൽഫ്രഡ് ടോം ജോയസ് നാംപൊഴിൽ, മുണ്ടക്കയം

**ഡൊമിനിക് സാവിയോ വിഭാഗം**

പദ്യോച്ചാരണം

I : കുരുവിള മണ്ണാത്തുമാക്കിൽ, തേർഡ്ക്യാമ്പ്, മുണ്ടിയെരുമ
II : അൽഫോൻസ മാത്യു പുല്ലാട്ട്, മേരികുളം, കട്ടപ്പന
II : നേഹ അന്ന സിനോഷ് ഊട്ടുകളത്തിൽ, കൊല്ലമുള
III : മറിയം കണ്ടത്തിൽ, ഇടമൺ, റാന്നി

ലളിതഗാനം - പെൺകുട്ടികൾ

I : നിയ അൽഫോൻസ മനോജ്, കൈപ്പനാനിക്കൽ, എലിക്കുളം
II : മരിയ ചാക്കോ വള്ളിക്കുന്നേൽ, വെള്ളാരംകുന്ന്, കുമളി
II : ജിയ മേരി ജെയ്സൺ, മാളിയേക്കൽ, കണ്ണിമല, എരുമേലി

III : എൽസ മുരിയൻവയലിൽ, മുണ്ടിയെരുമ
III : ആൻ മരിയ സിനോ കണിയാരശ്ശേരിൽ, വണ്ടൻപതാൽ, മുണ്ടക്കയം

ലളിതഗാനം - ആൺകുട്ടികൾ

I : ജോസഫ് പുത്തൻപുരയ്ക്കൽ, കോരുത്തോട്, മുണ്ടക്കയം
II : ജോർജ് ജോസഫ് വട്ടോത്ത്, ചക്കുപള്ളം, അണക്കര
III : ടോണി കിഴക്കേമുറിയിൽ, ഉപ്പുതറ
III : ഐഡൻ കെ. സെബിൻ കൊല്ലംപറമ്പിൽ, എലിക്കുളം, പൊൻകുന്നം

പ്രസംഗം - പെൺകുട്ടികൾ

I : തെരേസ് ടോണി കല്ലറയ്ക്കൽ, തരകനാട്ടുകുന്ന്
II : കരോളിൻ സോണി പാലയ്ക്കാട്ടുകുന്നേൽ, പൂമറ്റം
III : റോസ് മരിയ വരിക്കയിൽ, നസ്രാണിപുരം, കുമളി

പ്രസംഗം - ആൺകുട്ടികൾ

I : നിക്കോളാസ് വാഴവേലിൽ, കുന്നുംഭാഗം, കാഞ്ഞിരപ്പള്ളി
II : തോമസ് ജോൺ കൂവക്കുന്നേൽ, മുണ്ടക്കയം
III : അശ്വിൻ ഷിനു വാലുമ്മേൽ, അണക്കര
III : ഡിയോൺ കുന്നക്കാട്ട്, അഴങ്ങാട്, പെരുവന്താനം

**രചനാമത്സര വിജയികൾ**

**സെന്റ് തോമസ് വിഭാഗം**

ഉപന്യാസം

I : എലിസബത്ത് മാടപ്പള്ളിൽ പേഴുംപാറ പത്തനംതിട്ട
II : അലീന ജോസഫ് പൊൻപുഴ അണക്കര
III : ആൻമരിയ ഡൊമിനിക് തേക്കുംമൂട്ടിൽ ഉപ്പുതറ

കവിതാരചന

I : ജോർജ് കോക്കാട്ടുമുണ്ടക്കൽ മുറിഞ്ഞപുഴ പെരുവന്താനം
II : എലിസബത്ത് ജോൺ പ്ലാങ്ങാട്ട് വണ്ടൻപതാൽ മുണ്ടക്കയം
III : തെരേസ് തോമസ് മൈലയ്ക്കൽ നെറ്റിത്തൊഴു അണക്കര

കഥാരചന

I : തെരേസ് നന്തികാട്ട് ഇളംകുളം പൊൻകുന്നം
II : അന്നമ്മ അൽഫോൻസ് അമ്പാറയിൽ വെളിച്ചിയാനി
III : മരിയ തോമസ് കല്ലറയ്ക്കൽ ആനവിലാസം കുമളി

**അൽഫോൻസാ വിഭാഗം**

ഉപന്യാസം

I : മരിയ മോനിക്ക ഫിലിപ്പ് ഇരുപ്പക്കാട്ട് ഇളങ്ങുളം
II : ആൻമരിയ ആന്റണി തോലാനിക്കൽ, മേലോരം പെരുവന്താനം
III : ആൻ മരിയ മണ്ണാറാത്ത് രാജഗിരി ഉപ്പുതറ

കവിതാരചന

I : എലിസബത്ത് മരിയ ആലഞ്ചേരിൽ വള്ളക്കടവ് കുമളി
II : ട്രീസാ ജോസ് കൊല്ലക്കൊമ്പിൽ പെരുവന്താനം
III : തോമസുകുട്ടി ജോസഫ് മുളങ്ങാശ്ശേരിൽ, പാലപ്ര, വെളിച്ചിയാനി

കഥാരചന

I : കൊച്ചുത്രേസ്യ സിജു പുല്ലോപ്പിള്ളി വെളിച്ചിയാനി
II : ആൻ മരിയ പുതുരൂപറമ്പിൽ ഇളങ്ങോയി പൊൻകുന്നം
III : അൽഫോൻസ ജോസഫ് ഗണപതിപ്ലാക്കൽ ചക്കുപള്ളം

കവിതാരചന

I : ജോസഫ് തോമസ് കുരിശുംമൂട്ടിൽ കുന്നുംഭാഗം
II : എലിസബത്ത് തോമസ് മംഗലത്തിൽ ചക്കുപള്ളം അണക്കര
III : മരിയ ഷൈൻ ഓവേലിൽ വലിയതോവാള കട്ടപ്പന

കഥാരചന

I : നേഹ അന്ന സിനോഷ് ഊട്ടുകളത്തിൽ കൊല്ലമുള എരുമേലി
II : മാത്യു ജോൺ മാന്തടത്തിൽ കട്ടപ്പന
III : മരിയ ഷിജു കൈതമറ്റം അണക്കര

## അർദ്ധവാർഷിക പരീക്ഷ

ഒക്ടോബർ 3-ാം തീയതി ഞായറാഴ്ച രാവിലെ സൺഡേ സ്കൂൾ അർദ്ധവാർഷിക പരീക്ഷകൾ 11.00 a.m. മുതൽ 12.00 മണി വരെ ഓൺലൈനിൽ നടത്തപ്പെട്ടു. ഏറ്റവും മാതൃകാപരമായ രീതിയിൽ പരീക്ഷ നടത്തുവാൻ സഹകരിച്ച പെരിയ ബഹു. ഫൊറോനാ വികാരിയച്ചന്മാർക്കും ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും സിസ്റ്റേഴ്സിനും, പ്രഥമാധ്യാപകർക്കും മറ്റു വിശ്വാസജീവിതപരിശീലകർക്കും നന്ദിയർപ്പിക്കുന്നു. നമ്മുടെ രൂപതയിലെ 98% കുട്ടികളും പരീക്ഷ എഴുതി. സ്റ്റേറ്റ് സിലബസിൽ പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് നവംബർ 7-ാം തീയതി രാവിലെ 11 മണിക്ക് പരീക്ഷ നടത്തപ്പെടുന്നതാണ്. 35-ൽ നടത്തപ്പെട്ട പരീക്ഷയുടെ മാർക്ക് എഴുപതിൽ ആക്കി രജിസ്റ്ററിൽ എഴുതുവാനും 15-നും 25 നും മധ്യേ ഇന്റേണൽ മാർക്ക് നൽകുവാനും ഓർമ്മിക്കുമല്ലോ.

## മതാധ്യാപകദിനം

നവംബർ 4-ാം തീയതി മതാധ്യാപകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് മതാധ്യാപകദിനം നാം ആചരിക്കുന്നു. അന്നോ നവംബർ 7 ഞായറാഴ്ചയോ വിശ്വാസജീവിതപരിശീലകരെ പ്രത്യേകം അനുസ്മരിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമായി മാറ്റി വയ്ക്കുന്നത് ഉചിതമായിരിക്കും. കുട്ടികൾ തങ്ങളുടെ അദ്ധ്യാപകരെ ആദരിക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ, വീഡിയോ, ഗാനങ്ങൾ, പ്രസംഗങ്ങൾ തുടങ്ങിയവ അവതരിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സൺഡേസ്കൂൾ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

## പ്ലാറ്റിനം ജൂബിലി

ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി വർഷാചരണം ഒക്ടോബർ 3-ാം തീയതി നെയ്യാട്ടുശ്ശേരി സെന്റ് ജോർജ് ഇടവകയിൽ വച്ച് അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് നിർവ്വഹിച്ചു. രൂപതാ മിഷൻലീഗിന്റെ മുൻ ഡയറക്ടർ കൂടിയായിരുന്ന പിതാവ് കുഞ്ഞുമിഷനറിമാർക്കായി ആവേശോജ്ജ്വലമായ സന്ദേശം നൽകുകയും കുട്ടികളെ അനുമോദിക്കുകയും ചെയ്തു. അന്നേദിവസം 11 മണിക്ക് പെരുവന്താനം സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ പ്രേഷിത റാലിയും ജൂബിലി സംഗമവും നടത്തപ്പെട്ടു. ഫൊറോനാ വികാരി വെരി റവ. ഫാ. തോമസ് നല്ലൂർ കാലായിപറമ്പിൽ, രൂപതാ ഡയറക്ടറച്ചൻ എന്നിവർ ചേർന്ന് ജൂബിലി ദീപം തെളിച്ചു. വിദ്യാർത്ഥി പ്രതിനിധികൾ ദീപശിഖാ പ്രയാണത്തിന് നേതൃത്വം നൽകി. പ്ലാറ്റിനം ജൂബിലി വർഷത്തിലെ ഇടവക-ഫൊറോനാതല പരിപാടികൾ #CML@75 എന്ന ഹാഷ്ടാഗ് ഉപയോഗിക്കുമല്ലോ.

ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യാനും പങ്കുവയ്ക്കാനും രൂപതാതല മിഷൻ സംഗമത്തിന് ഒരുക്കമായി ഒക്ടോബർ 4 മുതൽ 16 വരെ തീയതികളിൽ 6.00 p.m. മുതൽ 6.30 p.m. വരെ 13 ഫൊറോനകളിൽ ഇടവക എക്സിക്യൂട്ടീവ് അംഗങ്ങളുടെയും ആനിമേറ്റേഴ്സിന്റെയും ഓർഗനൈസർമാരുടെയും ഓൺലൈൻ മീറ്റിംഗ് നടത്തപ്പെട്ടു.

രൂപതാ ഡയറക്ടർ ഡോ. അഗസ്റ്റിൻ പുതുപ്പറമ്പിൽ, ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ, രൂപത ആനിമേറ്റർ സി. റിറ്റാ മരിയ FCC,

റീജന്റ് ബ്രദർ ജസ്റ്റിൻ മണിമല എല്ലാ ഫൊറോനകളിലെയും ഡയറക്ടറച്ചന്മാർ, ആനിമേറ്റേഴ്സ്, ഓർഗനൈസേഴ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. രൂപതാതല പ്ലാറ്റിനം ജൂബിലി കർമപദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലി വർഷത്തിൽ കുട്ടികൾക്കായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന പതിനഞ്ചിന കർമ്മപരിപാടികൾ.

- 75 തിരുവചനങ്ങൾ മനഃപാഠമാക്കുക.
- 75 വിശുദ്ധരെ അടുത്തറിയാം
- 75 ജപമാല ചൊല്ലി മിഷനുവേണ്ടി കാഴ്ചവെയ്ക്കാം
- 50 നോമ്പും 25 നോമ്പും ആചരിച്ച് പ്രത്യേകമായി 75 ദിവസം ഒരുങ്ങാം.
- 75 വൃക്ഷത്തൈകൾ വിതരണം ചെയ്യാം.
- 75 സജീവാംഗങ്ങളെ ഇടവകതലത്തിൽ കണ്ടെത്തി ജൂബിലി വർഷപ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക.
- മിഷനുവേണ്ടി പ്രാർത്ഥിക്കുന്ന 75 കുടുംബങ്ങളെ കണ്ടെത്താം.
- 75 വയസ്സിനു മുകളിലുള്ള ഇടവകാംഗങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അവർക്കുവേണ്ടി പ്രാർത്ഥിക്കുക. ക്ഷേമാന്വേഷണം നടത്തുക.
- ജൂബിലി പ്രാർത്ഥന മനഃപാഠമാക്കുക, അനുദിനം പ്രാർത്ഥിക്കുക.
- ജൂബിലി ഗാനം പഠിക്കുക, പാടുക.
- വീടുകളിൽ ജൂബിലി തിരി തെളിക്കുക.
- ഒരു ജൂബിലി സ്മാരകം ഇടവകയിൽ നിർമ്മിക്കുക.
- ഒരു ജൂബിലി വൃക്ഷം വീട്ടുപരിസരത്ത് നട്ട് പരിപാലിക്കുക.
- മനോഹരമായ ഒരു ജൂബിലി ഗാർഡൻ ദൈവാലയപരിസരത്ത് ക്രമീകരിക്കുക.
- ജൂബിലി മിഷൻ സംഗമം എല്ലാ ഇടവകകളിലും സംഘടിപ്പിക്കുക.

**മിഷൻ സംഗമം**

**അണക്കര :** അണക്കര ഫൊറോനയിലെ മുഴുവൻ മിഷൻലീഗ് അംഗങ്ങളെയും ചേർത്ത് നടത്തപ്പെട്ട ഫൊറോനാമിഷൻ സംഗമത്തിൽ ഫാ. വർഗ്ഗീസ് കാക്കല്ലിൽ ക്ലാസ് നയിച്ചു.

**റാന്നി പത്തനംതിട്ട :** തെക്കൻ മിഷനിലെ മിഷൻസംഗമം സെപ്റ്റംബർ 21-ാം തീയതി നടത്തപ്പെട്ടു. അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനെ പ്രത്യേകമായി ആദരിക്കുകയും നാമഹേതുക തിരുനാളാഘോഷിക്കുന്ന പിതാവിനെയും മറ്റു വൈദികരെയും അനുമോദിക്കുകയും ചെയ്തു. തുടർന്ന് ബഹു. നോബിൾ പാറയ്ക്കൽ അച്ചൻ കുട്ടികൾക്കായി ക്ലാസ് നയിച്ചു.

**കാഞ്ഞിരപ്പള്ളി ഫൊറോനാ :** കാഞ്ഞിരപ്പള്ളി ഫൊറോനയുടെ മിഷൻ സംഗമത്തിൽ സി. അനിത, സി. സൂന എന്നിവർ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു. വ്യത്യസ്തത നിറഞ്ഞ ഓൺലൈൻ സംഗമത്തിൽ ഫൊറോനായിലെ മുഴുവൻ മിഷൻലീഗ് അംഗങ്ങളും പങ്കെടുത്തു.

**മുണ്ടിയെരുമ ഫൊറോനാ :** ചെറുപുഷ്പമിഷൻലീഗ് മുണ്ടിയെരുമ ഫൊറോനായുടെ മിഷൻ സംഗമം ഒക്ടോബർ 10-ാം തീയതി ഞായറാഴ്ച രാമക്കൽമേട് തിരുഹൃദയ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9 മണിക്ക് രൂപതാ ഡയറക്ടറച്ചൻ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് മിഷൻലീഗ് പതാകയുയർത്തി പ്ലാറ്റിനം ജൂബിലി ദീപം തെളിക്കുകയും ഫൊറോനായിലെ വിവിധ ഇടവകകളിൽ നിന്നും വന്ന യൂണിറ്റ് പ്രസിഡന്റുമാർക്ക് ജൂബിലി ദീപം കൈമാറുകയും ചെയ്തു. ഫൊറോനായിലെ അധ്യാപകരുടെ ചെറുസംഗമവും നടത്തപ്പെട്ടു. ഏറ്റവും ഹൃദ്യമായി ചടങ്ങുകൾ ക്രമീകരിച്ച ഫൊറോന ഡയറക്ടർ ബഹു. ദേവസ്യ കിഴക്കേവേലിക്കകത്ത് അച്ചനും ആനിമേറ്റർ സി. ആൻസിൽ മരിയയ്ക്കും ഓർഗനൈസേഴ്സിനും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ആത്മാർത്ഥമായ നന്ദി..

**മിഷൻ ക്വിസ്**

മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ മിഷൻക്വിസ് മത്സരം 2021 നവംബർ 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ നടത്തപ്പെടുന്നു. ഗൂഗിൾ ഫോമിൽ നടത്തപ്പെടുന്ന ക്വിസ് മത്സരത്തിൽ

4 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും മൂന്നു പേരടങ്ങുന്ന ഒരു ടീമിനെ പങ്കെടുപ്പിക്കേണ്ടതാണ്. നവംബർ 7-ാം തീയതിക്കു മുമ്പായി പങ്കെടുക്കുന്ന കുട്ടികളുടെ പേരും അവരെ നയിക്കുന്ന ആനിമേറ്ററുടെ പേരും ഫോൺ നമ്പരും സുവാറ ഓഫീസിലെ വാട്ട്സ് ആപ്പ് നമ്പറിൽ (8547547317) അയച്ചു തരേണ്ടതാണ്.

വിഷയങ്ങൾ

വി. ലൂക്കായുടെ സുവിശേഷം : 1 - 9 അധ്യായങ്ങൾ
അപ്പസ്തോല പ്രവർത്തനങ്ങൾ : 1 - 9 അധ്യായങ്ങൾ
ആരാധന വത്സര കലണ്ടർ 2021
ചെറുപുഷ്പ മിഷൻലീഗ് - അടിസ്ഥാന വിവരങ്ങൾ
കുർബാനപുസ്തകം, പൊതുവിജ്ഞാനം (സഭാപരം)

**ഉണ്ണീശോയെത്തേടി**

ക്രിസ്തുമസിനൊരുക്കമായി കൊച്ചുകുട്ടികളുടെ ലഘുസന്ദേശങ്ങളടങ്ങിയ സ്റ്റാറ്റസ് വീഡിയോകൾ തയ്യാറാക്കുവാനും കുട്ടികൾക്കായി ചെറിയ ക്രിസ്തുമസ് മത്സരങ്ങൾ, ഫാൻസി ഡ്രസ് തുടങ്ങിയവ ക്രമീകരിക്കുവാനും ശ്രദ്ധിക്കുമല്ലോ.

**മിഷൻ സന്ദേശ്**

മിഷൻഞായറിനോടനുബന്ധിച്ച് മിഷൻസന്ദേശ് കളക്ഷൻ നടത്തുവാൻ തടസ്സം നേരിട്ടതിനാൽ ഡിസംബർ 31 ന് മുമ്പായി ഇടവകയിലെ സാഹചര്യമനുസരിച്ചു നടത്തുവാനും ലഭിക്കുന്ന തുക ഏന്തയാർ സെന്റ് ജൂഡ് ദൈവാലയ നിർമ്മാണത്തിനായി മിഷൻലീഗ് കേന്ദ്ര ഓഫീസിലെത്തിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. പതിനായിരത്തിനുമേലുള്ള തുക ബാങ്കിൽ നിക്ഷേപിച്ച് ഓഫീസിൽ അറിയിക്കാൻ പ്രത്യേകം ഓർമിക്കുമല്ലോ.

Bank Account Details :

Sahyadri - Ac. No. 1597

South Indian Bank, Kanjirapally, Ac. No. 0113053000005241, IFSC: SIBL000011; Vicar General & Director CML, Diocese of Kanjirapally

**മിഷൻ സന്ദേശ് - വർഷങ്ങളിലൂടെ**

1994 മുതൽ മിഷൻ സന്ദേശ് വഴി വിവിധ ഇടവകകളെ സഹായിക്കാൻ നമുക്കു സാധിച്ചു. ഓരോ വർഷവും ലഭിച്ച തുകയും സ്വീകരിച്ച ഇടവകയും.

| | | |
|---|---|---|
| 1994 | അഴങ്ങാട്,<br>വള്ളക്കടവ് (പെരിയാർ) | 25,500;<br>25,500 |
| 1995 | മാങ്ങാപ്പേട്ട | 49,394 |
| 1996 | മടുക്ക | 81,007 |
| 1997 | ഏയ്ഞ്ചൽവാലി | 1,25,000 |
| 1998 | ആനവിലാസം, ചെറുവള്ളിക്കുളം | 1,80,000 |
| 1999 | മരിയഗിരി, അന്യാർതൊളു | 1,70,000 |
| 2000 | ഗ്രീൻവാലി, ചെന്നാക്കുന്ന് | 1,50,000 |
| 2001 | പുറ്റടി | 1,10,000 |
| 2002 | പെരുനാട് | 1,00,000 |
| 2003 | കൽത്തൊട്ടി, നിരവ് | 1,00,000 |
| 2004 | കുരുമ്പൻമൂഴി, ചോറ്റുപാറ<br>ബേദ്‌ലഹേം ആശ്രമം ചാപ്പൽ | 1,25,000; 65,000;<br>60,000 |
| 2005 | റാന്നി, അരയാഞ്ഞിലിമണ്ണ്<br>(നിരവ്), പാലക്കാട് | 1,00,000; 75,000;<br>75,000 |
| 2006 | ഇടമൺ, കൂത്താട്ടുകുളം<br>ഉപ്പുതറ, തുലാപ്പള്ളി | 1,00,000; 60,000;<br>40,000; 1,00,000 |
| 2007 | മുക്കുളം, ഇടമൺ,<br>റാന്നി | 1,50,000; 1,40,000;<br>80,000 |
| 2008 | ശാന്തിഗിരി, പ്ലാച്ചേരി,<br>മ്ലാമല | 1,50,000; 1,50,000;<br>1,50,000 |

| | | |
|---|---|---|
| 2009 | കീരിക്കര, തേർഡ് ക്യാമ്പ്<br>ശാന്തിഗിരി, മ്ലാമല | 1,50,000; 1,50,000;<br>75,000; 75,000 |
| 2010 | വണ്ടൻപതാൽ, ഇടക്കുന്നം,<br>ചേനപ്പാടി, പെരുന്നാട് | 2,00,000; 1,75,000;<br>1,00,000; 1,00,000 |
| 2011 | ചാമംപതാൽ, തേർഡ് ക്യാമ്പ് | 3,50,000; 3,00,000 |
| 2012 | കരുണാപുരം | 7,40,000 |
| 2013 | വഞ്ചിമല | 9,90,000 |
| 2014 | ഏലപ്പാറ | 11,90,000 |
| 2015 | ചിന്നാർ | 13,00,000 |
| 2016 | പുളിങ്കട്ട | 15,55,000 |
| 2017 | കോഴഞ്ചേരി, നിർമ്മലഗിരി<br>അമലഗിരി (Special Contribution) | 8,60,000; 8,50,000;<br>50,000 |
| 2018 | പൂമറ്റം<br>പ്രളയസഹായം - ചങ്ങനാശ്ശേരി<br>അതിരൂപത (Special Contribution) | 21,10,000<br>4,00,000 |
| 2019 | പുള്ളിക്കാനം, കൊയ്നാട് | 10,68,000; 10,68,000 |
| 2020 | സീതത്തോട് | 12,24,000 |

**മിഷൻ ഞായർ: ഓൺലൈൻ സംഗമം**

രൂപതാതല മിഷൻ ഞായർ ആഘോഷങ്ങൾ ഒക്ടോബർ 31-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. മഴക്കെടുതികളെത്തുടർന്ന് മാറ്റി വയ്ക്കപ്പെട്ട പ്രസ്തുത സംഗമം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. പപ്പുവാ ന്യൂഗിനിയായിലെ ഐതപ്പെ രൂപതാധ്യക്ഷനും അഴങ്ങാട് ഇടവകാംഗവുമായ മാർ സിബി മാത്യു പീടികയിൽ മിഷൻ സന്ദേശം നൽകി. 13 ഫൊറോനാകളിലെയും വിദ്യാർത്ഥി പ്രതിനിധികൾ പ്ലാറ്റിനം ജൂബിലി വർഷത്തിൽ ഫൊറോനാ തലത്തിൽ നടത്തപ്പെടുന്ന കർമ്മപദ്ധതികൾ വിശദീകരിച്ചു.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

**1. വിശുദ്ധ ലൂക്കായുടെ സുവിശേഷം**

നവംബർ -ഡിസംബർ മാസങ്ങളിൽ വിശുദ്ധ ലൂക്കായുടെ സുവിശേഷത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പര ശനിയാഴ്ച കളിലും ഞായറാഴ്ചകളിലും വൈകുന്നേരം 6 മുതൽ 7 വരെ നടത്തപ്പെടുന്നതാണ്. ഈ കോഴ്സിൽ സംബന്ധിക്കുന്നവർക്ക് അപ്പസ്തോല പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന അടുത്ത കോഴ്സിൽ പങ്കെടുക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതാണ്. നവംബർ മാസത്തിലെ ക്ലാസ്സുകൾ താഴെക്കൊടുത്തിരിക്കുന്നു :

1. നവംബർ 6 ശനി : വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിനു ഒരു ആമുഖം
2. നവംബർ 7 ഞായർ : വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ പ്രധാന പ്രമേയങ്ങൾ
3. നവംബർ 13 ശനി : 1:1–2:52 ബാല്യകാല വിവരണം. ഭാഗം 1
4. നവംബർ 14 ഞായർ : 1:1–2:52 ബാല്യകാല വിവരണം. ഭാഗം 2
5. നവംബർ 20 ശനി : 3:1–4:13 പരസ്യ ശുശ്രൂഷയ്ക്ക് ഒരുക്കം
6. നവംബർ 21 ഞായർ :4:14–9:50 ഗലീലിയിലെ ശുശ്രൂഷ. ഭാഗം 1
7. നവംബർ 27 ശനി: 4:14–9:50 ഗലീലിയിലെ ശുശ്രൂഷ. ഭാഗം 2
8. നവംബർ 28 ഞായർ:4:14–9:50 ഗലീലിയിലെ ശുശ്രൂഷ. ഭാഗം 3

ഓൺലൈൻ ക്ലാസ്സുകളിൽ പ്രവേശിക്കുവാനുള്ള ലിങ്ക് ക്ലാസിന്റെ തലേദിവസം അയച്ചുതരുന്നതാണ്. ഈ ക്ലാസ്സുകളിൽ

സംബന്ധിക്കുവാൻ താല്പര്യമുള്ളവർ 9689739550 എന്ന വാട്സപ്പ് ഈ നമ്പറിലേക്ക് തങ്ങളുടെ പേര്, ഇടവക, വാട്സ്ആപ്പ് നമ്പർ, ഇ-മെയിൽ അഡ്രസ് എന്നിവ നവംബർ ആറിനു മുൻപായി അയച്ചു തരുക.

**2. പൂർത്തിയായ ക്ലാസുകൾ**

ബൈബിളിന് ഒരു ആമുഖം, വിശുദ്ധ മർക്കോസ് അറിയിച്ച സുവിശേഷം, വിശുദ്ധ മത്തായി അറിയിച്ച സുവിശേഷം, വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം, വെളിപാടിന് ഒരു ആമുഖം, നാം സോദരർ, പിതൃ ഹൃദയത്തോടെ. വീഡിയോ ക്ലാസുകൾക്കായി കാഞ്ഞിരപ്പള്ളി രൂപതയുടെ വെബ്സൈറ്റിൽ പാസ്റ്ററൽ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ബൈബിൾ അപ്പസ്തോലേറ്റ് വിഭാഗത്തിൽ 'Go to Bible class' എന്ന ശീർഷകത്തിൽ ക്ലിക്ക് ചെയ്യുക.

**ഫാ. തോമസ് നിരപ്പേൽ**
**ഡയറക്ടർ**

---

*In loving memory of*



**Mother Lilly Therese Chennattu OSB**

Mother Prioress and Foundress of
Nava Jyothi Benedictine Monastery, Nallathanny

Birth : 15-01-1946
Died : 16-10-2021

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**എൽറോയ് 2021**

കോവിഡ് സാഹചര്യത്തിൽ ഇടവകയിൽ നിന്നും അകന്നു പോയ യുവജനങ്ങളെ തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച എൽറോയി 2021-ന്റെ ഭാഗമായി ഒക്ടോബർ ഒമ്പതാം തീയതി വെളിച്ചിയാനി ഫൊറോനായിലെ മാങ്ങാപാറ ഇടവകയിൽ എസ്.എം.വൈ.എം. ഡയറക്ടർ ഫാദർ വർഗീസ് കൊച്ചുപുരയ്ക്കൽ, ബ്രദർ ജിറ്റോ എന്നിവർ ക്ലാസുകൾ നയിച്ചു.

**കെ.സി.വൈ.എം. അർദ്ധവാർഷിക സെനറ്റ്**

കൊല്ലം ബിഷപ്പ് ജെറോം ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെട്ട കെ.സി.വൈ.എം അർദ്ധവാർഷികസെനറ്റിൽ കാഞ്ഞിരപ്പള്ളി എസ്.എം.വൈ.എം. രൂപത പ്രസിഡന്റ് ശ്രീ. ആദർശ് കുര്യൻ, വൈസ് പ്രസിഡന്റ് ജോസ്മി ജെയിംസ്, ജനറൽ സെക്രട്ടറി തോമസ് രാജു കത്തിലാങ്കൽ, കെ.സി.വൈ.എം. സിൻഡിക്കേറ്റ് അഞ്ജന ഫിലിപ്പ്, അനിമേറ്റർ സിസ്റ്റർ റാണി മരിയ എന്നിവർ പങ്കെടുത്തു.

**പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ**

**എസ്.എം.വൈ.എം. ഹെല്പ് ഡസ്ക്**

ഒക്ടോബർ പതിനാറാം തീയതി അപ്രതീക്ഷിതമായി പെയ്ത മഴയിൽ റോഡുകളിൽ കുടുങ്ങിപ്പോയ എഴുപതോളം ആളുകൾക്ക് യാത്രാസൗകര്യവും താമസസൗകര്യവും ഒരുക്കി. മുപ്പതോളംപേരെ വെള്ളം ഇറങ്ങിയതിനുശേഷം തിരിച്ചു ഭവനങ്ങളിൽ എത്തിച്ചു. ഇവർക്ക് ആവശ്യമായ ഭക്ഷണ സൗകര്യങ്ങളും ക്രമീകരിച്ചു.

## അഞ്ചിലിപ്പ, ചെറുവള്ളി ശുചീകരണം

പ്രളയത്തിൽ വീടുകളിൽ മണ്ണും ചെളിയും കയറി ദുരിതമനുഭവിച്ച കുടുംബങ്ങൾക്ക് സഹായഹസ്തവുമായി ഒക്ടോബർ 17, 18 തീയതികളിലായി 160 യുവജനങ്ങൾ അഞ്ചിലിപ്പ, ചെറുവള്ളി മേഖലകളിലെ ഇരുപത്തഞ്ചിലധികം ഭവനങ്ങളും, അഭയ ഭവൻ എന്ന വയോധികരെ താമസിപ്പിക്കുന്ന ആശ്രമവും വൃത്തിയാക്കി കൊടുത്തു. ദുരിതമനുഭവിക്കുന്ന വീടുകളിലും, ദുരിതാശ്വാസ പ്രവർത്തകർക്കും രണ്ടുനേരത്തെ ഭക്ഷണവും നൽകി.

വെള്ളം കയറി പരിപൂർണ്ണ നാശനഷ്ടം സംഭവിച്ച നിർധന കുടുംബത്തിന് 10,000 രൂപ നൽകുകയും 8000 രൂപയ്ക്ക് വസ്ത്രങ്ങളും പാത്രങ്ങളും വാങ്ങി നൽകുകയും ചെയ്തു.

## റീബിൽഡ് മുക്കുളം

പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന മുക്കുളം, എന്തയാർ മേഖലകളിലെ ജനങ്ങൾക്ക് കൈത്താങ്ങായി ഒക്ടോബർ പത്തൊമ്പതാം തിയതി രൂപതയിലെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഇരുന്നൂറിലധികം യുവജനങ്ങളും, വൈദികരും സന്യസ്തരും കടന്നുവന്നു. ഉരുൾ പൊട്ടിയ മേഖലകളിലെ തകർന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കുകയും, മണ്ണ് കയറിയ വീടുകൾ വൃത്തിയാക്കുകയും, ദുരിതാശ്വാസപ്രവർത്തകർക്ക് യാത്രാസൗകര്യവും ഭക്ഷണ സൗകര്യവും ഒരുക്കുകയും ചെയ്തു. യുവജനങ്ങൾ ശേഖരിച്ച വസ്ത്രങ്ങളും പാത്രങ്ങളും വടക്കേമല ദുരിതാശ്വാസ ക്യാമ്പിൽ വിതരണം ചെയ്തു.

എസ്.എം.വൈ.എം. പ്രവർത്തകർ ശേഖരിച്ച പുതിയ വസ്ത്രങ്ങൾ അഴങ്ങാട് ദുരിതാശ്വാസ ക്യാമ്പിൽ വിതരണം ചെയ്തു. ഉരുൾപൊട്ടലിൽ ഗുരുതരമായി പരിക്കുപറ്റി ഓപ്പറേഷന് വിധേയനായ വ്യക്തിക്ക് ധനസഹായം നൽകുന്നതിനായി അമ്പതിനായിരം രൂപ സമാഹരിച്ച് രൂപതയിൽ ഏൽപ്പിച്ചു.

ഒക്ടോബർ 25 ഞായറാഴ്ച്ച കാഞ്ഞിരപ്പള്ളി രൂപതാ

# കുടുംബപ്രേഷിതത്വം

**സ്വാഗതം**

ഫാമിലി അപ്പോസ്തലേറ്റ് റാന്നി ഫൊറോനാ ഡയറക്ടറായി നിയമിതനായ പെരിയ ബഹു. തോമസ് മുണ്ടിയാനിക്കലച്ചനും പത്തനംതിട്ട ഫൊറോനാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. അഗസ്റ്റിൻ അത്തിമൂട്ടിലച്ചനും ഹൃദ്യമായ സ്വാഗതം.

**നന്ദി**

റാന്നി ഫൊറോനാ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറായി 2020 - 2021 വർഷങ്ങളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച

---

## സീറോ മലബാർ യൂത്ത് മൂവ്മെന്റ്

എസ്.എം.വൈ.എം.-ന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പിന്തുണയുമായി കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് (കെ.സി.വൈ.എം.) സംസ്ഥാന ഭാരവാഹികൾക്കൊപ്പം 110 സന്നദ്ധസേവകർ ഉരുൾപൊട്ടലുകളിൽ ദുരിതം വിതച്ച അഴങ്ങാട് ഗ്രാമത്തിലെ വഴി ശരിയാക്കി.

**ഉത്സവ് രചനാ മത്സരങ്ങൾ**

ഈ വർഷത്തെ രൂപതാതല ഉത്സവ് രചനാ മത്സരങ്ങൾ ഒക്ടോബർ 24 ഞായറാഴ്ച്ച നടത്തപ്പെട്ടു. ഓൺലൈനായിട്ടാണ് മത്സരങ്ങൾ നടത്തപ്പെട്ടത്.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

ബഹു. വർഗീസ് പാറയ്ക്കലച്ചനും പത്തനംതിട്ട ഫൊറോനാ ഡയറക്ടറായി 2020 – 2021 വർഷങ്ങളിൽ മനോഹരമായ ശുശ്രൂഷ ചെയ്ത ബഹു. തോമസ് പരിന്തിരിക്കലച്ചനും അകൈതവമായ കൃതജ്ഞത അറിയിക്കുന്നു.

**അവിവാഹിതരായവരുടെ കണക്കെടുപ്പ്**

പ്രായം കടന്നിട്ടും അവിവാഹിതരായി തുടരുന്ന നമ്മുടെ രൂപതയിലെ ആളുകളെ സംബന്ധിച്ചുള്ള വിവരശേഖരണം തുടരുന്നു. ഇനിയും ഫോം പൂരിപ്പിച്ച് നൽകാനുള്ളവർ കഴിവതും നേരത്തെ അത് തന്ന് സഹകരിക്കുമല്ലോ. 35 – 45 വയസ്സ് പ്രായപരിധിയിൽ അവിവാഹിതരായി തുടരുന്ന ആരും ഇടവകയിൽ ഇല്ലെങ്കിൽ ആ വിവരവും അറിയിച്ചാൽ നന്നായിരുന്നു.

**വിശ്വാസ കുടുംബം – പദപ്രശ്നം**

വിശ്വാസത്തിന്റെ ഉറവിടങ്ങളായ വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവും ലളിതമായി പഠിക്കുന്നതിനായി കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റ് ഒരുക്കുന്ന 'വിശ്വാസ കുടുംബം' പരിപാടിയുടെ ഭാഗമായി പദപ്രശ്നമത്സരം ആരംഭിക്കുന്നു. 2021 ഒക്ടോബർ 24 ഞായറാഴ്ച മുതൽ പദപ്രശ്നങ്ങൾ നിങ്ങൾക്ക് ലഭിച്ചുതുടങ്ങും. ആകർഷകമായി സമ്മാനങ്ങളോടെയുള്ള ഗ്രാന്റ് ഫിനാലെ 2022–ൽ നടത്തുന്നതാണ്.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# പിതൃവേദി

ഇടവകകളിൽ പിതൃവേദിയുടെ യൂണിറ്റ് രൂപീകരണം നടന്നു വരുന്നു. ഭാരവാഹികളുടെ പേര് വിവരങ്ങൾ എത്തിച്ചു നൽകിയവർക്ക് നന്ദി. ഇനിയും യൂണിറ്റ് രൂപീകരിക്കാനുള്ള ഇടവകകൾ എത്രയും വേഗം ഭാരവാഹികളെ നിശ്ചയിച്ച് വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രസംഗമത്സരവിജയികൾ**

രൂപതാ പിതൃവേദിയുടെ സഹകരണത്തോടെ ചെങ്ങളം പിതൃ വേദി, "മാർ യൗസേപ്പിതാവ്, പിതാക്കന്മാരുടെ മഹനീയ മാതൃക" എന്ന വിഷയത്തിൽ നടത്തിയ രൂപതാ തല പ്രസംഗമത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു.

1-ാം സമ്മാനം : മോൻസൺ പി.വി. വെട്ടിക്കാട്ട്, വണ്ടൻമേട്
2-ാം സമ്മാനം : ഷിൻസ് ജോസ്, അറയ്ക്കപ്പറമ്പിൽ, കണയങ്കവയൽ
3-ാം സമ്മാനം : പ്രിൻസ് മാത്യു, കൊറ്റനല്ലൂർ, കൊല്ലമുള

വിജയികൾക്ക് യഥാക്രമം 5001, 3001, 1001 രൂപ വീതം സമ്മാന തുകയും അവരുടെ ഇടവകകൾക്ക് ട്രോഫിയും നൽകി.

പ്രോത്സാഹന സമ്മാനങ്ങൾ

സൂരജ് കെ. മാത്യു പുത്തൻപുരയിൽ, ഇടക്കുന്നം
തങ്കച്ചൻ കാരയ്ക്കാട്ട്, കട്ടപ്പന
തോമസ് ജോസഫ് കിഴക്കുംകരയിൽ, പാലമ്പ്ര
വിൻസെന്റ് ആന്റണി, തകിടിയിൽ, ആനിക്കാട്
ജയിംസ് തോമസ് പുല്ലാട്ട്, കൂവപ്പള്ളി

വിജയികൾക്കുള്ള സമ്മാനങ്ങൾ ഒക്ടോബർ 24 ഞായറാഴ്ച ചെങ്ങളം ഇടവകയിൽ നടന്ന യോഗത്തിൽവച്ച് രൂപതാ ഡയറക്ടറച്ചൻ വിതരണം ചെയ്തു.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

**മാതൃവേദി കലോത്സവം - 2021**

കോവിഡ് - 19 ന്റെ സാഹചര്യത്തിൽ മാതൃവേദി കലോത്സവം ഈ വർഷവും ഓൺലൈനായി ആണ് നടത്തുന്നത്. ഇടവക, ഫൊറോന, രൂപത തലങ്ങളിൽ മത്സരം നടത്തുന്നതാണ്. ഇടവകകളിൽ മത്സരം നടത്തുന്ന രീതി അതാത് ഇടവകകൾക്ക് തീരുമാനിക്കാവുന്നതാണ്.

**രചനാമത്സരങ്ങൾ**

രചനാമത്സരങ്ങൾ പൊതുവായിരിക്കും. വി.യൗസേപ്പിതാവിനെക്കുറിച്ചുള്ള ലേഖന രചനാമത്സരം നടന്നതിനാൽ ഉപന്യാസ രചന കലോത്സവത്തിൽ ഉണ്ടായിരിക്കില്ല.

**കഥാരചന**

മത്സര സമയം : 2 മണിക്കൂർ
വിഷയം: മത്സരം ആരംഭിക്കുന്നതിന് 5 മിനിറ്റ് മുമ്പ് നൽകുന്നതാണ്.

**കവിതാരചന**

മത്സര സമയം : 1 മണിക്കൂർ
കവിത 25 വരികളിൽ കൂടരുത്.
വിഷയം: മത്സരം ആരംഭിക്കുന്നതിന് 5 മിനിറ്റ് മുമ്പ് നൽകുന്നതാണ്.

**പ്രബന്ധരചന**

വിഷയം: "വിശുദ്ധ വിവാഹങ്ങളിലേയ്ക്ക് മക്കളുടെ കൈ പിടിക്കേണ്ട അമ്മ." ഇടവകതലത്തിൽ നടക്കുന്ന മത്സരത്തിൽ മുന്നിലെത്തുന്ന 2 പ്രബന്ധങ്ങൾ നവംബർ 15 - നുള്ളിൽ ഫൊറോന ഭാരവാഹികൾക്ക്

എത്തിച്ച് നൽകേണ്ടതാണ്. ഫൊറോനാ ഭാരവാഹികൾ അവയിൽ നിന്ന് മികച്ച 2 പ്രബന്ധങ്ങൾ ഡിസംബർ 1ന് മുമ്പ് മാതൃവേദി രൂപതാ ഓഫീസിൽ എത്തിക്കുക. ഇടവക, ഫൊറോന തലങ്ങളിൽ വിജയി കളാകുന്നവർക്ക് അടുത്ത തലത്തിലേയ്ക്ക് അയയ്ക്കുന്നതിനു മുമ്പ് നിശ്ചിത സമയ പരിധിക്കുള്ളിൽ, ആവശ്യമെങ്കിൽ തങ്ങളുടെ പ്രബന്ധം മെച്ചപ്പെടുത്തി എഴുതുന്നതിന് അവസരം നൽകാവുന്ന താണ്. പ്രബന്ധത്തിന്റെ ഉള്ളടക്കം (ആമുഖം മുതൽ ഉപസംഹാരം വരെ) 15 പേജിൽ കവിയരുത്. (D.T.P ആണെങ്കിൽ 10 പേജ്, Fond size 12ൽ കുറയാൻ പാടില്ല). A4 പേപ്പറിൽ ആയിരിക്കണം. ഒരു പേജിൽ പരമാവധി 20 വരികൾ വരെയേ പാടുള്ളൂ. പേര്, അഡ്രസ്സ്, ഇടവക, ഫോൺനമ്പർ ഇവ വേറൊരു പേപ്പറിൽ എഴുതി പിൻ ചെയ്തിരിക്ക ണം. ഈ പേപ്പറിൽ ബഹു. യൂണിറ്റ് ഡയറക്ടറച്ചന്റെ ഒപ്പും ഇടവക യുടെ സീലും ഉണ്ടായിരിക്കണം. പ്രബന്ധത്തിനോടൊപ്പം പേരോ, അഡ്രസ്സോ, എഴുതിയ ആളിനെ തിരിച്ചറിയാൻ പറ്റുന്ന സൂചനകളോ ഉണ്ടെങ്കിൽ അത് അയോഗ്യതയായി കണക്കാക്കുന്നതാണ്. പ്രബ ന്ധത്തിന്റെ വിഷയത്തോടൊപ്പം ശാസ്ത്രീയവും ക്രമീകൃതവുമായ അവതരണം (വിഷയവിഭജനം, ഉള്ളടക്കം, അദ്ധ്യായം, നമ്പർ, ഉപ നമ്പർ, ഫുട്ട് നോട്ട്, ഗ്രന്ഥസൂചി etc) അവതരണം(കൈയ്യെഴുത്ത്, ലേഔട്ട്, ഭംഗി, വൃത്തി) തുടങ്ങിയവയും പരിഗണിക്കുന്നതാണ്.

**സ്റ്റേജ് മത്സരങ്ങൾ**

മത്സരങ്ങളുടെ നിബന്ധനകൾ ഇനി പറയുന്ന വിധത്തിലാണ്.

**മത്സര ഇനങ്ങളും നിബന്ധനകളും**

**1. ലളിതഗാനം:** [വി.ജിയന്ന വിഭാഗം (ജൂനിയർ), വി.മോനിക്ക വിഭാഗം (സീനിയർ)]

സമയം 5 മിനിറ്റ്. ക്രിസ്തീയഭക്തിഗാനം ആയിരിക്കണം.

ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല.

**2. പ്രസംഗം:** [വി.ജിയന്ന വിഭാഗം (ജൂനിയർ), വി.മോനിക്ക

വിഭാഗം (സീനിയർ)]

സമയം 5 മിനിറ്റ്, വിഷയം: ബൈബിളിലെ അമ്മമാർ : അതി ജീവനത്തിന്റെ മാതൃകകൾ

**3. സമൂഹഗാനം (പൊതുവിൽ)**

സമയം 7 മിനിറ്റ്. ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം. ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. ഒരു ഗ്രൂപ്പിൽ അഞ്ച് പേരിൽ കുറയാനോ ഏഴു പേരിൽ കൂടാനോ പാടില്ല.

**4. പദ്യോച്ചാരണം (പൊതുവിൽ)**

സമയം 5 മിനിറ്റ്. ബൈബിൾ അധിഷ്ഠിതമായ ക്രൈസ്തവ പദ്യങ്ങളാണ് അവതരിപ്പിക്കേണ്ടത്. കവിയുടെ പേരും, കവിതാ സമാഹാരത്തിന്റെ/ പുസ്തകത്തിന്റെ/പദ്യത്തിന്റെ പേരും ആമുഖമായി പറയേണ്ടതാണ്.

**പൊതുനിബന്ധനകൾ**

* മത്സരാർത്ഥികളെ വി.മോനിക്ക ഗ്രൂപ്പ് (സീനിയർ) (45 വയസ്സിനു മുകളിൽ) വി.ജിയന്ന ഗ്രൂപ്പ് (ജൂനിയർ) (45 വയസ്സിനു താഴെ) എന്നിങ്ങനെ തിരിച്ചിരിക്കുന്നു.
* 1975 ജനുവരി 1ന് മുമ്പ് ജനിച്ചവർ വി.മോനിക്ക ഗ്രൂപ്പിലും, 1975 ജനുവരി 1 മുതൽ ജനിച്ചവർ വി.ജിയന്നാ ഗ്രൂപ്പിലും ഉൾപ്പെടുന്നു.
* കലോത്സവത്തിൽ സ്റ്റേജ് ഇനങ്ങളിൽ (ഗ്രൂപ്പ് ഇനങ്ങൾ ഉൾപ്പെടെ) ഒരാൾക്ക് പങ്കെടുക്കാവുന്ന മത്സരങ്ങളുടെ എണ്ണം രണ്ടായി നിജപ്പെടുത്തിയിരിക്കുന്നു.
* ഇടവകയിൽ നിന്ന് ഫൊറോനാ തലത്തിലേക്ക് മത്സരിക്കേണ്ട ആളുകളെ നാമനിർദേശം ചെയ്തോ മത്സരങ്ങൾ നടത്തിയോ തെരഞ്ഞെടുക്കാവുന്നതാണ്.
* ഓരോ ഇനത്തിലും ഇടവകയിൽ നിന്ന് ഒന്നാം സമ്മാനം ലഭിക്കുന്ന/തെരഞ്ഞെടുക്കപ്പെടുന്ന ഓരാൾക്ക് / ഒരു ഗ്രൂപ്പിന് ആണ് ഫൊറോനാ മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുക.

* രൂപതാ ഭരണസമിതി അംഗങ്ങൾ മത്സരങ്ങളിൽ പങ്കെടുക്കുന്നില്ല.
* ഫൊറോനാ, യൂണിറ്റ് ഭാരവാഹികളുടെ മത്സരത്തിലെ പങ്കാളിത്തത്തെക്കുറിച്ച് അതാത് തലങ്ങളിൽ തീരുമാനിക്കാവുന്നതാണ്.
* റെക്കോർഡ് ചെയ്ത വീഡിയോകളായി ആണ് എൻട്രികൾ അയക്കേണ്ടത്.
* ആരംഭത്തിലും അവസാനത്തിലും ഉള്ള മുറിച്ചുമാറ്റൽ ഒഴികെയുള്ള എഡിറ്റിംഗ് അനുവദനീയമല്ല.
* റിക്കോർഡിംഗിൽ സാങ്കേതിക തകരാറുകൾ ഇല്ല എന്നും നിങ്ങൾ അയച്ച എൻട്രി ശരിയായും പൂർണ്ണമായും ഫൊറോനായിൽ എത്തിയിട്ടുണ്ടെന്നും ഇടവക ഭാരവാഹികൾ ഉറപ്പ് വരുത്തേണ്ടതാണ്.
* ഓഡിയോ റിക്കോഡിംഗിന് മൈക്രോഫോൺ ഉപയോഗിക്കാവുന്നതാണ്. റിക്കോഡിംഗിന് ക്യാമറയോ മൊബൈൽഫോണോ ഉപയോഗിക്കാവുന്നതാണ്.

**വീഡിയോ റെക്കോർഡ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. വീഡിയോയിൽ മത്സരാർത്ഥികളുടെ മുഖം വ്യക്തമായി കാണാവുന്ന വിധത്തിൽ ആയിരിക്കണം റെക്കോർഡ് ചെയ്യേണ്ടത്.
2. ഹെഡ് ഫോൺ, ഇയർ ഫോൺ എന്നിവ ഉപയോഗിക്കാൻ പാടില്ല എന്നാൽ സംഗീത (സിംഗിൾ സോങ്ങ്) മത്സരത്തിൽ ഇയർഫോൺമൈക്ക് റെക്കോഡിങ്ങിന് ഉപയോഗിക്കാവുന്നതാണ്.
3. ഒറ്റ വീഡിയോ ആയി വേണം എൻട്രികൾ അയയ്ക്കാൻ.
4. ഗാനങ്ങളിൽ ഇതര മത ശ്ലോകങ്ങൾ, സ്വരങ്ങൾ മുതലായവ ഉണ്ടാകാൻ പാടില്ല.
5. വീഡിയോകൾ തുറക്കുന്നതിനും അയയ്ക്കുന്നതിനും സാങ്കേതികമായ പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധത്തിൽ വേണം റെക്കോർഡ് ചെയ്യാനും അയയ്ക്കാനും.
6. മത്സരത്തിനിടയിൽ അസ്വസ്ഥതകൾ ഉണ്ടാകുന്ന വിധത്തിൽ മറ്റു

ള്ളവരുടെയോ ജീവികളുടെയോ യന്ത്രങ്ങളുടെയോ സ്വരങ്ങൾ കടന്നുവരാതെ ശ്രദ്ധിക്കേണ്ടതാണ്.

7. സെൽഫി മോഡിൽ വീഡിയോ എടുക്കരുത്.

8. മത്സരാർത്ഥിയെ തിരിച്ചറിയാവുന്ന സൂചനകളൊന്നും - പേര്, വീട്ടുപേര്, ഇടവക, സ്ഥലം etc.വീഡിയോയിൽ ഉണ്ടാകാതെ സൂക്ഷിക്കണം.

9. ഏതെങ്കിലും തരത്തിലുള്ള കൃത്രിമം നടത്തുന്നവരെ മത്സരങ്ങളിൽ നിന്ന് അയോഗ്യരാക്കുന്നതാണ്.

ഇടവക മത്സരങ്ങൾ ഒക്ടോബർ 31നുള്ളിലും ഫൊറോനാ മത്സരങ്ങൾ നവംബർ 20ന് ഉള്ളിലും പൂർത്തിയാക്കേണ്ടതാണ്.

**മാതൃവേദി രൂപതാ കലോത്സവം 2021 - സമയക്രമം**

2021 ഒക്ടോബർ 31 ഞായർ

- ഇടവകതല മത്സരങ്ങൾ പൂർത്തിയാക്കേണ്ട അവസാന തീയതി

2021 നവംബർ 15 തിങ്കൾ

- ഇടവകതല പ്രബന്ധ രചനയിൽ മുന്നിലെത്തിയ രണ്ട് പ്രബന്ധങ്ങൾ ഫൊറോനായിൽ എത്തിക്കേണ്ട അവസാന തീയതി.

2021 നവംബർ 20 ശനി

- ഫൊറോനാ തല മത്സരങ്ങൾ പൂർത്തിയാക്കേണ്ട അവസാന തീയതി

2021 നവംബർ 21 ഞായർ

- രൂപതാ കലോത്സവത്തിന്റെ രജിസ്ട്രേഷൻ ആരംഭിക്കുന്നു.

നവംബർ 26-30

- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി രജിസ്ട്രേഷൻ/ ചെസ്റ്റ് നമ്പരുകൾ നൽകുന്നു.

നവംബർ 30 ചൊവ്വ

- ഫൊറോനായിൽ നിന്നുള്ള പ്രബന്ധങ്ങൾ രൂപതയിൽ ലഭിക്കേണ്ട അവസാന തീയതി

ഡിസംബർ 4 ശനി

- കഥാരചന മത്സരം 9.55 am - വിഷയം നൽകുന്നു

  12.00 pm - മത്സരസമയം അവസാനിക്കുന്നു

  12.30 pm - കഥ എഴുതിയത് രൂപത ഓഫീസിൽ ലഭിക്കേണ്ട സമയം അവസാനിക്കുന്നു.

ഡിസംബർ 5 ഞായർ

- പ്രസംഗം (ജിയന്ന വിഭാഗം) വീഡിയോ രൂപതാ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി

ഡിസംബർ 5 ഞായർ

- കവിത രചന മത്സരം

  1.55 pm മത്സര വിഷയം നൽകുന്നു.

  2.00 pm മത്സരം ആരംഭിക്കുന്നു

  3.00 pm മത്സര സമയം അവസാനിക്കുന്നു

  3.30 pm കവിത എഴുതിയത് രൂപതാ ഓഫീസിൽ ലഭിക്കേണ്ട സമയം അവസാനിക്കുന്നു.

ഡിസംബർ 7 ചൊവ്വ

- പ്രസംഗം (വി.മോനിക്ക വിഭാഗം) വീഡിയോ രൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം

ഡിസംബർ 10 വെള്ളി

- സംഗീതം (വി.ജിയന്ന വിഭാഗം) വീഡിയോ രൂപതയിൽ ലഭിക്കേണ്ട അവസാന തീയതി

ഡിസംബർ 12 ഞായർ

- സംഗീതം (വി.മോനിക്ക വിഭാഗം) വീഡിയോ രൂപതയിൽ ലഭിക്കേണ്ട അവസാന തീയതി

ഡിസംബർ 15 ബുധൻ

- സമൂഹഗാന മത്സരം - വീഡിയോ രൂപതയിൽ ലഭിക്കേണ്ട അവസാന തീയതി

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**ഗോൾഡൻ ജൂബിലി പ്രയർ**

ഒക്ടോബർ 2 ന് നടത്തിയ ദേശീയ മദ്ധ്യസ്ഥപ്രാർത്ഥനാ ദിന ചെയിൻ പ്രാർത്ഥനയിൽ കാഞ്ഞിരപ്പള്ളി സോൺ പങ്കുചേർന്നു.

**അൽഫോൻസാ പദയാത്ര**

കാഞ്ഞിരപ്പള്ളി സോണിന്റെ 14-ാമത് ഭരണങ്ങാനം പദയാത്ര ദേശീയ മദ്ധ്യസ്ഥപ്രാർത്ഥനാ ദിനമായ ഒക്ടോബർ 2 ന് ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ തീർത്ഥാടനകേന്ദ്രമായ കാഞ്ഞിരപ്പള്ളി അക്കരപ്പള്ളിയിൽ നിന്നും രാവിലെ 8.30 ന് ജപമാല പ്രാർത്ഥനചൊല്ലി വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കലെത്തി പ്രാർത്ഥിച്ചു.

**മിനിസ്ട്രി പ്രോഗ്രാമുകൾ**

KCBC കരിസ്മാറ്റിക് കമ്മീഷൻ, കെ.സി.ബി.സി. സംയുക്തമായി സോണുകളുടെയും സെൻട്രൽ മിനിസ്ട്രികളുടെയും കൗൺസിലുകളുടെയും നേതൃത്വത്തിൽ യുവജനപങ്കാളിത്തത്തോടെ ഒരുക്കിയ ജപമാല പ്രാർത്ഥനായഞ്ജത്തിൽ ഒക്ടോബർ 12-ാം തീയതി കാഞ്ഞിരപ്പള്ളി സോൺ പങ്കെടുത്തു.

**CCR ഗോൾഡൻ ജൂബിലി വാർഷികം 2022**

വിജയത്തിനായി 2021 സെപ്റ്റംബർ 1 മുതൽ ഡിസംബർ 31 വരെ ദിവസങ്ങളിൽ കേരളഘടകം ഒരുക്കുന്ന ദിവ്യകാരുണ്യആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും പൊതു നിയോഗങ്ങളും മുടങ്ങാതെ മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി വഴി നൽകപ്പെടുന്നു.

## ലൈഫ് ഇൻ ദ സ്പിരിറ്റ് (LSS)

ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാറിന്റെ ഭാഗമായി വചനപരിശീലനം, നന്ദി, സ്തുതി, ആരാധന, മദ്ധ്യസ്ഥപ്രാർത്ഥന, പരിശീലനങ്ങൾ എല്ലാ ആഴ്ചകളിലും തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ നൽകിവരുന്നു. കൂടാതെ എല്ലാ മാസത്തിലെ രണ്ടും നാലും വ്യാഴാഴ്ചകളിലും പൊതുഗ്രൂപ്പ് സെമിനാറും നടത്തിവരുന്നു.

## തുവാനിസ മിനിസ്ട്രി

തുവാനിസ മിനിസ്ട്രിയുടെ നേതൃത്വത്തിൽ അഖണ്ഡജപമാല ശുശ്രൂഷകൾ സബ്സോണുകളുടെ സഹകരണത്തോടെ മുടങ്ങാതെ തുടരുന്നു.

## ക്രിസ്റ്റിൻ മിനിസ്ട്രി

ക്രിസ്റ്റിൻ മിനിസ്ട്രിയുടെ “വചനദീപ്തി” പ്രോഗ്രാമിലൂടെ എല്ലാ ദിവസവും മനഃപാഠമാക്കുക എന്ന ലക്ഷ്യത്തോടെ വചനഭാഗങ്ങൾ കുട്ടികൾക്കായി ലഭ്യമാക്കുന്നുണ്ട്. ഓൾ കേരള ക്രിസ്റ്റിൻ മിനിസ്ട്രിയോട് ചേർന്ന് ഒക്ടോബർ മാസം 13-ാം തീയതി കാഞ്ഞിരപ്പള്ളി സോൺ ജപമാല പ്രാർത്ഥനയിൽ പങ്കെടുത്തു. അതുപോലെ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന മരിയൻ ധ്യാനത്തിലും കുട്ടികൾ പങ്കെടുക്കുകയുണ്ടായി.

## ആദരാഞ്ജലികൾ

കാഞ്ഞിരപ്പള്ളി സോണിന്റെ മുണ്ടക്കയം സബ്സോൺ സജീവാംഗമായ മുത്തോലിയിൽ സിറിയക്ക് ജോർജ് ഒക്ടോബർ 5-ാം തീയതി നിര്യാതനായി. കാഞ്ഞിരപ്പള്ളി കരിസ്മാറ്റിക് കുടുംബത്തിന്റെ പ്രാർത്ഥനയും ആദരാഞ്ജലികളും അർപ്പിക്കുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ഒക്ടോബർ 2021**

1 വൈദികരുടെ വാർഷികധ്യാനത്തിന്റെ സമാപനദിവസത്തിൽ അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിനെയും രൂപതയിലെ പരേതരായ മറ്റ് വൈദികരെയും അനുസ്മരിച്ച് ബഹു. ജോസ് തറപ്പേലച്ചൻ പരിശുദ്ധ കുർബാനയർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

10 അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് മൈനർ സെമിനാരി സന്ദർശിക്കുകയും പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും വൈദികവിദ്യാർത്ഥികളുമായി കോൺഫറൻസ് നടത്തുകയും ചെയ്തു.

13 ഒന്നാം സെമസ്റ്റർ ക്ലാസുകൾ അവസാനിച്ചു.

\- മൂന്നാം വർഷ വൈദികവിദ്യാർത്ഥികളുടെ പ്ലസ്‌വൺ ഫൈനൽ പരീക്ഷകൾ സമാപിച്ചു.

16 വൈദികവിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ ആരംഭിച്ചു.

30 വൈദികവിദ്യാർത്ഥികളുടെ സെമസ്റ്റർ പരീക്ഷകൾ അവസാനിച്ചു.

30-31 വൈദികവിദ്യാർത്ഥികൾക്കായുള്ള മാസധ്യാനം നടത്തപ്പെട്ടു.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**അഖണ്ഡജപമാല**

ഒക്ടോബർ 1-ാം തീയതി മുതൽ മുപ്പത്തിയൊന്നാം തീയതി വരെ അഖണ്ഡജപമാല ഓൺലൈനായി നടത്തി. ബഹുമാനപ്പെട്ട വൈദികരും, സിസ്റ്റേഴ്സും, ശുശ്രൂഷകരും വിവിധ സമയങ്ങളിൽ നേതൃത്വം നൽകി.

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

ഒക്ടോബർ 2-ാം തീയതി രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെ ഡയറക്ടർ ബഹു. ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവൻഷൻ ഓൺലൈനായി നടത്തി. ഫാ. റോബിൻസ് മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ഫാ. ചാക്കോച്ചൻ കളപ്പുരയിൽ, ഫാ. ലിജു കീറ്റിക്കൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**തക്കല രൂപതാ വൈദികർക്കായുള്ള കൃപാഭിഷേക വാർഷിക ധ്യാനം**

ഒക്ടോബർ 3-ാം തീയതി മുതൽ 8-ാം തീയതി വരെ തക്കല രൂപതയിലെ ബഹുമാനപ്പെട്ട വൈദികർക്കായുള്ള വാർഷികധ്യാനം ബഹു. ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ തക്കലയിൽവച്ച് നടത്തി. റവ. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**International Healing & Deliverance Retreat for Sisters**

ഒക്ടോബർ 13-ാം തീയതി മുതൽ 17-ാം തീയതി വരെ ലോകമെമ്പാടുമുള്ള സിസ്റ്റേഴ്സിനായുള്ള കൃപാഭിഷേക ധ്യാനം ഓൺലൈനായി നടത്തി. ബഹു. ഡോമിനിക് വാളന്മനാൽ അച്ചൻ

നേതൃത്വം നൽകിയ ശുശ്രൂഷകളിൽ ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ സഹായിച്ചു. 18 രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ 25 സംസ്ഥാനങ്ങളിൽ നിന്നുമായി 8000-ത്തോളം സിസ്റ്റേഴ്സ് ഓൺലൈനായി ധ്യാനത്തിൽ പങ്കെടുത്തു.

**Missionaries of Grace - Youth One day Prayer Conference**

ഒക്ടോബർ 23-ാം തീയതി യുവജനങ്ങൾക്കായുള്ള ഏകദിന follow-up prayer conference അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ നിന്ന് നടത്തി.

**മരിയൻ ഓൺലൈൻ കൃപാഭിഷേക കൺവെൻഷൻ**

ഒക്ടോബർ 28-ാം തീയതി മുതൽ 31-ാം തീയതി വരെ കൃപാഭിഷേക ധ്യാനം ഓൺലൈൻ ആയി നടത്തി. ഒപ്പം അഖണ്ഡജപമാലയുടെ സമാപനവും നടത്തി. ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകിയ ശുശ്രൂഷകളിൽ റവ. ഫാ. തോമസ് അറക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസി, ബ്രദർ വിൻവി എന്നിവർ സഹായിച്ചു.

**ഏകദിന ശുശ്രൂഷകൾ**

അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ചു ഒക്ടോബർ 11-ാം തീയതി ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ ഏകദിനശുശ്രൂഷ നടത്തി.

**ഓൺലൈൻ ശുശ്രൂഷകൾ**

എല്ലാ ദിവസവും വൈകിട്ട് 5 മണി മുതൽ 8 മണി വരെ നടക്കുന്ന ഓൺലൈൻ ശുശ്രൂഷയിൽ ജപമാലയും വിശുദ്ധ കുർബാനയും ദൈവവചന പ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നടത്തപ്പെടുന്നു. ഫാ. റോബിൻസ് മറ്റത്തിൽ, ഫാ. തോമസ് അറക്കൽ, ഫാ. ലിജു കീറ്റിക്കൽ എന്നിവർ ദിവസേനയുള്ള ശുശ്രൂഷകളിൽ നേതൃത്വം നൽകുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ മധ്യസ്ഥപ്രാർത്ഥനാസഹായത്തിനായി ഫോണിലൂടെ സംസാരിക്കുന്നതിന് സൗകര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

വിളിക്കേണ്ട ഫോൺ നമ്പറുകൾ : 9526022215, 7306065493, 7306086060, 7306055176

## Resurrection


Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡോമിനിക് വാളന്മനാൽ അച്ചൻ യുട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവയ്ക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1.30 നും തിങ്കൾ വൈകിട്ട് 5 മണിക്കും വ്യാഴം രാവിലെ 6.30 നും കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6.30 നും ചൊവ്വാഴ്ച രാവിലെ 6.30 നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- ആഗോള മിഷൻ മദ്ധ്യസ്ഥയും പ്രൊവിൻഷ്യൽ ഹൗസിന്റെ മദ്ധ്യസ്ഥയുമായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു.
- പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രൊവിൻഷ്യൽ ടീം അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിനെ സന്ദർശിച്ചു.
- ഒക്ടോബർ 4 ന് 11 അർത്ഥിനികൾ നൊവിഷ്യറ്റിൽ പ്രവേശിച്ചു.
- പ്രൊവിൻഷ്യൽ ടീം ആലുവ ജനറലേറ്റ് സന്ദർശിച്ച് ജനറൽ ടീമിനെ അഭിനന്ദനങ്ങൾ അറിയിച്ചു.
- റവ. ഫാ. ഡൊമിനിക് വാളന്മനാൽ നടത്തിയ ഇന്റർനാഷണൽ സിസ്റ്റേഴ്സ് റിട്രീറ്റിൽ പ്രൊവിൻസിലെ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- മിഷൻ സൺഡേയോട് ചേർന്ന് മിഷൻ അനുഭവം കുട്ടികൾക്ക് നല്കാൻ ജയ്പ്പൂർ, ആഫ്രിക്ക, ഇറാക്ക് എന്നിവിടങ്ങളിൽ സേവനം ചെയ്യുന്ന സി. അനിത, സി. സൂനാ ടോം, സി. റ്റെസ് മരിയ എന്നിവർ പല ഇടവകകളിലായി മിഷൻ അനുഭവം പങ്കുവച്ചു.
- കാലവർഷക്കെടുതിയിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ എല്ലാം നഷ്ടപ്പെട്ട വടക്കേമല, പൊടിമറ്റം എന്നീ സ്ഥലങ്ങളിലും അഞ്ചിലിപ്പ അഭയഭവനിലും സന്ദർശനം നടത്തി അടിയന്തരസഹായം നൽകി. അതിന്റെ ഭാഗമായി കൗൺസിലിംഗ്, മെഡിക്കൽ സഹായം, കിറ്റ് വിതരണം എന്നിവ നടത്തി.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവർപ്പിച്ച ആഘോഷമായ ദിവ്യബലിമധ്യേ നോവിസസ് നാലുപേർ നിമ്മി മാത്യു കണിപറമ്പിൽ, വെള്ളാരംകുന്ന്, ധന്യാമേരി ജോർജ് പുതിയാപറമ്പിൽ എരുമേലി, ജയിൻ ഷാജി ഒഴത്തിൽ മ്ലാമല, ജസ്റ്റി ക്ലീറ്റസ് പുല്ലാനിത്തുണ്ടത്തിൽ കോഴിമല എന്നിവർ സഭാവസ്ത്രം സ്വീകരിച്ച് പ്രഥമവ്രതവാഗ്ദാനം നടത്തി.
- എല്ലാ പ്രോവിൻസിലെയും നോവിസസിനെ ഒരുമിച്ചുചേർത്ത് ജനറൽ തലത്തിൽ ക്ലാരപുരത്തുവച്ച് നടത്തിയ ഒരാഴ്ചത്തെ കോഴ്സിൽ ഒന്നാംവർഷ നോവിസസ് പങ്കെടുത്തു.
- തമിഴ്നാട്ടിൽ തെങ്കാശി മിഷനിൽ സിസ്റ്റേഴ്സിനായി ഒരു ഭവനം പണിതീർത്തു. അതിന്റെ വെഞ്ചരിപ്പ് കർമ്മം തക്കല ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് രാജേന്ദ്രൻ പിതാവ് നിർവ്വഹിച്ചു.
- ബഹുമാനപ്പെട്ട ഡൊമിനിക്ക് വാളമനാൽ അച്ചൻ സിസ്റ്റേഴ്സിനായി നടത്തിയ ഓൺലൈൻ ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയ ഉണർവ്വ് നേടുന്നതിന് എല്ലാവരും ശ്രദ്ധിച്ചു.
- പോർസ്യുങ്കളാ ഭവനത്തിൽ നടക്കുന്ന ജനറൽ സിനാക്സിസിൽ പങ്കെടുക്കുവാൻ പ്രൊവിൻഷ്യൽ സി. അമല, സി. ജോസി ട്രീസ, സി. ജൂലി, സി.ആനി മരിയ എന്നിവർ ആലുവായിലേക്ക് പോയി.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- കോവിഡ് -19 മഹാമാരിക്കാലത്ത് രക്തം കിട്ടാതെ രോഗികൾ വലയുന്നു എന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ പാലാ ബ്ലഡ്ഫോറം, ജനമൈത്രി പോലീസ് എന്നിവരുടെ സഹകരണത്തോടെ സാൻജിയോവാനി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് രക്തദാനക്യാമ്പ് നടത്തപ്പെട്ടു. 45 സിസ്റ്റേഴ്സ് രക്തദാനം ചെയ്ത പ്രസ്തുത ക്യാമ്പിന്റെ ഉദ്ഘാടനം കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് നിർവ്വഹിച്ചു. കാഞ്ഞിരപ്പള്ളി ഡി.വൈ.എസ്.പി ശ്രീ ബാബുക്കുട്ടൻ മുഖ്യപ്രഭാഷണം നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ അമല കിടങ്ങത്താഴെ,

വാർഡ് മെമ്പർ ശ്രീ ആന്റണി മാർട്ടിൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

- കാഞ്ഞിരപ്പള്ളി രൂപതാ പാസ്റ്ററൽ കൗൺസിലിൽ മദർ അമല കിടങ്ങത്താഴെ സംബന്ധിച്ചു.

- അണക്കര മരിയൻ ധ്യാന കേന്ദ്രത്തിൽ നിന്നും ബഹു. ഡൊമിനിക്ക് വാളന്മനാലച്ചന്റെ നേതൃത്തിൽ നടത്തപ്പെട്ട Grace Anointing Deliverance Retreat ൽ വിദേശത്തും, മിഷനിലും, ഉള്ള സിസ്റ്റേഴ്സ് എല്ലാവരും തന്നെ സംബന്ധിച്ചു.

- ജനറൽ സിനാക്സിസിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രൊവിൻഷ്യൽ സിനാക്സിസ് ഒക്ടോബർ 1,2,3 തീയതികളിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. പൊടിമറ്റം മൈനർ സെമിനാരി റെക്ടർ പെ.ബഹു. ജോൺ പനച്ചിക്കലച്ചൻ സിനാക്സിസ് അംഗങ്ങൾക്ക് ധ്യാനചിന്തകൾ പങ്കുവെച്ചു.

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ മാനസികപ്രശ്നങ്ങളെ കൗൺസിലിംഗിലൂടെ പരിഹരിക്കുന്നതിനായി കുന്നുംഭാഗത്ത് ആരംഭിച്ചിരിക്കുന്ന Bench Zone എന്ന സ്ഥാപനത്തിന്റെ ഉദ്ഘാടന കർമ്മത്തിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. മെർളിൻ കാഞ്ഞിരത്തിങ്കൽ, സി. കുസുമം ശകലാപുരിയിൽ എന്നിവർ സംബന്ധിച്ചു.

- ആരാധനാ സന്യാസിനീ സമൂഹത്തിന്റെ പുതിയ പ്രേഷിത രംഗമായ ഇക്വഡോറിൽ മിഷൻ പ്രവർത്തനത്തിനായി സി. അന്നാമരിയ മടുക്കാവുങ്കൽ ധീരതയോടെ പുറപ്പെട്ടു.

- ബഹു. ജസ്റ്റിൻ പഴേപറമ്പിലച്ചന്റെ സഹോദരിയുടെ നിര്യാണത്തിൽ ബഹു. പ്രൊവിൻഷ്യലമ്മയും, കൗൺസിലേഴ്സും മൃതദേഹം സന്ദർശിച്ച് അന്തിമോപചാരം അർപ്പിച്ചു.

- കഴിഞ്ഞ 38 വർഷം റോമിലും സ്വിറ്റ്സർലണ്ടിലും ആതുരശുശ്രൂഷാരംഗത്ത് സേവനം ചെയ്ത് കർത്തവ്യനിർവ്വഹണത്തിൽ നിന്നും വിരമിച്ച് നാട്ടിൽ തിരിച്ചെത്തിയ സി. ക്ലാരൻസ്

കള്ളികാടിന് പ്രൊവിൻഷ്യൽ ഹൗസിൽ സ്നേഹോഷ്മള മായ സ്വാഗതം നൽകി.

- അതിതീവ്രമഴയിലും ഉരുൾപൊട്ടലിലും സർവ്വം നഷ്ടപ്പെട്ട അഞ്ചിലിപ്പ അഭയഭവനിലെ അന്തേവാസികളുടെ മഴയിലും, ചെളിയിലും കുതിർന്നപോയ ഉപയോഗയോഗ്യമായ വസ്ത്രങ്ങൾ അലക്കി വൃത്തിയാക്കി കൊടുക്കുവാൻ ബഹു. പ്രൊവിൻഷ്യല മ്മയും സിസ്റ്റേഴ്സും സഹായിച്ചു.
- ഏന്തയാർ, മുക്കുളം പ്രദേശങ്ങളിൽ കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. ഡയറക്ടർ റവ. ഫാ. കൊച്ചുപുരയ്ക്കലച്ചനോടും എസ്.എം.വൈ.എം. അംഗങ്ങളോടും ചേർന്ന് സിസ്റ്റേഴ്സ് ദുരി താശ്വാസപ്രവർത്തനങ്ങളിൽ പങ്കെടുത്തു. വീടുകൾ കഴുകി വൃത്തിയാക്കുന്നതിനും, മണ്ണ് മാറ്റുന്നതിനും, ഭവനസന്ദർശനം നടത്തി ദുരിതബാധിതരായ കുടുംബാംഗങ്ങൾക്ക് ആശ്വാസം പകരുന്നതിനും സിസ്റ്റേഴ്സ് എല്ലാവരും ശ്രദ്ധിച്ചു. അതോടൊപ്പം തന്നെ വസ്ത്രങ്ങൾ, വീടുകൾക്കാവശ്യമായ പാത്രങ്ങൾ ഇവ നൽകുകയും ചെയ്തു.
- പഠനം, ചികിത്സ, മിഷനിലുള്ള പള്ളികളുടെ നിർമ്മാണം ഇവ യ്ക്കായി 5,67,000/ രൂപ ചിലവഴിച്ചു.
- കുന്നുംഭാഗം സെന്റ് ജോസഫ്സ് സ്കൂൾ, നേഴ്സറി സ്കൂൾ അദ്ധ്യാപകർ മഴവെള്ളത്തിൽ വീടുകൾ നഷ്ടപ്പെട്ട കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും അവർക്കാവശ്യമായ വസ്ത്രങ്ങൾ, ഭക്ഷണം, മറ്റ് അത്യാവശ്യമായ സഹായങ്ങളും നൽകി.
- സി. മേരി റ്റോം മണ്ണാപറമ്പിൽ Studies on the Female Reproductive system of the Drangonfly, Ictinogomphus Rapax എന്ന വിഷയത്തിൽ Rashtrasant Tukadoji Maharaj Nagpur യൂണിവേഴ്സിറ്റിയിൽ നിന്നും Zoology യിൽ ഡോക്ടറേറ്റ് നേടി.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- കാഞ്ഞിരപ്പിള്ളി രൂപത പാസ്റ്ററൽ കൗൺസിലിൽ സുപ്പീരിയർ ജനറൽ ബഹു. സി. മേഴ്സി തോമസ് പങ്കെടുത്തു.

- ചെങ്കുളം ആവില ധ്യനകേന്ദ്രത്തിൽ സിസ്റ്റേഴ്സ് വാർഷിക ധ്യാനം നടത്തി.
- കോഴിക്കോട് MCBS Zion Innovation Media നേതൃത്വം നൽകി നടത്തിയ Ignite: renewal retreat for religious എന്ന ധ്യാനത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- അർഹതയുള്ള 2 വിദ്യാർത്ഥികൾക്ക് പഠന സഹായം നൽകി.
- പ്രളയ ദുരിതബാധിതഭവനങ്ങൾ സന്ദർശിച്ചു സിസ്റ്റേഴ്സ് കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു.
- സി. വിമല ജോർജ് SCJG വടവാതൂർ സെമിനാരിയിൽ ബ്രദേഴ്സിന് ക്ലാസ് എടുത്തു.
- ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ നടത്തിയ ധ്യാനത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- മിഷൻ സൺഡേ സമുചിതമായി ആഘോഷിച്ചു.
- കൊറോണാ ബാധിതരായവർക്കു ഷെൽട്ടർ ഹോമിന്റെ ആഭിമുഖ്യത്തിൽ ടെലി കൗൺസിലിങ് നൽകി.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- പണി പൂർത്തിയായ മേലോരം മഠത്തിന്റെ വെഞ്ചിരിപ്പും കൂദാശയും മാർ ജോസ് പുളിക്കൽ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പ്രൊവിൻഷ്യൽ ടീമും സഹോദരിമാരും കർമ്മങ്ങളിൽ പങ്കെടുത്തു.
- വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്താൽ ധന്യരായ സഹോദരിമാരുടെ നാമഹേതുകതിരുനാൾ സമുചിതമായി ആഘോഷിച്ചു.
- നമ്മുടെ പ്രൊവിൻസിലെ വിവിധ ഭവനസമൂഹങ്ങളിലെ സുപ്പീരിയേഴ്സിനായുള്ള മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.
- കാരുണ്യ ഭവൻ പദ്ധതിയുടെ ഭാഗമായി ചെങ്കൽ തിരുഹൃദയ

മഠത്തിന്റെ വസ്തുവിൽ നാലു വീടുകൾ പണിയുവാൻ തീരുമാനമെടുത്തു പ്രാരംഭ പണികൾ തുടങ്ങി.

- SHG ഗ്രൂപ്പുകൾ വഴി വിതരണം ചെയ്യുന്നതിനാവശ്യമായ സോപ്പുകൾ, തുണിത്തരങ്ങൾ വാങ്ങുകയും വിവിധ SHG ഗ്രൂപ്പുകൾ വഴി വിതരണം ചെയ്യുകയും ചെയ്തു.

- World Cancer Free Day യോട് അനുബന്ധിച്ചു "ക്യാൻസർ പ്രതിരോധം ജീവിത ശൈലി മാറ്റത്തിലൂടെ" എന്ന വിഷയത്തിൽ ഒരു Webinar Dr. Anit K Joseph വിമൽ ജ്യോതി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുകയും വിവിധ ഇടവകകളിലെ ആളുകൾ പങ്കെടുക്കുകയും ചെയ്തു.

- സ്വാത്രന്ത്യദിന പ്രസംഗമത്സരം World Photography Day ദിന മത്സരങ്ങളിൽ പങ്കെടുത്തു വിജയികളായവർക്കായി ക്യാഷ് അവാർഡും സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

- കാരുണ്യ ഭവൻ പദ്ധതിയുടെ ഭാഗമായി പറത്താനം, കൂവപ്പള്ളി, ഇഞ്ചിയാനി എന്നിവിടങ്ങളിലെ വീടുകളുടെ പണി പൂർത്തിയായി വരുന്നു.

- വിമൽ ജ്യോതി സോഷ്യൽ സർവീസ് സൊസൈറ്റിയിൽ 6 വർഷകാലമായി പ്രോഗ്രാം മാനേജർ ആയി ജോലി ചെയ്തിരുന്ന ശ്രീ. ജോസ് തോമസ് MSW പുതിയ ജോലി ലഭിച്ച് മാലി ദീപിലേക്ക് പോകുന്നതിനാൽ അദ്ദേഹത്തിന് യാത്രയയപ്പ് നൽകി ആദരിച്ചു.
- തിരുഹൃദയ മഠം കൊല്ലമുളയുടെ ആഭിമുഖ്യത്തിൽ കൊല്ലമുള ഇടവകയിൽ ഒരു SHG ഗ്രൂപ്പ് തുടങ്ങി.
- സാഫല്യ പ്രൊജക്റ്റ് കുട്ടികൾക്കായി ഹൈറേഞ്ചിൽ കട്ടപ്പന തിരുഹൃദയ മഠത്തിൽ വച്ചും ലോറേഞ്ചിൽ പൊടിമറ്റം സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിൽ വച്ചും സംഗമവും ക്ലാസ്സുകളും നടത്തി. Sr. Treasa Allese, Sr. Anna Maria, Sr. Ranit, Sr. Libina & Sri Renjith എന്നിവർ ക്ലാസ്സുകൾ നയിച്ചു.

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**ഡയാലിസിസ് ടെക്നിഷൻ കോഴ്സ് ആരംഭിക്കുന്നു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ഡയാലിസിസ് ടെക്നിഷൻ കോഴ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. +2 സയൻസ് ഗ്രൂപ്പോ (ഫിസിക്സ്, കെമിസ്ട്രി & ബയോളജി) അതിന് തത്തുല്യമായ കോഴ്സോ പൂർത്തിയാക്കിയവർക്ക് അപേക്ഷിക്കാം.

കാത്തലിക്ക് മെഡിക്കൽ അസ്സോസിയേഷൻ ഓഫ് ഇൻഡ്യ (CMAI) സർട്ടിഫൈ ചെയ്യുന്ന ഈ കോഴ്സിന് 2 വർഷത്തെ ദൈർഘ്യമാണുള്ളത്. നെഫ്രോളജിസ്റ്റ് ഡോ. ഗൗതം രാജൻ, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഡോ. ക്രിസ്റ്റി മരിയ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിദഗ്ദ്ധരായ ഡോക്ടേഴ്സും ഡയാലിസിസ് ടെക്നിഷൻമാരും ക്ലാസുകൾ നയിക്കുന്നതാണ്. 32500/- രൂപയാണ് ഒരു വർഷം കോഴ്സ് ഫീ ആയി വരുന്നത്.

ഇന്ത്യയിലും വിദേശത്തും മികച്ച തൊഴിലവസരങ്ങൾ ഉള്ള മേഖല ആയതിനാൽ യോഗ്യതയും പരിചയസമ്പന്നരുമായ ഡയാലിസിസ് ടെക്നീഷൻമാരെ വാർത്തെടുക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം.

വൃക്കരോഗികളുടെ ദൈനംദിന ജീവിതത്തിന് കൈത്താങ്ങായി 2020 ജൂൺ മാസത്തിലാണ് എം.എം.റ്റി. ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചത്. ഇപ്പോൾ 9 ഡയാലിസിസ് മെഷിനുകളുമായി ഏകദേശം അറുപതോളം വൃക്കരോഗികൾക്കു ഡയാലിസിസ് ചെയ്തു വരുന്നു.

10 സീറ്റുകൾ മാത്രമുള്ള ഡയാലിസിസ് ടെക്നീഷൻ കോഴ്സിനെ കുറിച്ച് കൂടുതൽ അറിയുവാൻ 9446059552, 9446462400, 2500.

## പൾമണോളജി വിഭാഗം ആരംഭിച്ചിരിക്കുന്നു

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ പൾമണോളജി വിഭാഗത്തിൽ ഡോ. ജോൺ മാത്യു MBBS, MD (Pulmonology) ചാർജ്ജെടുത്തിരിക്കുന്നു. ഡോക്ടറുടെ സേവനം എല്ലാ തിങ്കൾ, ശനി ദിവസങ്ങളിൽ രാവിലെ 9 മുതൽ 12 വരെയും ചൊവ്വാഴ്ച ദിവസങ്ങളിൽ വൈകുന്നേരം 4 മുതൽ 6 വരെയും ലഭ്യമാണ്. ചുമ, ശ്വാസംമുട്ട്, കഫക്കെട്ട്, നടക്കുമ്പോൾ ഉള്ള അണപ്പ്, രക്തം തുപ്പൽ, അലർജി, തുമ്മൽ, കോവിഡിന് ശേഷമുള്ള അസുഖങ്ങൾ തുടങ്ങി മറ്റ് ശ്വാസകോശരോഗങ്ങൾക്കും ഡോക്ടറുടെ സേവനം ലഭ്യമാണ്. PFT (പൾമണറി ഫങ്ഷൻ ടെസ്റ്റ്) ചെയ്യുന്നതിനുള്ള സൗകര്യവും ഹോസ്പിറ്റലിൽ ലഭ്യമാണ്.

## പ്രളയത്തിലും ആശ്രയമായി എം.എം.റ്റി.

പ്രളയത്തിൽ പരിക്ക് പറ്റിയ നിരവധി ആളുകൾക്ക് സൗജന്യ ചികിത്സ ഒരുക്കി കാഞ്ഞിരപ്പള്ളി രൂപതയുടെ ആതുരാലയം ആയ എം.എം.റ്റി. ഹോസ്പിറ്റൽ. പ്രളയം ഉണ്ടായ അന്നുമുതൽ ഹോസ്പിറ്റലിലെ ആംബുലൻസും ജീവനക്കാരും വാഹനങ്ങൾ എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിലെ പരിക്കേറ്റവരെ സ്ട്രച്ചറിലും മറ്റും എടുത്ത് ഹോസ്പിറ്റലിൽ കൊണ്ടുവന്നാണ് ചികിൽസ നൽകിയത്. സർജറി ഉൾപ്പെടെ പരിക്കേറ്റ നിരവധി ആളുകൾക്ക് സൗജന്യ ചികിത്സ നൽകിയത് ഏറെ ശ്രദ്ധേയമായി. പ്രളയത്തിൽ മരണപ്പെട്ട ആളുകളെ പോസ്റ്റ്മോർട്ടത്തിനും മരണാനന്തരചടങ്ങുകൾക്കും ഹോസ്പിറ്റലിന്റെ ആംബുലൻസുകൾ തികച്ചും സൗജന്യമായി സേവനം നൽകി.

ഹോസ്പിറ്റലിൽ നിന്നും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഡോ. ക്രിസ്റ്റി മരിയായുടെ നേതൃത്വത്തിൽ മെഡിക്കൽ സംഘം അഴങ്ങാട് ഉൾപ്പെടെയുള്ള പ്രളയബാധിത മേഖലയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

ഹോസ്പിറ്റലിലെ സ്റ്റാഫ് വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് കൂട്ടിക്കൽ, കൊക്കയാർ, മുണ്ടക്കയം മേഖലകളിൽ വീടുകൾ ശുചീകരിക്കുന്നതിനും മറ്റും സഹായിച്ചിരുന്നു. നേഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ ലിഡിയായുടെ നേതൃത്വത്തിൽ ജീവനക്കാർ ഇതിൽ പങ്കെടുത്തു.

## മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

ഒക്ടോബർ 1 ലോക വയോജന ദിനത്തോടനുബന്ധിച്ച് മുണ്ട ക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞി രപ്പള്ളി നല്ല സമറായൻ ആശ്രമത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടി പ്പിച്ചു. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഡോ. ക്രിസ്റ്റി മരിയ ക്യാമ്പിന് നേതൃത്വം നൽകി.

വിവിധ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന 85-ഓളം രോഗികളെ കാണുകയും ചികിത്സാ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## വേൾഡ് മെന്റൽ ഹെൽത്ത് ഡേ

ഒക്ടോബർ 10 ലോകമാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് എം.എം.റ്റി. ഹോസ്പിറ്റലിലെ കമ്മ്യൂണിറ്റി മെഡിസിൽ വിഭാഗത്തി ന്റെയും കൗൺസിലിംഗ് വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ ഹോസ്പിറ്റലിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. കമ്മ്യൂ ണിറ്റി മെഡിസിൻ വിഭാഗം ഡോ. ക്രിസ്റ്റി മരിയ ആമുഖ സന്ദേശം നൽകി. എം.എം.റ്റി. ഹോസ്പിറ്റലിലെ കൗൺസിലിംഗ് വിഭാഗം സിസ്റ്റർ റോസ്‌ലറ്റ് ക്ലാസ് നയിച്ചു. സോഷ്യൽ വർക്കർ ശ്രീമതി അൽഫോൻസ ക്ലാസിന് നന്ദി അറിയിച്ചു.

## രചനാമത്സരം സംഘടിപ്പിച്ചു

ലോകമാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് എം.എം.റ്റി. ഹോസ്പിറ്റലിലെ സ്റ്റാഫ് അംഗങ്ങൾക്കായി What made you smile to-day?, My MMT hospital, my happiness" എന്നീ വിഷയങ്ങളിൽ രചന മൽസരം സംഘടിപ്പിച്ചു. സ്റ്റാഫ് വിഭാഗത്തിൽ നീന ജോസഫ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. സ്റ്റുഡൻസ് വിഭാഗത്തിൽ രേഷ്മ ബിജുവും രണ്ടാം സ്ഥാനം സിസ്റ്റർ ഷാരോൺ അന്ന മരിയ, മൂന്നാം സ്ഥാനം വിക്ടോറിയ ആർ, നിമ്മി ജേക്കബ് എന്നിവർ കരസ്ഥമാക്കി. വിജയി കൾക്ക് പീഡിയാട്രിഷൻ ഡോ. നെൽസൺ എ.ജെ. സമ്മാനങ്ങൾ വിതരണം ചെയ്തു.

## ഗാന്ധി ദർശൻ 2021

ഒക്ടോബർ 2 ഗാന്ധി ജയന്തിയോടനുബന്ധിച്ച് കേരള

യൂത്ത് പ്രമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ശുചീകരണ പ്രവർത്തകരെ ആദരിച്ചു. ഒക്ടോബർ 4-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് നടന്ന പരിപാടിയിൽ സംസ്ഥാന നിർവ്വാഹകസമിതി അംഗം സുനിൽ സുരേന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. ഹോസ്പിറ്റൽ പി.ആർ.ഒ. സുബിൻ മാത്യൂസ് സ്വാഗതം പറഞ്ഞ യോഗത്തിൽ എം.എം.റ്റി. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. പെരുവന്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡോമിന സജി ശുചീകരണ പ്രവർത്തകരെ ആദരിച്ചു. ഗ്രാമപഞ്ചായത്തംഗങ്ങളായ ജാൻസി വി. എൻ., എബിൻ കുഴുവേലി, ഷീബാ ബിനോയി, ദയ ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രസിഡന്റ് എസ്. കണ്ണൻ എന്നിവർ ആശംസ കൾ അറിയിച്ച് സംസാരിച്ചു.

**ആരോഗ്യദർശകൻ**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലും ദർശകനും സംയുക്തമായി നടത്തുന്ന ആരോഗ്യ ദർശകൻ എന്ന പരിപാടിയിൽ ഒക്ടോബർ മാസത്തിൽ വിവിധ ഡോക്ടേഴ്സ് രോഗികളുടെ സംശ യങ്ങൾക്ക് ഫോണിൽകൂടി മറുപടി നൽകി. ഒക്ടോബർ 7-ാം തീയതി അസ്ഥിസംബന്ധമായ സംശയങ്ങൾക്ക് ഓർത്തോപീഡിഷൻ ഡോ. അഡോൾസ് ജോർജ് മറുപടി നൽകി. ഒക്ടോബർ 14-ാം തീയതി സ്ത്രീകളിലെ വിവിധ രോഗങ്ങളെക്കുറിച്ചുള്ള സംശയങ്ങൾക്ക് ഡോ. മേരിയമ്മ ജോസഫ് മറുപടി നൽകി.

പ്രളയത്തോടനുബന്ധിച്ച് എലിപ്പനിയുൾപ്പെടെയുള്ള പകർച്ച വ്യാധികൾ പടരാനുള്ള സാധ്യതയുള്ളതിനാൽ കമ്മ്യൂണിറ്റി മെഡി സിൻ വിഭാഗത്തിലെ ഡോ. ക്രിസ്റ്റി മരിയ പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഒക്ടോബർ 21-ാം തീയതി വ്യാഴാഴ്ച മറുപടി നൽകി.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

**ലോകകാഴ്ചദിനാചരണം**

കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതസമിതിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 14-ന് ലോകകാഴ്ചദിനാചരണം നടത്തി. പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ ദിനാചരണം ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് രൂപതാസമിതിയുടെ നേതൃത്വത്തിൽ നേത്രദാന സന്നദ്ധസമിതി രൂപീകരിച്ചു. മാർ ജോസ് പുളിക്കൽ നേത്രദാന സമ്മതപത്രം നൽകി മാതൃകയായി. കത്തോലിക്ക കോൺഗ്രസ് ഡയറക്ടറും രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികളും നേത്രദാനസമ്മതപത്രം സമർപ്പിച്ചു. അന്ധതയുടെ ഇരുളിൽനിന്നും കാഴ്ചയുടെ മനോഹാരിതയിലേക്ക് നമ്മുടെ സഹോദരങ്ങളെ കൈപിടിച്ചുയർത്തുവാൻ നമുക്ക് സാധിക്കട്ടെയെന്ന് മാർ ജോസ് പുളിക്കൽ ആശംസിച്ചു. കോട്ടയം കാരിത്താസ് ആശുപത്രിയിലെ ഐ റിക്കവറി ടെക്നീഷ്യൻ ഷാനി തോമസ് നേത്രദാന സമ്മതപത്രങ്ങൾ ഏറ്റുവാങ്ങി. തിരുവല്ല പുഷ്പഗിരി ആശുപത്രിയിലെ ഐ ഡൊണേഷൻ കൗൺസിലർ എബി ജേക്കബ് നേത്രദാനത്തിന്റെ പ്രസക്തിയെക്കുറിച്ചും സാങ്കേതിക കാര്യങ്ങളെക്കുറിച്ചും ക്ലാസ് നയിച്ചു. അപകടമരണം സംഭവിച്ച ഇമ്മാനുവേൽ എന്ന കുട്ടികളുടെ കണ്ണുകളിലൂടെ കാഴ്ച ലഭിച്ച ഇടകടത്തിയിലെ ഗോപിക നേത്രദാനസാക്ഷ്യം പങ്കുവച്ചു. വിവിധ സ്ഥലങ്ങളിൽ നിന്നെത്തിയ നേത്രദാനം നടത്തിയ 15 വ്യക്തികളുടെ കുടുംബാംഗങ്ങളെ ചടങ്ങിൽ ആദരിച്ചു.

രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി പ്രവർത്തനരൂപ

രേഖ അവതരിപ്പിച്ചു. ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് ടെസി ബിജു പാഴിയാങ്കൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാകുന്നേൽ, രൂപതാ ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ടോമിച്ചൻ പാലക്കുടി, ബേബിച്ചൻ ഏർത്തയിൽ, സെബാസ്റ്റ്യൻ മണ്ണംപ്ലാക്കൽ, ചാക്കോച്ചൻ വെട്ടിക്കാട്ടിൽ, സിനി ജിബു നീറനാക്കുന്നേൽ, ആൻസി സാജൻ പുന്നമറ്റത്തിൽ, ഡെയ്സി ജോർജുകുട്ടി, തോമസ് ചെമ്മരപ്പള്ളി എന്നിവർ പ്രസംഗിച്ചു.

ലോകകാഴ്ചദിനത്തിൽ കത്തോലിക്ക കോൺഗ്രസ് കപ്പാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കാളകെട്ടി അസ്സിസീ അന്ധവിദ്യാലയത്തിൽ ബ്ലൈൻഡ് സ്കൂൾ വിദ്യാർത്ഥി ജോയൽ ജെയിംസ്, രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ചെമ്മലമറ്റം യൂണിറ്റ് പ്രസിഡന്റും പാലാ രൂപത പാസ്റ്ററൽ കൗൺസിൽ അംഗവുമായ ബെന്നി കിണറ്റുകര എന്നിവർ ചേർന്ന് കേക്ക് മുറിച്ച് മധുരം വിതരണം ചെയ്തു. ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ കപ്പാട് യൂണിറ്റ് പ്രസിഡന്റ് ജോബി തെക്കുംചേരിക്കുന്നേൽ, രൂപത സമിതിയംഗം ഷാജി പുതിയാപറമ്പിൽ, ഹെഡ്മിസ്ട്രസ് സി. ചൈതന്യ ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

**പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി.**

മിന്നൽ പ്രളയം, ഉരുൾപൊട്ടൽ എന്നിവയെത്തുടർന്ന് ദുരിതത്തിലായ കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, അഞ്ചിലിപ്പ, മുക്കുളം, കൂട്ടിക്കൽ മേഖലകളിലെ സഹോദരങ്ങൾക്ക് കത്തോലിക്ക കോൺഗ്രസ് ദുരിതാശ്വാസം നൽകി. പ്രളയത്തിൽ പാടെ തകർന്ന അഞ്ചിലിപ്പ അഭയഭവനിൽ വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ശ്രമദാനം നടത്തി. മുറികളിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്തു. അഞ്ചിലിപ്പ പാരീഷ് ഹാളിലെ ദുരിതാശ്വാസക്യാമ്പിൽ കഴിയുന്ന അന്തേവാസികൾക്ക് വിവിധ യൂണിറ്റുകളിൽ നിന്നും സമാഹരിച്ച പുതപ്പ്, ബഡ്ഷീറ്റ്, മുണ്ട്, ഷർട്ട്, തോർത്ത്, കൈലി, നൈറ്റി തുടങ്ങിയ തുണിത്തരങ്ങളും അരിയുൾപ്പെടെയുള്ള പലചരക്ക്, ബേക്കറി സാധനങ്ങളും എത്തിച്ചുനൽകി. ആദ്യഘട്ടത്തിൽ രൂപത, ഫൊറോന, വനിതാഫോറം ഭാരവാഹികളും പടനിലം ചേനപ്പാടി, ചിറ

ക്കടവ്, കപ്പാട്, പെരുന്തേനരുവി, വെളിച്ചിയാനി യൂണിറ്റുകളും യൂത്ത് കൗൺസിൽ അംഗങ്ങളും ശ്രമദാനത്തിൽ പങ്കെടുത്തു. ചെങ്ങളം, എരുത്വാപ്പുഴ യൂണിറ്റുകളും റാന്നി ഫൊറോന ടീമും തുടർന്ന് ശ്രമദാനം നടത്തി.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി, ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം, ജനറൽ സെക്രട്ടറി രാജീവി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതിയംഗങ്ങളായ ടെസി ബിജു പാഴിയാങ്കൽ, ബെന്നി ആന്റണി, ജെയിംസ് പെരുമാക്കുന്നേൽ, കാഞ്ഞിരപ്പള്ളി രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി, പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, സെക്രട്ടറി സിനി ജിബു നീറനാക്കുന്നേൽ തുടങ്ങിയവർ ദുരിതമേഖലകൾ സന്ദർശിച്ചു.

കത്തോലിക്ക കോൺഗ്രസ് ഇളങ്ങോയി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇളങ്ങോയി ഇടവകയിലും സമീപപ്രദേശങ്ങളിലും വെള്ളം കയറിയ ഭവനങ്ങൾ കഴുകി വാസയോഗ്യമാക്കി. കൊല്ലമുള യൂണിറ്റിന്റെ നേതൃത്വത്തിൽ ഉരുൾപൊട്ടലിൽ തകർന്നടിഞ്ഞ മുക്കുളം മേഖലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനാവശ്യമായ ഗംബൂട്ടുകൾ വെളിച്ചിയാനി യൂണിറ്റ് നൽകി. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയിൽ നിന്നും എത്തിച്ച പലചരക്ക് സാധനങ്ങൾ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ അഭയഭവൻ അധികൃതരെ ഏൽപ്പിച്ചു.

കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ അഞ്ചിലിപ്പ അഭയഭവനിൽ ആദ്യഘട്ടമായി വിവിധ തുണിത്തരങ്ങൾ യൂത്ത് കോ-ഓർഡിനേറ്റർ സബിൻ അഴകംപ്രായിൽ രൂപത ഭാരവാഹികളെ ഏൽപ്പിച്ചു.

കാഞ്ഞിരപ്പള്ളി രൂപതയിലെ വിവിധ മേഖലകളിൽ ഉരുൾപൊട്ടലിലും പ്രളയത്തിലും കനത്ത നാശനഷ്ടങ്ങൾ ഉണ്ടായ സാഹചര്യത്തിൽ കത്തോലിക്ക കോൺഗ്രസ് നടത്തിവരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുന്നതാണ്.

## യൂത്ത് കൗൺസിൽ രൂപീകരിച്ചു

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ യൂത്ത് കൗൺസിൽ രൂപീകരിച്ചു. ഇതിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളി രൂപത യൂത്ത് കൗൺസിൽ രൂപീകരണയോഗം 09-10-2021-ൽ രൂപത ഓഫീസിൽ നടത്തി. വിവിധ ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 17 പ്രതി നിധികൾ യോഗത്തിൽ പങ്കെടുക്കുകയും യൂത്ത് കൗൺസിലിന്റെ വിജയത്തിനാവശ്യമായ നിർദ്ദേശങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ഗ്ലോബൽ യൂത്ത് കൗൺസിൽ കോ-ഓർഡിനേറ്റർ ബിനു ഡൊമിനിക് (ചങ്ങനാശ്ശേരി) മുഖ്യപ്രഭാഷണം നടത്തി. ഗ്ലോബൽ വൈസ് പ്രസി ഡന്റുമാരായ ടെസി ബിജു പാഴിയാങ്കൽ, രാജേഷ് ജോൺ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാകുന്നേൽ, രൂപത സെക്രട്ടറി സിനി ജിബു നീറനാക്കുന്നേൽ, മീഡിയാ കോ-ഓർഡിനേറ്റർ തോമസ് ചെമ്മ രപ്പള്ളി എന്നിവർ പ്രസംഗിച്ചു.

യൂത്ത് കൗൺസിൽ കാഞ്ഞിരപ്പള്ളി രൂപതാ കോ-ഓർഡിനേ റ്ററുമാരായി സബിൻ ജോൺ അഴകംപ്രായിൽ (കാഞ്ഞിരപ്പള്ളി ഫൊറോന), റ്റിബിൻ സെബാസ്റ്റ്യൻ കടുക്കാംതടത്തിൽ (എരുമേലി ഫൊറോന), ബിജു ജോൺ കുന്നുംപുറത്ത് (അണക്കര ഫൊറോന) എന്നിവരെ തിരഞ്ഞെടുത്തു.

## രൂപതാസമിതിയോഗം

കത്തോലിക്ക കോൺഗ്രസ് രൂപതാ ഭാരവാഹികളുടെ യോഗം ഒക്ടോബർ 10 ഞായർ 10.30 ന് രൂപതാ ഓഫീസിൽ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ റിപ്പോർട്ടുകൾ സെക്രട്ടറി സിനി ജിബു നീറനാക്കുന്നേൽ രൂപതാ സമി തിയെ ഏൽപ്പിച്ചു. ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചു. ഗ്ലോബൽ വൈസ് പ്രസിഡന്റ് ടെസി ബിജു പാഴിയാങ്കൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരു മാക്കുന്നേൽ, രൂപതാ ഭാരവാഹികളായ ജിൻസ് പള്ളിക്കമ്യാലിൽ, റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ചാക്കോച്ചൻ വെട്ടിക്കാട്ടിൽ, സണ്ണിക്കുട്ടി

അഴകംപ്രായിൽ, ആൻസി സാജൻ പുന്നമറ്റത്തിൽ, മനോജ് കല്ലുക ളം, ജോളി ആന്റണി പുതിയവീട്, ലൗലി മനോജ്, യൂത്ത് കോ-ഓർഡിനേറ്റർ സബിൻ ജോൺ എന്നിവർ പ്രസംഗിച്ചു.

**ഇന്ധനവില വർധനവിൽ പ്രതിഷേധിച്ചു**

ജനങ്ങളുടെ നട്ടെല്ലൊടിച്ച് അനുദിനം കുതിച്ചുയർന്ന ഇന്ധ നവില വർധനവിൽ കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതസമിതി പ്രതിഷേധിച്ചു. പെട്രോൾ, ഡീസൽ, പാചകവാതക വിലകൾ നിരന്തരം വർദ്ധിപ്പിക്കുന്നത് നിത്യോപയോഗ സാധനങ്ങ ളുടെ വിലക്കയറ്റത്തിന് കാരണമാവുകയും ജനജീവിതം കടുത്ത പ്രതിസന്ധിയാവുകയും ചെയ്യുമെന്ന് യോഗം വിലയിരുത്തി. രൂപത പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു.

**മാർ ജോസഫ് കല്ലറങ്ങാട്ടിന് പിന്തുണ**

സമീപകാലത്തായി വർധിച്ചുവരുന്ന ലൗജിഹാദും നർക്കോ ട്ടിക് ജിഹാദും കേരളീയ സമൂഹത്തിന് വലിയ വിപത്താണെന്ന പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ പ്രസ്താവനയ്ക്ക് കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപത സമിതി പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. കേരള സമൂഹത്തിൽ വ്യാപകമായി പ്രവർത്തനനിരതമായ ഭീകരതയുടെ മുഖങ്ങളെ തിരിച്ചറിയുന്നില്ലെ ങ്കിൽ വലിയ വിപത്തെന്ന് രൂപതാസമിതി അഭിപ്രായപ്പെട്ടു. പാലാ ബിഷപ്പ് സഭാമക്കളോട് നടത്തിയ പ്രബോധനം സഭാംഗങ്ങൾ കൂടു തൽ ജാഗ്രത പുലർത്തുന്നതിനുവേണ്ടിയാണ്. അതിനെ മതസ്പർധ യായി ചിത്രീകരിക്കുന്നത് ഗൂഢലക്ഷ്യങ്ങളുള്ള നിക്ഷിപ്ത താല്പ ര്യക്കാരാണ്. തെറ്റിദ്ധാരണ പരത്തുന്ന നീക്കങ്ങളിൽ നിന്ന് എല്ലാ വരും പിന്തിരിയണമെന്നും രൂപതാസമിതി ആവശ്യപ്പെട്ടു.

**ഫാ. മാത്യു പാലക്കുടി**
**ഡയറ്കടർ**

# കെ.സി.എസ്.എൽ.

- സ്നേഹപ്രവാചകനൊപ്പം എന്ന ഓൺലൈൻ പ്രോഗ്രാമിലൂടെ ഒരു മാസം കൊണ്ട് വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം കുട്ടികൾക്ക് പരിചയപ്പെടുത്തി.
- ഹയർ സെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾക്ക് ഫ്രാൻസിസ് അസ്സിസിയുടെ സമാധാന പ്രാർത്ഥനയുടെ മത്സരം നടത്തി.
- ഒക്ടോബർ 3-ാം തീയതി നടത്തിയ Explore പ്രോഗ്രാമിൽ സഭാ വസ്ത്രം സ്വീകരിച്ച് ഫ്രാൻസിസ്ക്കൻ സഭാംഗങ്ങളായ സി. നിമ്മി മാത്യു, സി. ധന്യ മേരി ജോർജ്, സി. ജെയിൻ ഷാജി, സി. ജസ്റ്റി ക്ലീറ്റസ് എന്നിവർക്ക് കെ.സി.എസ്.എൽ അംഗങ്ങൾ ആശംസക ളർപ്പിച്ചു.
- ഒക്ടോബർ 9-ാം തീയതി ലീഡേഴ്സ് മീറ്റ് നടത്തി. അഭിവന്ദ്യ പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു.
- കെ.സി.എസ്.എൽ 2021 - 2022 വർഷത്തേയ്ക്കുള്ള കെ.സി.എ സ്.എൽ. എക്സിക്യൂട്ടീവ്സിനെ തിരഞ്ഞെടുത്തു. സാവിയോ സെബാസ്റ്റ്യൻ (ചെയർമാൻ), സോന മരിയ സാജു (ജനറൽ സെക്രട്ടറി), ഡിയോൺ ചാക്കോ (എച്ച്.എസ്.എസ്. വിഭാഗം), സോന മരിയ സാജു (എച്ച്.എസ്.എസ്. വിഭാഗം), നിതിൻ ഷിബു (എച്ച്.എസ്.വിഭാഗം), ജൂവാന തെരേസ റെജി (എച്ച്.എസ്.വിഭാ ഗം), മിലൻ മനോജ് (യു.പി. വിഭാഗം), ദിയ റോസ് ദേവസ്യ (യു.പി. വിഭാഗം).

- ക്രിസ്റ്റീൻ സെൻട്രൽ മിനിസ്ട്രിയോടു ചേർന്ന് ഒക്ടോബർ മാസത്തിൽ നടത്തിയ അഖണ്ഡജപമാലയിൽ വിവിധ സ്കൂളുകളിലെ കുട്ടികൾ പങ്കെടുത്തു.
- ഒക്ടോബർ 24 ന് നടത്തിയ Explore പ്രോഗ്രാമിൽ അരുണാചൽ മിഷനിലെ ഫാ. ജോണിക്കുട്ടി MCBS മിഷൻ അനുഭവങ്ങൾ പങ്കുവച്ച് മിഷൻ ഞായർ ആഘോഷിച്ചു.
- ഒക്ടോബർ 31 എൽ.പി. വിഭാഗത്തിലെ കുട്ടികൾക്ക് എഫാത്ത ബൈബിൾ ക്വിസ് നടത്തി.
- SPARK - 21 ഈ മാസം നടത്തിയ സ്കൂൾ സന്ദർശനങ്ങൾ

1. കണമല സെന്റ് തോമസ്
2. കട്ടപ്പന സെന്റ് ജോർജ്
3. കാളകെട്ടി അച്ചാമ്മ മെമ്മോറിയൽ
4. ഇളങ്ങുളം സെന്റ് മേരീസ്
5. എരുമേലി സെന്റ് തോമസ്
6. കോരുത്തോട് സെന്റ് ജോർജ്
7. ഉമ്മിക്കുപ്പ സെന്റ് മേരീസ്
8. ചെങ്ങളം സെന്റ് ആന്റണീസ്
9. തെക്കേമല സെന്റ് മേരീസ്
10. എരുമേലി സെന്റ് തോമസ് എച്ച്.എസ്.എസ്.
11. ചിന്നാർ സെന്റ് ജോസഫ്
12. ഇഞ്ചിയാനി ഹോളി ഫാമിലി
13. കൊച്ചറ എ.കെ.എം.യു.പി.എസ്.

**ഫാ. ജോസഫ് പന്നലക്കുന്നേൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- രൂപത എക്സിക്യൂട്ടീവ് പാസ്റ്ററർ സെന്ററിൽ DCMS ഓഫീസിൽ വച്ച് നടത്തി. 10 പേർ പങ്കെടുത്തു.
- പാസ്റ്ററൽ സെന്റർ അനക്സിലേയ്ക്ക് DCMS ഓഫീസ് പ്രവർത്ത നങ്ങൾ മാറ്റി.
- 14-ാം തീയതി വ്യാഴാഴ്ച DCMS പ്രവർത്തകർ തമ്പലക്കാട് പുളി മാവിലുള്ള നല്ല സമറായൻ ആശ്രമം കഴുകി വൃത്തിയാക്കാൻ നേതൃത്വം നൽകി. കരിക്കാട്ടൂർ AKCC പ്രവർത്തകരും ജീസസ് യൂത്ത് അംഗങ്ങളും സഹകരിച്ചു. നല്ല സമറായൻ ആശ്രമത്തിലെ മക്കൾക്ക് കോവിഡ് പിടിക്കപ്പെട്ടതിനു ശേഷമുള്ള വൃത്തിയാക്കൽ ആയിരുന്നു നടത്തിയത്. ഞങ്ങളോടൊപ്പം സഹകരിച്ച റോയി വട ക്കേലച്ചനും സഹപ്രവർത്തകർക്കും ഒപ്പം നന്ദി അറിയിക്കുന്നു.
- കഴിഞ്ഞ ദിവസങ്ങളിലെ ജലപ്രളയത്തിലും കാലവർഷകെടുതി യിലും അകപ്പെട്ടവർക്ക് ഒരു പിടി എന്ന പദ്ധതിയിലൂടെ ഭക്ഷ്യവ സ്തുക്കൾ വിതരണം ചെയ്ത ഡി.സി.എം.എസ്. പ്രസിഡന്റ് ശ്രീ. വിൻസെന്റ് ആന്റണിക്ക് നന്ദി.
- 22-ാം തീയതി വെള്ളിയാഴ്ച പാലാ ബിഷപ്പ് ഹൗസിൽ വച്ച് K.C.B.C. SC/ST/BC കമ്മീഷനംഗങ്ങൾ ബിഷപ്പുമാരുടെയും രൂപത ഡയറക്ടർമാരുടെയും സമ്മേളനം നടത്തപ്പെട്ടു. അഭിവന്ദ്യ പിതാ ക്കന്മാരായ ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ, മാർ തിയഡോഷ്യസ് മെത്രാപ്പോലീത്ത, ബിഷപ്പ് ഡോ. സിൽവെസ്റ്റർ പൊന്നുമുത്തൻ എന്നിവർ നേതൃത്വം നൽകി.
- 23-24 (ശനി, ഞായർ) തീയതികളിൽ കൂട്ടിക്കൽ, വടക്കേമല പ്രദേ ശങ്ങളിൽ ഡി.സി.എം.എസ്. പ്രവർത്തകർ സഹായമെത്തിക്കു കയും ശ്രമദാനം നടത്തുകയും ചെയ്തു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**

**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ഒക്ടോബർ മാസം 4-ാം തീയതി എല്ലാ ഭാതൃത്വങ്ങളും പ്രത്യേകമായി ആചരിച്ചു. തിരുനാളിന്റെ ഒരുക്കമായി രൂപതയിലെ ഫ്രാൻസിസ്ക്കൻ വൈദികരും സന്ന്യസ്തരും അൽമായ സഭാംഗങ്ങളും ഉൾപ്പെടുന്ന രൂപതയിലെ ഫ്രാൻസിസ്ക്കൻ സമൂഹം ഒക്ടോബർ മൂന്നാം തീയതി വൈകുന്നേരം 4 മമണിക്ക് ചോറ്റി നിർമ്മലാരാം ആശ്രമം ചാപ്പലിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തി. റവ. ഫാ. ഷാജി പനപ്പറമ്പിൽ O.F.M. (Cap.) പ്രാർത്ഥനാശുശ്രൂഷകൾക്ക് മുഖ്യകാർമ്മികനായിരുന്നു. റവ. ഫാ. സിന്റോ തിരുത്തേൽ O.F.M.(Conv.) വിശുദ്ധ ഫ്രാൻസിസ് അസ്സീസിയേക്കുറിച്ച് സന്ദേശം നൽകി. വിശുദ്ധ ഫ്രാൻസിസ് അസ്സീസിക്ക് ഒരു സ്വപ്നം ഉണ്ടായിരുന്നെന്നും നമുക്കും ഒരു സ്വപ്നം ഉണ്ടായിരിക്കണമെന്നും ദൈവത്തിന് നമ്മേക്കുറിച്ച് ഒരു സ്വപ്നം ഉണ്ടെന്നും ദൈവത്തിന്റെ ആ സ്വപ്നം സാക്ഷാൽകരിക്കുന്ന തരത്തിലായിരിക്കണം നമ്മുടെ ഓരോ പ്രവർത്തനങ്ങളും ചിന്തകളും എന്ന് സൂചിപ്പിച്ചുകൊണ്ടായിരുന്നു സിന്റോ അച്ചന്റെ സന്ദേശം.

ഫ്രാൻസിസ്ക്കൻ അൽമായസഭ ഭാതൃത്വ പ്രതിനിധികളുടെ രൂപതാതല യോഗം 04.10.2021 ഞായറാഴ്ച 5 p.m. ന് ഗൂഗിൾമീറ്റിലൂടെ കൂടി. രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അദ്ധ്യക്ഷനായിരുന്നു. പ്രാരംഭ പ്രാർത്ഥനയ്ക്ക് ബ്രദർ തോമസ് കൊഴുക്കൊട്ടയിൽ നേതൃത്വം നൽകി. വൈസ് പ്രസിഡന്റ് ബ്രദർ എബ്രാഹം ചക്കുവായിൽ സ്വാഗതം ആശംസിച്ചു. നമ്മുടെ ഓരോ പ്രവർത്തികളും സംസാരവും മറ്റുള്ളവർക്ക് നന്മനേരുന്നതും ഉപകാ

രപ്രദവുമായ തരത്തിലായിരിക്കണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ടായിരുന്നു രൂപതാ പ്രസിഡന്റിന്റെ അദ്ധ്യക്ഷപ്രസംഗം. സെക്രട്ടറി സിസ്റ്റർ മോളി ജോസ് വാഴപ്പനാടി മുൻസമ്മേളന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ചർച്ചകൾക്ക് ശേഷം റിപ്പോർട്ട് യോഗം പാസ്സാക്കി.

ഗൂഗിൾ മീറ്റിലൂടെ യോഗങ്ങളും പ്രാർത്ഥനകളും നടക്കുന്നതുകൊണ്ട് എല്ലാ അംഗങ്ങൾക്കും പങ്കെടുക്കുവാൻ സാധിക്കുന്നതിൽ എല്ലാവരും സന്തോഷമുള്ളവരാണ്. ഈ ഗൂഗിൾ മീറ്റിംഗ് ക്രമീകരിക്കുന്ന ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലയ്ക്കലിനെ യോഗം പ്രത്യേകം അഭിനന്ദിച്ചു.

ബ്രദർ ജോസ് തയ്യിൽ സമാപന പ്രാർത്ഥനകൾ നയിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ജയിംസ് ചൂരമന സമാപനാശീർവാദം നടത്തി. യോഗം 6 മണിക്ക് സമാപിച്ചു.

എല്ലാ മാസത്തിലും മൂന്നാം ഞായറാഴ്ചകളിൽ രൂപതയിലെ എല്ലാ ഫ്രാൻസിസ്ക്കൻ അൽമായ സഭാംഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് വൈകുന്നേരം 5 മണിക്ക് ഗൂഗിൾ മീറ്റിലൂടെ നടത്തിവന്നിരുന്ന പ്രാർത്ഥനാമീറ്റിംഗ് പ്രതികൂലകാലാവസ്ഥകൾ നിമിത്തം ഒക്ടോബർ 18-ാം തീയതി നടത്തുവാൻ സാധിച്ചിട്ടില്ലായെങ്കിലും അടുത്ത മാസം മുതൽ കൃത്യമായി നടത്തുന്നതായിരിക്കുമെന്ന് എല്ലാ അംഗങ്ങളേയും പ്രത്യേകം അറിയിക്കുന്നു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ അപ്രതീക്ഷിത പ്രകൃതി ക്ഷോഭം നമ്മുടെ പ്രദേശത്തെയാകെ ദുരിതത്തിലാക്കിയിരിക്കുക യാണല്ലോ. കോവിഡ് മഹാമാരി ഒന്നു ശമിച്ചപ്പോഴെക്കും വീണ്ടും വന്ന ഈ ദുരന്തം ധാരാളം ആളുകളെ ദുഖത്തിലാഴ്ത്തി. ജീവൻ നഷ്ടപ്പെട്ടവരും കിടപ്പാടവും വീട്ടുപകരണങ്ങളും ഉടുതുണി പോലുംനഷ്ടപ്പെട്ടവരായി എത്രയോ പേരാണ് നമ്മുടെ ഇടയിൽ കാണപ്പെടുന്നത്. നമ്മുടെ രൂപതാതിർത്തിയിൽപെട്ട, ഏന്തയാർ, മുക്കുളം, വടക്കേമല, മുണ്ടക്കയം മുതൽ ഇങ്ങോട്ട് മണിമല വരെയുള്ള പ്രദേശങ്ങളാണ് പ്രധാനമായും വെള്ളപ്പൊക്കം മൂലം വിഷമിക്കുന്നത്. ഇവരെയൊക്കെ നമ്മുടെ കഴിവിനൊത്ത് നാം സഹാ യിക്കേണ്ടിയിരിക്കുന്നു. അഞ്ചിലിപ്പയിൽ പ്രവർത്തിച്ചുകൊണ്ടി രിക്കുന്ന അഭയഭവൻ ഉൾപ്പെടെ ധാരാളം വീടുകളിൽ വെള്ളം കയറി വലിയ നാശനഷ്ടങ്ങൾ ഉണ്ടായി. നമ്മുടെ കഴിവിനൊത്ത് ഈ പ്രദേ ശങ്ങളിൽ നമ്മുടെ സഹായം എത്തിക്കേണ്ടിയിരിക്കുന്നു. ഇപ്പോ ഴുള്ള സാഹചര്യത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കോൺഫ്രൻസ് യോഗങ്ങൾ കൂടേണ്ടതും മറ്റു പ്രവർത്തനങ്ങളിൽ സജീവമാകേണ്ടതുമാണ്.

നമ്മുടെ എറത്തയിൽ ലൂക്കാ സാറിന്റെ ജന്മദിനമായ സെപ്റ്റം ബർ 28 ഈ വർഷവും നാം സമുചിതമായി കോവിഡ് മാനദണ്ഡ ങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് സി സിയുടെ ആഭിമുഖ്യത്തിൽ ഓസാനാം വിദ്യാഭവനിൽ ആചരിച്ചു. കുന്നുംഭാഗം ഇടവക വികാരി റവ.ഫാ.സേവ്യർ കൊച്ചുപറമ്പിൽ, സഹവികാരി, ഹോസ്റ്റൽ വാർഡൻ സി.ജോയിസ്, സി.സി. ഭാരവാഹികൾ, കുന്നുംഭാഗം സെ.ജോസഫ്സ് കോൺഫ്രൻസ് അംഗങ്ങൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കേക്ക്

മുറിച്ച് ജന്മദിനം ആഘോഷിക്കുകയും അദ്ദേഹത്തിന് ആശംസകൾ നേരുകയും ചെയ്തു.

സെൻട്രൽ കൗൺസിലിന്റെ യോഗം 2021 നവംബർ 7 ഞായറാഴ്ച രാവിലെ 10.30-ന് ഓസാനാം വിദ്യാഭവനിൽ കൂടുന്നതാണ്. എല്ലാ സിസി അംഗങ്ങളും കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

വളരെ കാലത്തിനുശേഷം കൂടുന്ന യോഗത്തിൽ പുതിയ വിദേശസഹായ മാനദണ്ഡങ്ങൾ, ഓസാനാം വിദ്യാഭവന്റെ ഭാവി പ്രവർത്തനങ്ങൾ മുതലായ സുപ്രധാന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുകൊണ്ട് എല്ലാ അംഗങ്ങളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**സെക്രട്ടറി**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

## പുത്തൻപുസ്തകം

**1.കരുതലിന്റെ സുവിശേഷം:സി.വിമല മാതാളിക്കുന്നേൽ**SCJG

പേജ്: 148/ പതിപ്പ്: 1/ വില: 150

കരുതലിന്റെ സുവിശേഷം സമഗ്രമായൊരു ജീവിതവീക്ഷണമാണ്. കോവിഡ്-19 എന്ന മഹാമാരി ജീവിതത്തിൽ വരുത്തിയ വൈകാരിക, സാമൂഹിക, സാമ്പത്തിക പിരിമുറുക്കങ്ങളും പ്രതിസന്ധികളും ഒപ്പം വിശ്വാസവളർച്ചയും, ഹൃദ്യമായ കുടുംബബന്ധങ്ങളും, ത്യാഗനിർഭര മായ സമർപ്പണമാതൃകകളും ഇതിൽ വരച്ചു കാട്ടുന്നു. കോവിഡിന്റെ ആഘാതത്തിൽനിന്നുള്ള മോചനത്തിന് പ്രായോഗിക നിർദ്ദേശങ്ങളും, യുവതയുടെയും ടീനേജുകാരുടെയും പ്രതിസന്ധികളിൽ ഇടറിവീ ഴാതെ അവധാനപൂർവ്വം സമീപിക്കാനുള്ള മന:ശാസ്ത്രതത്വങ്ങളും വളരെ കൃത്യതയോടെ ഇതിൽ വിവരിച്ചിരിക്കുന്നു. കാലഘട്ടത്തിനു വളരെ അനിവാര്യവും പ്രയോജനപ്രദവുമായ വിഷയങ്ങൾ പ്രതിപാ ദിക്കുന്ന ഉത്തമകൃതി.

## പണിപ്പുരയിൽ

**1. ഐയാം റെഡി റ്റു ഡൈ: ജോസഫ് പേരാമംഗലം** (നോവൽ)

പേജ്: 54/ പതിപ്പ്: 1/ വില: 60

എല്ലാവരും എപ്പോഴും ഒരുക്കത്തിലാണ്. പരീക്ഷ, ടൂർ, വീടുനിർമ്മിതി, വിവാഹം, പട്ടം, ജോലി, ബിസിനസ്സ് തുടങ്ങി എല്ലാക്കാര്യങ്ങൾക്കും! എന്നാൽ മരണത്തിനായി നാം ഒരുങ്ങാറുണ്ടോ? വളരെ രസകരമായ ചോദ്യങ്ങളിലൂടെ ഉത്തരങ്ങളിലൂടെ ഏവരും തിരിച്ചു പോകേണ്ടവരാ ണെന്ന അവബോധത്തിലേക്കെത്തിക്കുന്ന ചിന്താശകലങ്ങളുടെ ശേഖരം. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിച്ചു വായി ക്കാവുന്ന രസകരമായ ചെറുനോവൽ.

**2. മിശിഹാനുഭവസങ്കീർത്തനങ്ങൾ:**

**ഫാ. ഷിബിൻ വല്ലാട്ടുതുണ്ടത്തിൽ TOR**

രക്ഷകന്റെ വരവിനായി പ്രതീക്ഷിച്ചിരുന്ന ഒരു ജനതയുടെ ഹൃദയസ്പന്ദനങ്ങളാണ് സങ്കീർത്തനങ്ങൾ. പഴയനിയമത്തിൽ മറഞ്ഞിരിക്കുന്ന പുതിയനിയമത്തെയും പുതിയനിയമത്തിൽ തെളിഞ്ഞുവരുന്ന പഴയനിയമത്തെയും ഇതിലുടനീളം അനുഭവിച്ചറിയുന്നു. സങ്കീർത്തനങ്ങളുടെ കാവ്യഭംഗിയും ചരിത്രസ്വഭാവവും അതിൽ ഉൾക്കൊണ്ടിരിക്കുന്ന രക്ഷാകരസത്യങ്ങളും ആസ്വദിച്ചറിയേണ്ടതിന് വ്യത്യസ്ത ഗണങ്ങളായി തിരിച്ച് വിചിന്തനം നടത്തിയിരിക്കുന്ന ഉത്തമകൃതി.

**3. സെയിന്റ്സ് കളറിങ്ങ് സീരീസ്**

കുട്ടികളുടെ വായനാലോകം വിശാലമാക്കുന്നതിനും വിശുദ്ധരുടെ ജീവിതവഴികൾ പരിചയപ്പെടുത്തുന്നതിനുമുള്ള വിമലയുടെ പുതിയ പരമ്പര (സെയിന്റ്സ് കളറിങ്ങ് സീരീസ്) ആരംഭിച്ചിരിക്കുന്നു. ചിത്രങ്ങളുടെ അകമ്പടിയോടെ വായനയും, വരയും, കളറിങ്ങും വഴി കുട്ടികൾക്ക് ഹൃദ്ദിസ്ഥമാക്കാനാവുംവിധത്തിൽ ആകർഷകമായ ചിത്രീകരണം.

**സെറ്റ് 1**

1. വി. മദർ തെരേസ
2. വി. അന്തോനീസ്
3. വി. ഫ്രാൻസീസ് അസീസി
4. വി. ചാവറ കുര്യാക്കോസ്
5. വി. അൽഫോൻസാമ്മ
6. വി. കൊച്ചുത്രേസ്യാ
7. വി. ജോവാൻ ഓഫ് ആർക്ക്
8. പരിശുദ്ധ മറിയം
9. വി. ഡോമിനിക് സാവിയോ
10. വി. മരിയ വിയാനി

**ഫാ. ജസ്റ്റിൻ മതിയത്ത്**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ – (1098)**

സെപ്റ്റംബർ – ഒക്ടോബർ മാസങ്ങളിൽ 24 കേസുകൾ റിപ്പോർട്ട് ചെയ്തു. അതിൽ 2 കേസുകൾ ഇടുക്കി, പത്തനംതിട്ട ജില്ലയുടെ കേസ് ആയതിനാൽ അതാത് ജില്ലാ ചൈൽഡ് ലൈനിലേക്ക് റെഫർ ചെയ്തു. ബാക്കി കേസുകൾ CWC (ചൈൽഡ് വെൽഫെയർ കമ്മിറ്റി)യിൽ റിപ്പോർട്ട് ചെയ്യുകയും കൗൺസിലിംഗ് ആവശ്യമായ കുട്ടികൾക്ക് കൗൺസിലിംഗ് നല്കുകയും ചെയ്തു.

കോവിഡ് വന്ന് മാതാപിതാക്കൾ നഷ്ടപ്പെട്ടുപോയ 2 കുട്ടികൾക്ക് (ഡ്രസ്സും പോഷകാഹാരവും വാങ്ങി നല്കി).

**അന്തരാഷ്ട്ര ബാലികാദിനം**

ചൈൽഡ് ലൈൻ കോട്ടയം സപ്പോർട്ട് – ന്റെ ആഭിമുഖ്യത്തിൽ "International Day of the Girl Child" - നോട് അനുബന്ധിച്ച് ചിറക്കടവ് S.R.V. N.S.S. High School - ലെ വിദ്യാർത്ഥിനികൾക്കായി 11–10–2021 ഓൺലൈൻ മീറ്റ് സംഘടിപ്പിച്ചിരുന്നു. "Children & Law, Self Protection" എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി നിർമ്മല ജോൺ (PLV & Councellor) ആണ് ക്ലാസ് നയിച്ചത്. 75 കുട്ടികളോളം പരിപാടിയിൽ പങ്കെടുത്തു.

**ഓൺലൈൻ ബോധവത്ക്കരണ പരിപാടി**

കോട്ടയം ചൈൽഡ് ലൈൻ സപ്പോർട്ട്–ന്റെ നേതൃത്വത്തിൽ ചിറക്കടവ് സെന്റ് ഇഫ്രേം ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആയി ഓൺലൈൻ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ചിറക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സി.

ആർ. ശ്രീകുമാർ - ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഈ പരിപാടിയിൽ ശ്രീ. രാജേഷ് മണിമല (ASI District Crime Record Buero) "മൊബൈൽ ഇന്റർനെറ്റ് സ്വാധീനം കുട്ടികളിൽ" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് എടുത്തു. 100 പേരോളം പരിപാടിയിൽ പങ്കെടുത്തു.

**ക്യാമ്പു സന്ദർശനം**

വികെയർ സെന്റർ ചൈൽഡ് ലൈൻ സപ്പോർട്ടിന്റെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ വിവിധ പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കുട്ടികളെ സന്ദർശിക്കുകയും, അവർക്കു അത്യാവശ്യം വേണ്ടതായ കൗൺസിലിംഗ്, പോഷകാഹാരം, ചികിത്സാ ലഭ്യത എന്നിവ ഉറപ്പാക്കുകയും ചെയ്തു. വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ പോകുകയും കുട്ടികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

**ദുരിത ബാധിതർക്കു സഹായം**

പ്രളയബാധിത പ്രദേശങ്ങളായ പെരുവന്താനം, അഞ്ചിലിപ്പ എന്നീ സ്ഥലങ്ങളിൽ വീകെയർ സെന്ററിന്റെ നേതൃത്വത്തിൽ ഭക്ഷണവും, വസ്ത്രങ്ങളും വിതരണം ചെയ്തു. ബഹുമാനപ്പെട്ട റോയി അച്ചന്റെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി അഞ്ചിലിപ്പ അഭയഭവനിൽ, നല്ല സമറായൻ ആശ്രമത്തിലെ സിസ്റ്റേഴ്സും സ്റ്റാഫും ശ്രമദാനം നടത്തി.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**പ്രളയബാധിതർക്ക് കൈത്താങ്ങ്**

പ്രളയവും ഉരുൾപ്പൊട്ടലും മൂലം ദുരിതമനുഭവിക്കുന്ന മുണ്ടക്കയം, കൂട്ടിക്കൽ, വടക്കേമല, മുക്കുളം, ഏന്തയാർ, അഴങ്ങാട്, മേലോരം, പാറത്തോട്, ചെറുവള്ളി എന്നീ പ്രദേശങ്ങളിൽ അരി, ഉണക്കുകപ്പ, പയർ, തേങ്ങ, തേയില, കാപ്പിപ്പൊടി, വെളിച്ചെണ്ണ, ബ്രഡ്, പാൽ, തേൻ, കുടിവെള്ളം എന്നിവ എത്തിച്ചു നൽകി.

**ഭവനനിർമ്മാണ സഹായം**

ഉപ്പുതറ, പാറത്തോട്, വെച്ചൂച്ചിറ, നെയ്യാട്ടുശ്ശേരി, പൊൻകുന്നം, തൂക്കുപാലം, കണയങ്കവയൽ, പാലമ്പ്ര എന്നീ സ്ഥലങ്ങളിലുള്ള നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 7,50,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 3,97,805/- രൂപ ചിലവഴിച്ചു.

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

എം.എം.റ്റി. ഹോസ്പിറ്റലിലൂടെ നിർദ്ധനരായ രോഗികൾക്ക് സഹായമായി 10,00,000/- രൂപ നൽകി.

**നല്ല സമറായൻ ആശ്രമം**

പുളിമാവിലുള്ള നല്ല സമറായൻ ആശ്രമത്തിലെ അന്തേവാസികൾ കോവിഡ് ബാധിതരായതിനെതുടർന്ന് ഒരു മാസത്തേയ്ക്ക് അവർക്കാവശ്യമായ ഭക്ഷണം എത്തിച്ചു നൽകി.

**എം.എം.പി.എസ്. സമ്മേളനം**

മിൽക്ക് സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പുതിയ കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി ലോറേഞ്ച് സൊസൈറ്റി രക്ഷാധികാരികളുടെ സമ്മേളനം പാറത്തോട് എം.ഡി.എസിൽ വച്ച് നടത്തി.

**സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടേഴ്സ് മീറ്റ്**

കേരളത്തിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർമാരുടെ സമ്മേളനം, പാറത്തോട് എം.ഡി.എസിൽ വച്ച് നടത്തി. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം, ചികിത്സാ എന്നീ പദ്ധതികൾക്കായി 9,43,000/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 4,69,172/- രൂപ ചിലവഴിച്ചു.

**ഇൻഫാം**

**കാപ്പിക്കുരു സംഭരണം**

കുമളി, മുണ്ടക്കയം, കാഞ്ഞിരപ്പള്ളി, വെളിച്ചിയാനി എന്നീ പ്രദേശങ്ങളിലെ കർഷകരിൽ നിന്നും 16000 കിലോ കാപ്പിക്കുരു സംഭരിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി

.

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി വിവിധ ഗ്രാമതലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി ഡി എസ് ഓർഗാനിക് സ്പൈസസ്**

## Export:

സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ഫ്രാൻസിലേക്ക്:1, യുകെയിലേക്ക്: 2, ഇസ്രായേലിലേക്ക്: 1 കൺസെയ്മെന്റുകൾ നടന്നു.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**റീജണൽ മീറ്റിംഗ്**

പി.ഡി.എസ് വിവിധ ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ മാസങ്ങളിലും നടത്തപ്പെടുന്ന റീജിയണൽ മീറ്റിങ്ങുകൾ അതാത് റീജണൽ ഓഫീസുകളിൽ വച്ച് സെപ്റ്റംബർ 23, 24, 25 തീയതികളിലായി നടത്തപ്പെടുകയുണ്ടായി. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിങ്ങിൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ: ജിൽസൺ ജയിംസ് കുന്നത്ത്പുരയിടം, ജോയിന്റ് ഡയറക്ടർ ഫാ: ബ്രിജേഷ് പുറ്റുമണ്ണിൽ, പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ് എന്നിവർ മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു. ചീഫ് കോഡിനേറ്റർ, റീജണൽ കോഡിനേറ്റർമാർ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

**മൈക്രോ ഫിനാൻസ് പദ്ധതി**

വിവിധഗ്രാമതലങ്ങളിലുള്ള സംഘങ്ങളുടെ ആവശ്യമനുസരിച്ച് സ്വയം സഹായ സംഘങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ലഘുവായ്പ പദ്ധതിയുടെ ഭാഗമായി സഹ്യാദ്രി ബാങ്കിൽ നിന്നും ലഭിച്ച രണ്ടു കോടി രൂപ വായ്പയായി സംഘങ്ങളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു വരുന്നു.

**ഇന്റൺഷിപ്പ് പ്രോഗ്രാം**

പഠനത്തിന്റെ ഭാഗമായി 3 കോളേജുകളിൽ നിന്നായി 5 കുട്ടികൾ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

**കർഷക ഉത്പാദക സംഘം**

നബാർഡും നാഷണൽ കോഓപ്പറേറ്റീവ് ഡെവലപ്മെൻറ് കോർപ്പറേഷനും സഹകരിച്ച്, 9 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കാർഷിക ഉത്പാദക കമ്പനികൾ രൂപീകരിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങളും ബ്ലോക്ക്തലത്തിലുള്ള അടിസ്ഥാന വിവരശേഖരണവും പൂർത്തിയായി.

- 8 കർഷക കമ്പനികളുടെ രജിസ്ട്രേഷൻ പൂർത്തിയായി.
- 8 ബ്ലോക്കുകളുടെ അടിസ്ഥാന വിവര ശേഖരണം പൂർത്തിയായി.
- കർഷക കമ്പനികൾക്ക് ഗവൺമെന്റിൽ നിന്നുള്ള ഗ്രാൻന്റിന് വേണ്ടിയുള്ള ആപ്ലിക്കേഷൻ സമർപ്പിച്ചു.
- കർഷക കമ്പനികളിൽ അംഗങ്ങളെ ചേർക്കുന്നതിന് വേണ്ടി ഓരോ ബ്ലോക്കിലും കോർണർ മീറ്റിങ്ങുകൾ നടന്നുവരുന്നു.

**സംരംഭകത്വ പരിശീലനം**

കൂൺ കൃഷി, ആട്, തേനീച്ച, കോഴി വളർത്തൽ എന്നീ സംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ, പത്തു ദിവസം നീണ്ടു നിന്ന പരിശീലനപരിപാടി കുരിശുമട്ട യൂണിറ്റിൽ പൂർത്തിയാക്കി. പരിശീലന പരിപാടിയിൽ പങ്കെടുത്ത എല്ലാ

സംരംഭകർക്കും പി. ഡി. എസ് ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**വനജ്യോതിസ്**

**പദ്ധതിപ്രദേശം:** കോഴിമല,കണ്ണംപടി, കൊമ്പുകുത്തി ട്രൈബൽ കോളനികൾ.

ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ക്കൊണ്ട് നടപ്പിലാക്കി വരുന്ന വനജ്യോതിസ് പദ്ധതിയിലുൾ പ്പെടുത്തി ഈ മാസം നടപ്പിലാക്കിയ ആക്ടിവിറ്റികൾ

1. മഴവെള്ള സംഭരണി : 1
2. കല്ലു കയ്യാല : 1242 $m^2$

**പരിശീലനപരിപാടി**

വനജ്യോതിസ് പദ്ധതിയുടെ ഭാഗമായി 3 വിഷയങ്ങളിലായി ട്രെയിനിങ്ങുകൾ നടത്തി. ഇതിൽ 46 ആളുകൾ പങ്കെടുത്തു.

**ഓറിയന്റേഷൻ പരിശീലനം നൽകി**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കാഞ്ഞിരപ്പള്ളി റീജനിൽ ഉൾപ്പെട്ട കൂവപ്പള്ളി യൂണിറ്റിൽ ഫാ. ഇമ്മാനുവേൽ മടുക്കക്കുഴിയുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ കാഞ്ഞിര പ്പള്ളി റീജനൽ കോഡിനേറ്റർ ശ്രീമതി ഷാന്റി റോണി ഓറിയന്റേഷൻ ക്ലാസ്സ് നടത്തി. യൂണിറ്റിൽനിന്നും 80 വനിതകൾ ക്ലാസിൽ പങ്കെടുത്തു.

**സാമ്പത്തിക സഹായങ്ങൾ**

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റി വഴിയായും, പി.ഡി.എസ് ഫാമിലി കെയർ പ്രോഗ്രാം ആയ സേവ് എ ഫാമിലി പ്ലാൻ വഴിയായും ഈ മാസം നൽകിയ സാമ്പത്തിക സഹായങ്ങൾ: വരുമാനദായക പ്രവർത്തനങ്ങൾക്ക് 40000/-, ഭവന നിർമ്മാണം 276360/-, ചികിത്സാ സഹായം 59600/-, വിദ്യാഭ്യാസ സഹായം 252389/-, മറ്റ് സഹായങ്ങൾ 13000/-

**കൗൺസിലിംഗ് സേവനം**


പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി 29 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസലിങ് സേവനം ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി ഡി എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ ഈ മാസം 271 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി 2 യൂണിറ്റുകളിൽ ആയി 2 പേർക്ക് 17445/- രൂപ വിതരണം ചെയ്തു.

1. സന്യാസിയോട : 9000/-
2. രാജഗിരി : 8445/-

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**ഒക്ടോബർ 2021**

02 പൊടിമറ്റം എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നാല് സന്യാസ അർത്ഥിനികൾക്ക് സഭാവസ്ത്രം നൽകി.

03 നെയ്യാട്ടുശ്ശേരി സെന്റ് ജോർജ് ഇടവകയിൽ 50-ാം വിവാഹ വാർഷികവും 25-ാം വിവാഹവാർഷികവും ആഘോഷിക്കുന്ന ദമ്പതികൾക്കുവേണ്ടി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

04 കുന്നുംഭാഗം എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പൊൻകുന്നം ജനമൈത്രി പോലിസിന്റെയും പാലാ Blood donation forum -ത്തിന്റെയും ആഭിമുഖ്യത്തിൽ നടന്ന സന്യാസിനികളുടെ രക്തദാനക്യാമ്പ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

4-10 ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്ന കാവുകാട്ട് കൺവെൻഷനിൽ സന്ദേശം നൽകി.

05 തിരുവനന്തപുരം വിളപ്പിൽശാലയിൽ വച്ച് നടന്ന തിരുവനന്തപുരം സാരഥി സോണിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു സന്ദേശം നൽകി.

06 അമല കമ്മ്യൂണിക്കേഷന്റെ പുതിയതായി ആരംഭിച്ച വിഷ്വൽ സ്റ്റുഡിയോയുടെ വെഞ്ചിരിപ്പു കർമ്മം നിർവഹിച്ചു.

07 കണയങ്കവയൽ ഇടവകയിൽ നിര്യാതയായ അന്നമ്മ പന്നമാക്കലിന്റെ ഭവനത്തിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

– പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സഹ്യാദ്രി ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

09 മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

– കെ.സി.എസ്.എൽ.ന്റെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ ലീഡേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

– പാസ്റ്ററൽ കൗൺസിലിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

10 ചെന്നാക്കുന്ന് സെന്റ് ജോർജ് ഇടവകയിൽ ഇടവകദിനത്തോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

11 കാഞ്ചിയാർ ഇടവകയിൽ ബഹു. ജസ്റ്റിൻ പഴേപറമ്പിലച്ചന്റെ നിര്യാതയായ സഹോദരി മോളി ഇരുപ്പക്കാട്ടിന്റെ ഭവനത്തിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

12 തമ്പലക്കാട് ഇടവകയിൽ നിര്യാതനായ ചാക്കോ പുൽത്തകിടിയേലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– St. John of God Brothers - ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച "നാം സോദരർ" എന്ന ചാക്രികലേഖനത്തിന്റെ ഓൺലൈൻ പഠനശിബിരത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

13 ദീപികയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

14 AKCC - യുടെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന Eye donation camp-ൽ പങ്കെടുത്ത് സന്ദേശം നൽകി.

15 പാലമ്പ്ര CMC മഠത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

16 പൊൻകുന്നം ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

17 കത്തീഡ്രൽ ഇടവകയിൽ വി. കുർബാന അർപ്പിച്ച് ആഗോള സിനഡിന് ഒരുക്കമായി തിരി തെളിച്ചു.

18 കത്തീഡ്രൽ ഇടവകയിൽ മനഃസമ്മതം നടത്തി.

19 ഏന്തയാർ, കൂട്ടിക്കൽ പ്രദേശങ്ങളിലെ ദുരിതബാധിതപ്രദേശങ്ങളിൽ സന്ദർശനം നടത്തി.

20 പഴയകൊരട്ടി, അഞ്ചിലിപ്പ, ദുരിതബാധിതപ്രദേശങ്ങളിൽ സന്ദർശനം നടത്തി.

- നല്ലതണ്ണി ഇടവകയിൽ നിര്യാതയായ മദർ ലില്ലി തെരേസ് OSB യുടെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

21 മുണ്ടക്കയം അഴങ്ങാട് ദുരിതബാധിതപ്രദേശങ്ങളിൽ സന്ദർശനം നടത്തി.

22 പാസ്റ്ററൽ സെന്ററിൽ വച്ച് Inmates gathering - ൽ പങ്കെടുത്തു.

23 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന പ്രൊവിൻഷ്യൽ സിസ്റ്റേഴ്സിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

25 തീക്കോയി ഫൊറോന ഇടവകയിൽ മനഃസമ്മതം നടത്തി.

- ഇൻഫാമിന്റെ നേതൃത്വത്തിൽ പ്രളയബാധിത മേഖലയിലേക്കുള്ള അവശ്യസാധനങ്ങളുമായി നീങ്ങുന്ന വാഹനങ്ങളുടെ flag off കർമ്മം പാറത്തോട് എം.ഡി.എസ്.ൽ വച്ച് നടത്തി.

- അമൽജ്യോതി എഞ്ചിനീയറിംഗ് കോളജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

26 പൊടിമറ്റം തിരുഹൃദയ സന്യാസിനി സഭയുടെ പ്രൊവിൻഷ്യൽ ഹൗസിൽ സിൽവർ ജൂബിലി ആഘോഷിക്കുന്ന സന്യാസിനികൾക്കു വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന രൂപതാ ആലോചനാസമിതിയുടെയും ധനകാര്യസമിതിയുടെയും സംയുക്തയോഗത്തിൽ പങ്കെടുത്തു.

- പ്രളയദുരിതാശ്വാസപദ്ധതിയുടെ പ്രഖ്യാപനത്തിനായുള്ള പ്രസ്സ് കോൺഫ്രൻസിൽ പങ്കെടുത്തു.

27 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന Presbytery Council - ൽ പങ്കെടുത്തു.

28 Bishop’s - ന്റെ ഓൺലൈൻ മാസധ്യാനത്തിൽ പങ്കെടുത്തു.

29 പാസ്റ്ററൽ സെന്ററിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

30 വെളിച്ചിയാനി ഇടവകയിൽ ഒരു മനഃസമ്മതം നടത്തി.

- കോട്ടയം ദീപിക ഓഫീസിൽ വച്ച് നടന്ന ദീപിക ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.
- അഴങ്ങാട് ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

31 സെന്റ് ഡോമിനിക്സ് കോളേജിന്റെ ഹോസ്റ്റലിലെ ചാപ്പലിന്റെ കൂദാശ നിർവഹിച്ചു.

## മാർ മാത്യു അറയ്ക്കൽ

## ഒക്ടോബർ 2021

02 വിശുദ്ധ ഫ്രാൻസീസ് അസ്സിസ്സിയുടെയും വിശുദ്ധ കൊച്ചു ത്രേസ്യായുടെയും തിരുന്നാളിനോടനുബന്ധിച്ച് പോത്തുപാറ സെന്റ് ജൂഡ് കുരിശുപള്ളിയിൽ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി.

05 എലിക്കുളം സെറിനിറ്റി ഹോമിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി.

09 കുന്നുംഭാഗം സെന്റ് ജോസഫ് ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

10 മുളങ്കുന്ന് ഇൻഫന്റ് ജീസസ് ദൈവാലയത്തിൽ ആഘോഷമായ വി. കുർബാനസ്വീകരണത്തിൽ അഭിവന്ദ്യ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു.

12 കാഞ്ചിയാർ സെന്റ് മേരീസ് ദൈവാലയത്തിൽ ബഹു. ജസ്റ്റിൻ പഴയപറമ്പിലച്ചന്റെ സഹോദരിയുടെ സംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.


20 നല്ലതണ്ണി നവജ്യോതി ബനഡിക്ടൈൻ കോൺവെന്റിൽ പരേതയായ റവ. സി. ലില്ലി തെരേസ് OSB ക്കായി ഒപ്പീസ് നടത്തി.

24 പാലാ രൂപത മണിയംകുളം സെന്റ് ജോസഫ് ദൈവാലയത്തിൽ പരേതയായ കരോട്ടുപുള്ളോലിൽ ത്രേസ്യാമ്മ മാത്യുവിന്റെ മൃതസംസ്ക്കാര ശുശ്രൂഷ നടത്തി.

25 അമൽജ്യോതി കോളജിന്റെ Governing Body Meeting - ൽ അഭിവന്ദ്യ പിതാവ് സംബന്ധിച്ചു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## November - 2021

| Date | Programme | Place | Time |
|---|---|---|---|
| 3 | Baptism<br>Merit day | Kattappana | 11:00 am |
| 4 | Jubilee Qurbana | Assisi Bhavan Kappadu | 10:30 am |
| 6 | Marriage | Palapra | 11:00 am |
| 8 | Ordination | Idukki | 9:15 am |
| 15 | Online Meeting | | |
| 17 | Holy Qurbana | CMC Provincial House | 6:30 am |
| 20 | Holy Qurbana<br>& Presbytery Blessing | Enthayar | 4:00 pm |
| 21 | Synaxis | FCC Provincial House | 10:00 am |
| 22 | Holy Qurbana | Cathedral | 6:40 am |
| 23 | Baptism | Vandanpathal | 3:30 pm |
| 24 | Holy Qurbana | FCC Provincial House | 6:30 am |
| 26 | LRC Online meeting | | 6:00 pm |
| 27 | Holy Qurbana | SABS Provincial House | 11:00 am |
| 28 | Holy Qurbana | Cathedral | 7:00 am |
| 29 | Cemetry Chappel Blessing | Vandanpathal | 3.30 pm |



amala
OFFSET PRESS

BOOKS • MAGAZINE • BROCHURE • FLYERS • NEWSLETTER

Opp. Federal Bank, Thampalakadu Road,
Kanjirapally 686 507,Kottayam Dt. Kerala
Phone : 04828 20 46 54 amalapressd@gmail.com

# 2021 നവംബർ – പള്ളിക്കൂദാശ കാലം

| | | |
|---|---|---|
| 1 | തിങ്കൾ | യാക്കോ 3:6–12; ലൂക്കാ 20:1–8 |
| 2 | ചൊവ്വ | ഹെബ്രാ. 6:1–6, ലൂക്കാ 21:1–4 |
| 3 | ബുധൻ | യാക്കോ 1:19–25, ലൂക്കാ. 8:26–39 |
| 4 | വ്യാഴം | വെളി. 3:8–13, മത്താ. 9:35–38 |
| 5 | വെള്ളി | 1 പത്രോ 1:13–20, ലൂക്കാ. 19:1–10 |
| 6 | ശനി | ശ്ലീഹ 10:9–16, ലൂക്കാ. 5:1–11 |
| **7** | **ഞായർ** | **പള്ളിക്കൂദാശ രണ്ടാം ഞായർ**<br>പുറ. 40:1–16, 1 രാജാ. 8:22–29,<br>ഹെബ്രാ. 8:1–6, മത്താ. 12:1–13 |
| 8 | തിങ്കൾ | 2 കോറി. 4:11–15, മത്താ. 19:16–22 |
| 9 | ചൊവ്വ | 1 കോറി. 4:1–5, യോഹ. 6:47–53 |
| 10 | ബുധൻ | 2 കോറി. 11:7–15, മർക്കോ. 10:28–30 |
| 11 | വ്യാഴം | 2 കോറി. 11:16–21, ലൂക്കാ. 10:8–16 |
| 12 | വെള്ളി | ഗലാ. 4:12–20, യോഹ. 14:1–7 |
| 13 | ശനി | 3 യോഹ. 5–12, ലൂക്കാ. 22:24–30 |
| **14** | **ഞായർ** | **പള്ളിക്കൂദാശ മൂന്നാം ഞായർ**<br>സംഖ്യ 9:15–18, ഏശ. 54:1–10,<br>ഹെബ്രാ. 9:5–15, യോഹ. 2:13–22 |
| 15 | തിങ്കൾ | ഹെബ്രാ. 13:9–16, ലൂക്കാ. 11:1–4 |
| 16 | ചൊവ്വ | യൂദാ. 17–25, ലൂക്കാ. 8:1–3 |
| 17 | ബുധൻ | കൊളോ. 3:22–25, മത്താ. 16:21–28 |
| 18 | വ്യാഴം | വെളി. 19:5–10, മത്താ. 22:1–14 |
| 19 | വെള്ളി | വെളി. 19:11–16, യോഹ. 18:28–37 |
| 20 | ശനി | വെളി. 21:9–14, ലൂക്കാ. 9:10–17 |
| **21** | **ഞായർ** | **പള്ളിക്കൂദാശ നാലാം ഞായർ**<br>**(മിശിഹായുടെ രാജത്വ തിരുനാൾ)**<br>1 രാജാ. 6:11–19, എസെ. 43:1–7,<br>ഹെബ്രാ. 9:16–28, മത്താ. 22:41–46 |
| 22 | തിങ്കൾ | വെളി. 4:1–11, മത്താ. 6:19–21 |
| 23 | ചൊവ്വ | 1 തെസ. 4:1–8, മർക്കോ. 5:25–34 |
| 24 | ബുധൻ | ഹെബ്രാ. 1:1–4, മർക്കോ. 12:18–27 |
| 25 | വ്യാഴം | 1 പത്രോ 1:3–7, യോഹ. 17:12–19 |
| 26 | വെള്ളി | വെളി 14:1–7, ലൂക്കാ 19:45–48 |
| 27 | ശനി | 1 പത്രോ 4:1–10, യോഹ. 12:37–43 |
| **28** | **ഞായർ** | **മംഗലവാർത്ത ഒന്നാം ഞായർ**<br>ഉത്പ. 17:15–22, ഏശ. 43:1–7,10–11<br>എഫേ. 5:21–6:4, ലൂക്കാ. 1:5–25 |
| 29 | തിങ്കൾ | ഗലാ. 3:9–14, ലൂക്കാ. 9:37–43a |
| 30 | ചൊവ്വ | റോമാ 10:9–18, മത്താ. 4:18–22 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654